# ഇസ്‌ലാമിക വിശ്വാസ സംഗ്രഹം

ഏറ്റവും വിശാലമായ കരുണയുള്ളവനും കരുണ ചൊരിയുന്നവനുമായ അല്ലാഹുവിൻറെ നാമത്തിൽ

# ആമുഖം

എല്ലാ സ്തുതിയും അല്ലാഹുവിനാകുന്നു. അവനെ നാം സ്തുതിക്കുകയും അവനോട് നാം സഹായം ചോദിക്കുകയും പാപമോചനം തേടുകയും അവനിലേക്ക് ഖേദിച്ചുമടങ്ങുകയും ചെയ്യുന്നു.നമ്മുടെ മനസിന്റെ തിന്മകളിൽ നിന്നും മോശം പ്രവർത്തനങ്ങളിൽ നിന്നും അല്ലാഹുവിലേക്ക് നാം അഭയം തേടുന്നു.അല്ലാഹു ആരെ സന്മാർഗത്തിലാക്കിയോ അവനെ വഴിപിഴപ്പിക്കാൻ ആരുമില്ല. അല്ലാഹു ആരെ വഴികേടിലാക്കിയോ അവനെ നേരായ വഴിയിൽ നടത്താനും ആരും തന്നെയില്ല.അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലെന്നും അവൻ ഏകനാണെന്നും അവന് യാതൊരു പങ്കുകാരുമില്ലെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.മുഹമ്മദ് ﷺ അല്ലാഹുവിന്റെ അടിമയും റസൂലുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അവിടുത്തേക്കും കുടുംബത്തിനും അനുചരന്മാർക്കും അവരെ കൃത്യമായി പിൻപറ്റിയവർക്കും മേൽ അല്ലാഹുവിന്റെ സ്വലാത്തും സലാമും ഉണ്ടാകുമാറാകട്ടെ.

തൗഹീദിനെക്കുറിച്ചുള്ള അറിവ് ഏറ്റവും ശ്രേഷ്ഠമായ വിജ്ഞാനമാകുന്നു. ഉന്നത സ്ഥാനമാണ് അതിനുള്ളത്. അത് പഠിക്കുക ഏറ്റവും നിർബന്ധമായ കാര്യമാകുന്നു. കാരണം ആ വിജ്ഞാനമെന്നാൽ അത് അല്ലാഹുവിനെക്കുറിച്ചും അവന്റെ നാമങ്ങളെക്കുറിച്ചും വിശേഷണങ്ങളെക്കുറിച്ചും അവനോടുള്ള അടിമകളുടെ ബാധ്യതയെക്കുറിച്ചുമുള്ള വിജ്ഞാനമാണ്. അല്ലാഹുവിലേക്കുള്ള വഴിയുടെ താക്കോലും അവന്റെ

മതനിയമങ്ങളുടെ അടിത്തറയും തൗഹീദീ വിജ്ഞാനം തന്നെ.

അതുകൊണ്ടാണ് അല്ലാഹുവിന്റെ മുഴുവൻ റസൂലുകളും അതിലേക്ക് ജനങ്ങളെ ക്ഷണിച്ചത്. അല്ലാഹു പറയുന്നു:

﴿وَمَآ أَرۡسَلۡنَا مِن قَبۡلِكَ مِن رَّسُولٍ إِلَّا نُوحِيٓ إِلَيۡهِ أَنَّهُۥ لَآ إِلَٰهَ إِلَّآ أَنَا۠ فَٱعۡبُدُونِ﴾ [الأنبياء: ٢٥].

"ഞാനല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. അതിനാൽ എന്നെ (മാത്രം) നിങ്ങൾ ആരാധിക്കുക എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ (നബിയേ,) താങ്കൾക്ക് മുൻപ് ഒരു റസൂലിനെയും നാം നിയോഗിച്ചിട്ടില്ല. "(അൽ അൻബിയാഅ്: 25).

അല്ലാഹു ഏകനാണ് എന്നതിന് അവൻ തന്നെ സാക്ഷ്യം വഹിച്ചിരിക്കുന്നു. അവന്റെ മലക്കുകളും വിജ്ഞാനം ലഭിച്ചവരും അതിന് സാക്ഷികളാണ്. അല്ലാഹു പറയുന്നു:

﴿شَهِدَ ٱللَّهُ أَنَّهُۥ لَآ إِلَٰهَ إِلَّا هُوَ وَٱلۡمَلَٰٓئِكَةُ وَأُوْلُواْ ٱلۡعِلۡمِ قَآئِمَۢا بِٱلۡقِسۡطِۚ لَآ إِلَٰهَ إِلَّا هُوَ ٱلۡعَزِيزُ ٱلۡحَكِيمُ﴾ [آل عمران: ١٨].

"അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല എന്നതിന് അല്ലാഹു സാക്ഷ്യം വഹിച്ചിരിക്കുന്നു. മലക്കുകളും അറിവുള്ളവരും സാക്ഷ്യം വഹിച്ചിരിക്കുന്നു. അവൻ നീതി നിലനിർത്തുന്നവനാണ് (എന്നതിനും സാക്ഷ്യം വഹിച്ചിരിക്കുന്നു.) മഹാ പ്രതാപിയും യുക്തിമാനുമായ അവനല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല."(ആലു ഇമ്രാൻ: 18)

ഇത്രമാത്രം പ്രാധാന്യമുള്ള കാര്യമാണ് തൗഹീദ്. അതിനാൽ ഓരോ മുസ്ലിമും തൗഹീദ് പഠിക്കുകയും പഠിപ്പിക്കുകയും തൗഹീദിനെക്കുറിച്ച് ഉറ്റാലോചിക്കുകയും അതിൽ വിശ്വസിക്കുകയും ചെയ്യുക നിർബന്ധമാണ്. എങ്കിൽ മാത്രമേ അവന്റെ മതത്തിന്റെ അടിത്തറ

ഭദ്രമാവുകയുള്ളൂ. അത് സുരക്ഷിതവും അചഞ്ചലവും ആയി നിൽക്കാൻ അത് കൂടിയേ തീരൂ. തൗഹീദിന്റെ ഫലങ്ങൾ നേടി സൗഭാഗ്യമടയാൻ എങ്കിൽ മാത്രമെ സാധിക്കൂ.

അല്ലാഹുവാണ് തൗഫീഖ് ഏകുന്നവൻ

ഗ്രന്ഥകാരൻ

## ഇസ്‌ലാം

**അ**ല്ലാഹു മുഹമ്മദ് നബി ﷺ യെ ഏതൊരു മതവുമായിട്ടാണോ നിയോഗിച്ചത് അതാണ് ഇസ്‌ലാം. മുൻപ് അല്ലാഹു മനുഷ്യർക്കേകിയ മതസംഹിതകളെല്ലാം ഇസ്‌ലാം മുഖേന അല്ലാഹു പൂർത്തിയാക്കിയിരിക്കുന്നു. അല്ലാഹു അവന്റെ അടിമകൾക്കുവേണ്ടി പൂർത്തീകരിച്ച മതമാണ് ഇസ്‌ലാം. അത് മുഖേന അല്ലാഹു അവന്റെ അനുഗ്രഹം സമ്പൂർണമാക്കിയിരിക്കുന്നു. മതമായി ഇസ്‌ലാമിനെ അല്ലാഹു തൃപ്തിപ്പെട്ടിരിക്കുന്നു. അതല്ലാതെ മറ്റൊരു മതവും ഒരാളിൽ നിന്നും അവൻ സ്വീകരിക്കുകയില്ല. അല്ലാഹു പറഞ്ഞതത് നോക്കൂ:

﴿مَّا كَانَ مُحَمَّدٌ أَبَآ أَحَدٍ مِّن رِّجَالِكُمْ وَلَٰكِن رَّسُولَ ٱللَّهِ وَخَاتَمَ ٱلنَّبِيِّـۧنَ ۗ وَكَانَ ٱللَّهُ بِكُلِّ شَىْءٍ عَلِيمًا﴾ [الأحزاب: ٤٠].

"മുഹമ്മദ് നിങ്ങളിൽ ഒരു പുരുഷന്റെയും പിതാവല്ല. മറിച്ച്, അല്ലാഹുവിന്റെ റസൂലും നബിമാരിൽ അന്തിമനുമാണ്. അല്ലാഹു എല്ലാ കാര്യങ്ങളെക്കുറിച്ചും ഏറ്റവും നന്നായി അറിയുന്നവനാകുന്നു."(അൽ അഹ്സാബ്: 40).

അല്ലാഹു പറയുന്നു:

﴿ٱلْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِى وَرَضِيتُ لَكُمُ ٱلْإِسْلَٰمَ دِينًا ۚ﴾ [المائدة: ٣].

"ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തീകരിച്ചുതന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് നിറവേറ്റിത്തരികയും ഇസ്‌ലാമിനെ മതമായി നിങ്ങൾക്ക് ഞാൻ തൃപ്തിപ്പെട്ടു തരികയും ചെയ്തിരിക്കുന്നു."(അൽ മാഇദഃ: 3)

അല്ലാഹു പറയുന്നു:

﴿إِنَّ ٱلدِّينَ عِندَ ٱللَّهِ ٱلْإِسْلَٰمُ﴾ [آل عمران: ١٩].

"തീർച്ചയായും അല്ലാഹുവിങ്കൽ മതമെന്നാൽ ഇസ്‌ലാമാകുന്നു."(ആലു ഇമ്രാൻ: 19)

അല്ലാഹു പറയുന്നു:

﴿وَمَن يَبْتَغِ غَيْرَ ٱلْإِسْلَٰمِ دِينًا فَلَن يُقْبَلَ مِنْهُ وَهُوَ فِى ٱلْءَاخِرَةِ مِنَ ٱلْخَٰسِرِينَ﴾ [آل عمران: ٨٥].

"ആരെങ്കിലും ഇസ്‌ലാം അല്ലാത്തതിനെ മതമായി തേടിയാൽ അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുകയില്ല. പരലോകത്ത് അവൻ നഷ്ടം പറ്റിയവരുടെ കൂട്ടത്തിലായിരിക്കും."(ആലു ഇമ്രാൻ: 85)

ഈ മതം സ്വീകരിച്ചുകൊണ്ട് അല്ലാഹുവിന് കീഴൊതുങ്ങുക എന്നതാണ് സകലമനുഷ്യരുടെ മേലും അല്ലാഹു നിർബന്ധമാക്കിയിട്ടുള്ളത്. അല്ലാഹു അവന്റെ റസൂലിനെ അഭിസംബോധന ചെയ്തുകൊണ്ട് പറയുന്നു:

﴿قُلْ يَٰٓأَيُّهَا ٱلنَّاسُ إِنِّى رَسُولُ ٱللَّهِ إِلَيْكُمْ جَمِيعًا ٱلَّذِى لَهُۥ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۖ لَآ إِلَٰهَ إِلَّا هُوَ يُحْىِۦ وَيُمِيتُ ۖ فَـَٔامِنُوا۟ بِٱللَّهِ وَرَسُولِهِ ٱلنَّبِىِّ ٱلْأُمِّىِّ ٱلَّذِى يُؤْمِنُ بِٱللَّهِ وَكَلِمَٰتِهِۦ وَٱتَّبِعُوهُ لَعَلَّكُمْ تَهْتَدُونَ﴾ [الأعراف: ١٥٨].

"പറയുക: ഓ ജനങ്ങളേ! ഞാൻ നിങ്ങൾ മുഴുവൻ പേരിലേക്കുമുള്ള അല്ലാഹുവിന്റെ ദൂതനാകുന്നു. ഏതൊരുവന്നാണോ ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യമുള്ളത് (അവന്റെ ദൂതൻ.) അവനല്ലാതെ

ആരാധനക്കർഹനായി മറ്റാരുമില്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ അല്ലാഹുവിലും അവന്റെ നിരക്ഷരനായ ഈ നബിയിലും നിങ്ങൾ വിശ്വസിക്കുക. അദ്ദേഹം അല്ലാഹുവിലും അവന്റെ വചനങ്ങളിലും വിശ്വസിക്കുന്നു. സന്മാർഗം പ്രാപിക്കുവാനായി അദ്ദേഹത്തെ നിങ്ങൾ പിൻപറ്റുക."(അൽ അഅ്റാഫ്: 158)

സ്വഹീഹു മുസ്‌ലിമിൽ വന്ന ഒരു ഹദീഥ് ഇപ്രകാരമാണ്: അബൂഹുറൈറ (رَضِيَ اللَّهُ عَنْهُ) പറയുന്നു: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞിരിക്കുന്നു:"മുഹമ്മദിന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെ സത്യം! ഈ സമുദായത്തിലെ യഹൂദിയോ നസ്രാനിയോ ആരുമാകട്ടെ, ആരാണോ എന്നെക്കുറിച്ച് കേൾക്കുകയും എന്നിട്ട് ഞാൻ നിയോഗിക്കപ്പെട്ട കാര്യമേതോ അതിൽ വിശ്വസിക്കാതെ മരണപ്പെടുകയും ചെയ്യുന്നത് അവൻ നരകാവകാശികളിൽ ഉൾപ്പെടുക തന്നെ ചെയ്യുന്നതാകുന്നു."

നബി ﷺ യിൽ വിശ്വസിക്കുകയെന്നാൽ അവിടുന്ന് കൊണ്ടുവന്ന കാര്യം സ്വീകരിക്കുകയും അതിന് കീഴൊതുങ്ങുകയും ചെയ്തുകൊണ്ട് അതിനെ സത്യപ്പെടുത്തുക എന്നതാണ്. അല്ലാതെ കേവലമൊരു ശരിവെക്കൽ മാത്രം കൊണ്ട് കാര്യമില്ല. അതുകൊണ്ടാണ് അബൂ ത്വാലിബിനെ നബി ﷺ യിൽ വിശ്വസിച്ചവരുടെ കൂട്ടത്തിൽ എണ്ണാത്തത്. അദ്ദേഹമാകട്ടെ നബിയുടെ മതത്തെ ശരിവെച്ചിരുന്നു. അതാണ് മതങ്ങളിൽ ഏറ്റവും നല്ല മതം എന്ന് അബൂ ത്വാലിബ് സാക്ഷ്യം വഹിച്ചിരുന്നു.

മുൻകഴിഞ്ഞ മതസംഹിതകളിലെ സകല നന്മകളെയും ഇസ്‌ലാം ഉൾക്കൊണ്ടിരിക്കുന്നു. എന്നാൽ അവക്കൊന്നുമില്ലാത്ത പ്രത്യേകതകൾ ഇസ്‌ലാമിനുണ്ട്.

അതിലൊന്ന്: ഇസ്‌ലാം ഏതുകാലത്തേക്കും ഏതു നാട്ടിലേക്കും ഏതു സമൂഹത്തിനും യോജിച്ചതാണ് എന്നതാകുന്നു. അല്ലാഹു അവന്റെ റസൂലിനെ അഭിസംബോധന ചെയ്തുകൊണ്ട് പറയുന്നു:

﴿وَأَنزَلْنَآ إِلَيْكَ ٱلْكِتَٰبَ بِٱلْحَقِّ مُصَدِّقًا لِّمَا بَيْنَ يَدَيْهِ مِنَ ٱلْكِتَٰبِ وَمُهَيْمِنًا عَلَيْهِ﴾ [المائدة: ٤٨].

"നാം സത്യവും കൊണ്ട് ഈ ഗ്രന്ഥം നിനക്ക് അവതരിപ്പിച്ചുതന്നിരിക്കുന്നു. ഇതിനുമുമ്പുള്ള ഗ്രന്ഥങ്ങളെ സത്യപ്പെടുത്തുന്ന നിലയിലും അവയ്ക്ക് മേൽ വിധിപറയുകയും ചെയ്യുന്ന നിലയിലുമാകുന്നു അത്"(അൽ മാഇദഃ: 48)

ഇസ്‌ലാം ഏതുകാലത്തേക്കും ഏതു നാട്ടിലേക്കും ഏതു സമൂഹത്തിനും യോജിച്ചതാണ് എന്നു പറഞ്ഞാൽ അതിനർത്ഥം ഇസ്‌ലാം മുറുകെപ്പിടിക്കുകയെന്നത് ഒരു കാലത്തെയും ഒരു നാട്ടിലെയും സമൂഹങ്ങളുടെ നന്മകൾക്ക് വിരുദ്ധമാവുകയില്ല എന്നാണ്. മറിച്ച് ഇസ്‌ലാമിലാണ് അവരുടെ നന്മയുള്ളത്. അല്ലാതെ ഏതു നാട്ടിലെയും ഏതു കാലത്തെയും ആളുകൾക്ക് ഇസ്‌ലാമിനെ തങ്ങളുടെ താൽപര്യങ്ങൾക്കനുസരിച്ച് വളച്ചൊടിക്കാം എന്നല്ല അതിനർത്ഥം. അങ്ങനെയാണ് ചിലയാളുകൾ ഈ വാചകം കൊണ്ടുദ്ദേശിക്കുന്നത്.

ഇസ്‌ലാമാണ് സത്യമതം. അത് യഥാവിധി മുറുകെപ്പിടിക്കുന്നവർക്ക് അല്ലാഹു അവന്റെ സഹായം ഉറപ്പ് നൽകിയിരിക്കുന്നു. ഇസ്‌ലാമിന് മറ്റ് ആദർശങ്ങൾക്ക് മേൽ വിജയം നൽകുന്നതാണ് എന്നതും അവൻ ഏറ്റിട്ടുള്ള കാര്യമാണ്. അല്ലാഹു പറയുന്നു:

﴿هُوَ ٱلَّذِىٓ أَرْسَلَ رَسُولَهُۥ بِٱلْهُدَىٰ وَدِينِ ٱلْحَقِّ لِيُظْهِرَهُۥ عَلَى ٱلدِّينِ كُلِّهِۦ وَلَوْ كَرِهَ ٱلْمُشْرِكُونَ﴾ [الصف: ٩].

"അവനാകുന്നു സന്മാർഗവും സത്യമതവുമായി തന്റെ റസൂലിനെ അയച്ചത്. മുഴുവൻ മതങ്ങൾക്കും മേൽ അതിനെ വിജയിപ്പിക്കുവാൻ വേണ്ടി; മുശ്രിക്കുകൾക്ക് അത് അനിഷ്ടകരമായാലും ശരി."(അസ്സ്വഫ്ഫ്: 9)

അല്ലാഹു പറയുന്നു:

﴿وَعَدَ ٱللَّهُ ٱلَّذِينَ ءَامَنُواْ مِنكُمۡ وَعَمِلُواْ ٱلصَّٰلِحَٰتِ لَيَسۡتَخۡلِفَنَّهُمۡ فِي ٱلۡأَرۡضِ كَمَا ٱسۡتَخۡلَفَ
ٱلَّذِينَ مِن قَبۡلِهِمۡ وَلَيُمَكِّنَنَّ لَهُمۡ دِينَهُمُ ٱلَّذِي ٱرۡتَضَىٰ لَهُمۡ وَلَيُبَدِّلَنَّهُم مِّنۢ بَعۡدِ خَوۡفِهِمۡ أَمۡنٗاۚ
يَعۡبُدُونَنِي لَا يُشۡرِكُونَ بِي شَيۡـٔٗاۚ وَمَن كَفَرَ بَعۡدَ ذَٰلِكَ فَأُوْلَٰٓئِكَ هُمُ ٱلۡفَٰسِقُونَ﴾ [النور: ٥٥].

"നിങ്ങളിൽ നിന്ന് വിശ്വസിച്ചവർക്കും സൽകർമങ്ങൾ പ്രവർത്തിച്ചവർക്കും അല്ലാഹു വാഗ്ദാനം നൽകിയിരിക്കുന്നു; അവർക്ക് മുമ്പുള്ളവർക്ക് അവൻ ഭൂമിയിൽ അധികാരം നൽകിയതു പോലെ അവർക്കും അവൻ അധികാരം നൽകുകതന്നെ ചെയ്യുന്നതാണ്. അവർക്കവൻ തൃപ്തിപ്പെട്ടു നൽകിയ മതമേതോ അത് സൗകര്യപ്പെടുത്തി നൽകുന്നതാണ്. ഭയപ്പാടിന് ശേഷം നിർഭയത്വം അവർക്കവൻ പകരമായി നൽകുന്നതാണ്. അവർ എന്നെമാത്രം ആരാധിക്കുകയും എന്നോട് യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും ചെയ്യുന്നവരായിരിക്കണം. അതിനുശേഷം ആരാണോ നിഷേധം കാണിക്കുന്നത് അവർ തന്നെയാണ് അധർമകാരികൾ."(അന്നൂർ: 55)

ഇസ്‌ലാം ദീൻ എന്നാൽ അഖീദയും ശരീഅത്തുമാണ്. അഖീദയെന്നാൽ വിശ്വാസകാര്യങ്ങളും ശരീഅത്തെന്നാൽ നിയമസംഹിതയുമാണ്. ഇസ്‌ലാമിന്റെ അഖീദയും ശരീഅത്തും സമ്പൂർണമാകുന്നു.

1- ഇസ്‌ലാം തൗഹീദ് (അല്ലാഹുവിന്റെ ഏകത്വം അംഗീകരിക്കുക) കൽപിക്കുന്നു. ഇസ്‌ലാം ശിർക്ക്

(അല്ലാഹുവിനോട് അവനല്ലാത്തവയെ പങ്കുചേർക്കുക) വിലക്കുന്നു.

2) സത്യസന്ധത പാലിക്കുവാൻ കൽപിക്കുന്നു. കളവ് വിലക്കുന്നു.

3) നീതി പാലിക്കാൻ കൽപിക്കുന്നു. അനീതി വിലക്കുന്നു. നീതിയെന്നാൽ സമാനമായ കാര്യങ്ങളെ ഒരുപോലെ പരിഗണിക്കുകയും ഭിന്നമായ കാര്യങ്ങളെ വേർതിരിച്ചു കാണുകയും ചെയ്യലാണ്. നിരുപാധികം എല്ലാത്തിനെയും ഒരുപോലെ കാണുക എന്നതല്ല നീതി. അങ്ങനെയാണ് ചിലർ തെറ്റിദ്ധരിച്ചിട്ടുള്ളത്. ഇസ്‌ലാം സമത്വത്തിന്റെ മതമാണ് എന്ന് അവർ ഒരു ഉപാധിയുമില്ലാതെ പറഞ്ഞുകളയും. അത് ശരിയല്ല. ഭിന്നമായ കാര്യങ്ങളെ സമഭാവനയോടെ കാണുക നീതിയല്ല. അത് അനീതിയാണ്. ഇസ്‌ലാം അത് പഠിപ്പിച്ചിട്ടില്ല. അതൊരിക്കലും പ്രശംസനീയമായ സംഗതിയേയല്ല.

4) വിശ്വസ്തത പാലിക്കാൻ കൽപിക്കുന്നു. വഞ്ചന വിലക്കുന്നു.

5) കരാറുകൾ പൂർണമായി പാലിക്കാൻ കൽപിക്കുന്നു. ചതി വിലക്കുന്നു.

6) മാതാപിതാക്കൾക്ക് നന്മ ചെയ്യാൻ കൽപിക്കുന്നു. അവരെ ദ്രോഹിക്കുന്നത് വിലക്കുന്നു.

7) കുടുംബബന്ധങ്ങൾ ചേർക്കാൻ കൽപിക്കുന്നു. അത് വിച്ഛേദിക്കാൻ പാടില്ലെന്ന് പഠിപ്പിക്കുന്നു.

8) നല്ല അയൽവാസിയായിരിക്കാൻ കൽപിക്കുന്നു. അയൽവാസിയോട് മോശമായി പെരുമാറുന്നത് വിലക്കുന്നു.

ചുരുക്കിപ്പറഞ്ഞാൽ ഇസ്‌ലാം എല്ലാ ശ്രേഷ്ഠമായ സ്വഭാവഗുണങ്ങളും പാലിക്കാൻ കൽപിക്കുന്നു.

വിലകുറഞ്ഞ ഏതൊരു സ്വഭാവവും ഇസ്‌ലാം വിലക്കുന്നു. എല്ലാ സത്കർമവും പഠിപ്പിക്കുന്നു. എല്ലാ ചീത്ത പ്രവർത്തനങ്ങളും പാടില്ലെന്ന് പറയുന്നു.

അല്ലാഹു പറയുന്നു:

﴿إِنَّ ٱللَّهَ يَأۡمُرُ بِٱلۡعَدۡلِ وَٱلۡإِحۡسَٰنِ وَإِيتَآيِٕ ذِي ٱلۡقُرۡبَىٰ وَيَنۡهَىٰ عَنِ ٱلۡفَحۡشَآءِ وَٱلۡمُنكَرِ وَٱلۡبَغۡيِۚ يَعِظُكُمۡ لَعَلَّكُمۡ تَذَكَّرُونَ﴾ [النحل: ٩٠].

"തീർച്ചയായും അല്ലാഹു നീതിയും നന്മയും ബന്ധു ജനങ്ങൾക്ക് (ഉപകാരങ്ങൾ) നൽകാനും കൽപിക്കുന്നു. അവൻ മ്ലേച്ഛതകളും തിന്മകളും അക്രമവും വിലക്കുന്നും. നിങ്ങൾ ചിന്തിക്കുവാനായി അവൻ നിങ്ങൾക്ക് സദുപദേശം നൽകുന്നു."(അന്നഹ്ൽ: 90)

## അർകാനുൽ ഇസ്‌ലാം

**അ**ർകാനുൽ ഇസ്‌ലാം എന്നാൽ ഇസ്‌ലാമിന്റെ അടിത്തറയാണ്. ഇസ്‌ലാം പണിതുയർത്തപ്പെട്ടിരിക്കുന്നത് അതിന്മേലാണ്. അവ അഞ്ചു കാര്യങ്ങളാണ്.അബ്ദുല്ലാഹിബ്നു ഉമർ (رَضِيَ ٱللَّهُ عَنْهُمَا) നബി ﷺ യിൽ നിന്നുദ്ധരിച്ച പ്രസിദ്ധമായ ഹദീഥിൽ ഈ അഞ്ചുകാര്യങ്ങളും പരാമർശിക്കപ്പെട്ടിട്ടുണ്ട്: നബി ﷺ പറഞ്ഞു: "ഇസ്‌ലാം പണിതുയർത്തപ്പെട്ടിരിക്കുന്നത് അഞ്ചു കാര്യങ്ങളിന്മേലാണ്: അല്ലാഹുവിനെ ഏകനാക്കുക (ചില രിവായത്തുകളിൽ: "അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലെന്നും മുഹമ്മദ് അല്ലാഹുവിന്റെ അടിമയും റസൂലുമാണെന്നും സാക്ഷ്യം വഹിക്കുക), നിസ്കാരം നിലനിർത്തുക, സകാത്ത് കൊടുക്കുക, റമദാനിൽ നോമ്പെടുക്കുക, ഹജ്ജ് ചെയ്യുക." ഇതുകേട്ടപ്പോൾ ഒരാൾ അബ്ദുല്ലാഹിബ്നു ഉമറിനോട്

ചോദിച്ചു: "ഹജ്ജ് ചെയ്യുക, റമദാനിൽ നോമ്പെടുക്കുക" എന്നല്ലേ? അപ്പോൾ അദ്ദേഹം പറഞ്ഞു: അല്ല! "റമദാനിൽ നോമ്പെടുക്കുക, ഹജ്ജ് ചെയ്യുക." അങ്ങനെയാണ് അല്ലാഹുവിന്റെ റസൂലി ﷺ ൽ നിന്ന് ഞാൻ കേട്ടത്.

1- അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലെന്നും മുഹമ്മദ് ﷺ അല്ലാഹുവിന്റെ അടിമയും റസൂലുമാണെന്നും സാക്ഷ്യം വഹിക്കുക: അഥവാ അക്കാര്യം അടിയുറച്ചു വിശ്വസിക്കുകയും നാവ് കൊണ്ട് പ്രഖ്യാപിക്കുകയും ചെയ്തു കൊണ്ട് സാക്ഷ്യം വഹിക്കുക. നേരിട്ട് കാണുന്നവനെപ്പോലെ അക്കാര്യം ഉറപ്പിക്കണം. ഒന്നിലധികം കാര്യങ്ങളെക്കുറിച്ചുള്ള സാക്ഷ്യം ഇതിലുണ്ടെങ്കിലും ഒരൊറ്റ ശഹാദത്തായി ഇതിനെ എണ്ണാൻ കാരണമെന്താണ്?

റസൂലാണ് അല്ലാഹുവിന്റെ സന്ദേശം ജനങ്ങൾക്കെത്തിച്ചു നൽകുന്നത്. അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ല എന്ന സാക്ഷ്യം പൂർണമാകുന്നത് മുഹമ്മദ് നബി ﷺ അല്ലാഹുവിന്റെ അടിമയും റസൂലുമാണെന്ന് സാക്ഷ്യം വഹിക്കുമ്പോൾ മാത്രമാണ്. ഇതാവാം കാരണം.

പ്രവർത്തനങ്ങളെല്ലാം സ്വീകരിക്കപ്പെടുന്നതിനുള്ള അടിസ്ഥാനപരമായ മാനദണ്ഡം ഈ രണ്ട് ശഹാദത്തുകളാണ്. അല്ലാഹുവിനു വേണ്ടി മാത്രം നിഷ്കളങ്കമാക്കുകയും റസൂലി ﷺ നെ പിൻപറ്റിക്കൊണ്ട് പ്രവർത്തിക്കുകയും ചെയ്താലല്ലാതെ ഒരു കർമവും ശരിയാവുകയോ സ്വീകരിക്കപ്പെടുകയോ ചെയ്യുകയില്ല. ഈ രണ്ട് നിബന്ധനകളും ഒത്തുവരണം. രണ്ട് സാക്ഷ്യങ്ങൾ ഒറ്റൊന്നായി എണ്ണാനുള്ള കാരണം ഇതുമാവാം.

ഇഖ്‌ലാസിലൂടെ, അഥവാ, കർമങ്ങളെല്ലാം അല്ലാഹുവിനു വേണ്ടി മാത്രം നിഷ്കളങ്കമാക്കുന്നതിലൂടെയാണ് 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന ശഹാദത്ത് സാക്ഷാത്ക്കരിക്കപ്പെടുന്നത്. മുഹമ്മദ് നബി ﷺ യെ പിൻപറ്റിക്കൊണ്ട് പ്രവർത്തിക്കുമ്പോളാണ് 'മുഹമ്മദുൻ റസൂലുല്ലാഹ്' എന്ന സാക്ഷ്യം സാക്ഷാത്ക്കരിക്കപ്പെടുന്നത്.

ഈ സാക്ഷ്യം മുഖേന ലഭിക്കുന്ന ശ്രേഷ്ഠമായ ചില ഗുണഫലങ്ങളുണ്ട്: ഹൃദയത്തെയും ശരീരത്തെയും സൃഷ്ടികളോടുള്ള അടിമത്തത്തിൽ നിന്നും മോചിപ്പിക്കുകയും, അല്ലാഹുവിന്റെ ദൂതന്മാരല്ലാത്തവരോടുള്ള വിധേയത്വത്തിൽ നിന്നും സ്വതന്ത്രമാക്കുകയും ചെയ്യുക എന്നത് അതിലൊന്നാണ്.

2- നിസ്കാരം നിലനിർത്തുക: അഥവാ അല്ലാഹുവിനുള്ള ആരാധന എന്ന നിലക്ക് നിസ്കാരം അതിന്റെ സമയത്ത് നിശ്ചിത രൂപത്തിൽ സ്ഥിരമായി നിർവഹിക്കുക.

നിസ്കാരം മുഖേന ലഭിക്കുന്ന സൽഫലങ്ങൾ അനേകമാണ്. ഹൃദയവിശാലതയും കൺകുളിർമയും അതുമുഖേന ലഭിക്കും. നീചവും മോശവുമായ കാര്യങ്ങളിൽ നിന്നും നിസ്കാരം മനുഷ്യരെ തടയുന്നതാണ്.

3- സകാത്ത് കൊടുത്തുവീട്ടുക: അഥവാ അല്ലാഹുവിനുള്ള ആരാധന എന്ന നിലക്ക് സകാത്ത് ബാധകമാകുന്ന സമ്പത്തിന്റെ നിശ്ചിത ഓഹരി അവകാശപ്പെട്ടവർക്ക് നൽകുക.

ഏറെ പ്രയോജനങ്ങൾ സകാത്ത് മുഖേന ലഭിക്കും. പിശുക്കെന്ന തരംതാണ സ്വഭാവത്തിൽ നിന്ന് മനസിനെ ശുദ്ധീകരിക്കാൻ സകാത് കൊണ്ട് കഴിയുന്നു. ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും ആവശ്യങ്ങൾ അത് മുഖേന നിറവേറുകയും ചെയ്യുന്നു.

4- റമദാനിലെ നോമ്പ്: അല്ലാഹുവിനുള്ള ആരാധന എന്ന നിലക്ക് റമദാനിന്റെ പകൽ മുഴുവൻ നോമ്പ് മുറിയുന്ന കാര്യങ്ങളിൽ നിന്ന് വിട്ടുനിൽക്കുക.

പ്രിയങ്കരമായ കാര്യങ്ങൾ അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി ത്യജിക്കാൻ മനസിനെ പരിശീലിപ്പിക്കുകയെന്നത് നോമ്പിന്റെ സൽഫലങ്ങളിലൊന്നാകുന്നു.

5- ഹജ്ജ്: അല്ലാഹുവിനുള്ള ഇബാദത് എന്ന നിലക്ക് ഹജ്ജിന്റെ നിശ്ചിതകർമങ്ങൾ നിർവഹിക്കുവാൻ വേണ്ടി മസ്ജിദുൽ ഹറാം ലക്ഷ്യമാക്കി ചെല്ലുക.

അല്ലാഹുവിനെ അനുസരിക്കുന്ന വിഷയത്തിൽ സമ്പത്ത് ചെലവഴിക്കുകയും സ്വദേഹം കൊണ്ട് അധ്വാനിക്കുകയും ചെയ്യാൻ മനസിനെ പരിശീലിപ്പിക്കുകയെന്നത് ഹജ്ജിന്റെ പ്രയോജനങ്ങളിലൊന്നാണ്. അതുകൊണ്ടാണ് ഹജ്ജ് അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദിന്റെ ഇനങ്ങളിലൊന്നായി എണ്ണപ്പെട്ടിട്ടുള്ളത്.

ഇസ്‌ലാമിന്റെ അടിത്തറയാകുന്ന ഈ കാര്യങ്ങൾക്ക് നാമീ വിവരിച്ചതും അല്ലാത്തതുമായ ധാരാളം ഫലങ്ങളുണ്ട്. അവ ജനങ്ങൾക്കിടയിൽ ഇസ്‌ലാമിക സമൂഹത്തെ പരിശുദ്ധമായ ഒരു സമൂഹമാക്കിത്തീർക്കുന്നു. അല്ലാഹുവിന് ശരിയായ ദീൻ മുഖേന വിധേയരാകുന്ന ഒരു സമൂഹം! ലോകരോട് നീതിയുടെയും സത്യസന്ധതയോടെയും മാത്രം ഇടപെടുന്ന ഉത്തമസമുദായം!കാരണം ഈ അടിത്തറകൾ നേരെയായാൽ അതുമുഖേന ഇസ്‌ലാമിന്റെ ബാക്കിയുള്ള അടയാളങ്ങളെല്ലാം നേരെയാകുന്നതാണ്. ഉമ്മത്തിന്റെ അവസ്ഥാവിശേഷങ്ങൾ നന്നാവുക അവരുടെ മതകാര്യങ്ങൾ നന്നാവുന്നതിലൂടെയാണ്. ദീനിന്റെ കാര്യങ്ങളിൽ എത്രമാത്രം വീഴ്ച വരുന്നുവോ അതിന്റെ തോതനുസരിച്ച് സമുദായത്തിന്റെ അവസ്ഥ മോശമാകും.

അക്കാര്യം വ്യക്തമാകാൻ അല്ലാഹുവിന്റെ ഈ വചനം വായിക്കുക:

﴿وَلَوۡ أَنَّ أَهۡلَ ٱلۡقُرَىٰٓ ءَامَنُواْ وَٱتَّقَوۡاْ لَفَتَحۡنَا عَلَيۡهِم بَرَكَٰتٖ مِّنَ ٱلسَّمَآءِ وَٱلۡأَرۡضِ وَلَٰكِن كَذَّبُواْ فَأَخَذۡنَٰهُم بِمَا كَانُواْ يَكۡسِبُونَ ٩٦ أَفَأَمِنَ أَهۡلُ ٱلۡقُرَىٰٓ أَن يَأۡتِيَهُم بَأۡسُنَا بَيَٰتٗا وَهُمۡ نَآئِمُونَ ٩٧ أَوَأَمِنَ أَهۡلُ ٱلۡقُرَىٰٓ أَن يَأۡتِيَهُم بَأۡسُنَا ضُحٗى وَهُمۡ يَلۡعَبُونَ ٩٨ أَفَأَمِنُواْ مَكۡرَ ٱللَّهِۚ فَلَا يَأۡمَنُ مَكۡرَ ٱللَّهِ إِلَّا ٱلۡقَوۡمُ ٱلۡخَٰسِرُونَ﴾ [الأعراف: ٩٦-99].

"ആ നാടുകളിൽ കഴിയുന്നവർ വിശ്വസിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്തിരുന്നുവെങ്കിൽ ആകാശത്തുനിന്നും ഭൂമിയിൽ നിന്നും നാമവർക്ക് അനുഗ്രഹങ്ങൾ തുറന്നുകൊടുക്കുമായിരുന്നു. എന്നാൽ അവർ നിഷേധിച്ചു തള്ളുകയാണുണ്ടായത്. അങ്ങനെ അവർ പ്രവർത്തിച്ചുകൊണ്ടിരുന്നത് കാരണത്താൽ നാമവരെ പിടികൂടി. അതല്ല, അവർ ഉറങ്ങിക്കൊണ്ടിരിക്കെ രാത്രി നമ്മുടെ ശിക്ഷ ബാധിക്കുന്നതിനെക്കുറിച്ച് ആ നാടുകളിൽ കഴിയുന്നവർ നിർഭയരായിരിക്കുകയാണോ? അതല്ല, അവർ വിനോദത്തിലേർപ്പെട്ടുകൊണ്ടിരിക്കെ മദ്ധ്യാഹ്നനേരം നമ്മുടെ ശിക്ഷ ബാധിക്കുന്നതിനെക്കുറിച്ച് ആ നാടുകളിൽ കഴിയുന്നവർ നിർഭയരായിരിക്കുകയാണോ? (അനുഗ്രഹങ്ങളേകുകയും സമയം നീട്ടിനൽകുകയും പൊടുന്നനെ ശിക്ഷിക്കുകയും ചെയ്യുന്ന) അല്ലാഹുവിന്റെ തന്ത്രത്തെക്കുറിച്ച് അവർ നിർഭയരായിരിക്കുകയാണോ? നഷ്ടക്കാരായ ജനതയല്ലാതെ അല്ലാഹുവിന്റെ തന്ത്രത്തെക്കുറിച്ച് നിർഭയരായിരിക്കുകയില്ല."(അൽ അഅ്റാഫ്: 96-99)

ചരിത്രത്തിലേക്ക് കണ്ണോടിക്കുക! ബുദ്ധിയുള്ളവർക്ക് ചരിത്രത്തിൽ ഗുണപാഠമുണ്ട്. ഹൃദയം മറക്കുള്ളിലായി ചിന്താശേഷി നഷ്ടപ്പെടാത്തവർക്ക് അതിൽ കണ്ണുതുറപ്പിക്കുന്ന അധ്യാപനങ്ങളുണ്ട്.

# ഇസ്‌ലാമിക വിശ്വാസത്തിന്റെ അടിത്തറകൾ

നാം നേരത്തെ വിശദീകരിച്ചതുപോലെ ഇസ്‌ലാം എന്നത് അഖീദയും ശരീഅത്തുമാണ്. ശരീഅത്തിലെ ചില കാര്യങ്ങളും അതിന്റെ അടിത്തറകളാകുന്ന സംഗതികളും നാം സൂചിപ്പിച്ചുകഴിഞ്ഞു.

ഇസ്‌ലാമിക അഖീദയുടെ അടിത്തറകൾ താഴെ പറയുന്നു: അല്ലാഹുവിലുള്ള വിശ്വാസം, അവന്റെ മലക്കുകളിലുള്ള വിശ്വാസം, അവന്റെ ഗ്രന്ഥങ്ങളിലുള്ള വിശ്വാസം, അവന്റെ ദൂതന്മാരിലുള്ള വിശ്വാസം, അന്ത്യദിനത്തിലുള്ള വിശ്വാസം, നന്മയും തിന്മയുമാകുന്ന കാര്യങ്ങൾ അല്ലാഹുവിന്റെ വിധിയാൽ സംഭവിക്കുന്നതാണെന്ന വിശ്വാസം.

ഖുർആനിലും സുന്നത്തിലും ഈ അടിത്തറകൾക്ക് തെളിവുകൾ വന്നിട്ടുണ്ട്.

ഖുർആനിൽ വന്നത് കാണുക:

﴿لَّيۡسَ ٱلۡبِرَّ أَن تُوَلُّواْ وُجُوهَكُمۡ قِبَلَ ٱلۡمَشۡرِقِ وَٱلۡمَغۡرِبِ وَلَٰكِنَّ ٱلۡبِرَّ مَنۡ ءَامَنَ بِٱللَّهِ وَٱلۡيَوۡمِ ٱلۡأٓخِرِ وَٱلۡمَلَٰٓئِكَةِ وَٱلۡكِتَٰبِ وَٱلنَّبِيِّـۧنَ﴾ [البقرة: ١٧٧].

"നിങ്ങളുടെ മുഖങ്ങൾ കിഴക്കോ പടിഞ്ഞാറോ തിരിക്കുക എന്നതല്ല നന്മ. മറിച്ച്, നന്മയെന്നാൽ അല്ലാഹുവിലും അന്ത്യദിനത്തിലും മലക്കുകളിലും വേദഗ്രന്ഥങ്ങളിലും നബിമാരിലും ആര് വിശ്വസിച്ചോ (അതാണ്)."(അൽ ബഖറഃ: 177)

ഖദറിനെ (അല്ലാഹുവിന്റെ വിധിയെ) കുറിച്ച് അല്ലാഹു പറയുന്നു:

﴿إِنَّا كُلَّ شَيۡءٍ خَلَقۡنَٰهُ بِقَدَرٖ ٤٩ وَمَآ أَمۡرُنَآ إِلَّا وَٰحِدَةٞ كَلَمۡحِۭ بِٱلۡبَصَرِ﴾ [القمر: ٤٩-50].

"എല്ലാം നാം ഒരു ഖദർ അനുസരിച്ച് സൃഷ്ടിച്ചിരിക്കുന്നു. നമ്മുടെ കാര്യമെന്നാൽ കണ്ണിമ വെട്ടുന്ന പോലെ ഒരൊറ്റൊന്ന് മാത്രമാകുന്നു."(അൽ ഖമർ: 49-50)

ഈ വിശ്വാസ കാര്യങ്ങൾ നബി ﷺ യുടെ സുന്നത്തിലും പരാമർശിക്കപ്പെട്ടിരിക്കുന്നു. ഒരിക്കൽ ജിബ്‌രീൽ നബി ﷺ യുടെ അരികിൽ വരികയും ഈമാൻ എന്താണെന്ന് നബി ﷺ യോട് ചോദിക്കുകയും ചെയ്തു. അതിന് അവിടുന്ന് ഇപ്രകാരം മറുപടി പറയുകയുണ്ടായി:"ഈമാൻ എന്നാൽ നീ അല്ലാഹുവിലും അവൻ്റെ മലക്കുകളിലും അവൻ്റെ ഗ്രന്ഥങ്ങളിലും ദൂതന്മാരിലും അന്ത്യദിനത്തിലും വിശ്വസിക്കലും ഖദ്റിൽ -അതിലെ നന്മയിലും തിന്മയിലും- വിശ്വസിക്കലുമാണ്."

## അല്ലാഹുവിലുള്ള വിശ്വാസം

അല്ലാഹുവിലുള്ള വിശ്വാസത്തിൽ നാല് കാര്യങ്ങൾ ഉൾക്കൊള്ളുന്നു.

ഒന്ന്: അല്ലാഹു ഉണ്ട് എന്ന വിശ്വാസം.

അല്ലാഹു ഉണ്ട് എന്നതിന് എണ്ണിയാലൊടുങ്ങാത്ത തെളിവുകളുണ്ട്. മനുഷ്യൻ്റെ ശുദ്ധപ്രകൃതിയും ബുദ്ധിയും മതപ്രമാണങ്ങളും പഞ്ചേന്ദ്രിയങ്ങളും അല്ലാഹു ഉണ്ടെന്നറിയിക്കുന്നു.

1- ഫിത്വ്റത്തിൽ (മനുഷ്യൻ്റെ ശുദ്ധപ്രകൃതിയിൽ) തന്നെയുള്ള തെളിവ്: ഓരോ പടപ്പും സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് തൻ്റെ സ്രഷ്ടാവിൽ വിശ്വാസമുള്ള അവസ്ഥയിലാണ്. അതിന് മുന്നോടിയായി വല്ല ആലോചനയോ അധ്യാപനമോ വേണ്ടതില്ല. ഇതൊന്നുമില്ലാതെ ഓരോ സൃഷ്ടിക്കും അതിൻ്റെ സ്രഷ്ടാവായ അല്ലാഹുവിൽ വിശ്വാസമുണ്ട്. ഈ

ശുദ്ധപ്രകൃതിയിൽ നിന്ന് പുറത്തുപോവുക ഈ സത്യത്തിന് വിരുദ്ധമായ കാര്യം പിന്നീട് ഹൃദയത്തിൽ കടന്നുകൂടിയവർ മാത്രമാണ്.നബി ﷺ പറഞ്ഞിരിക്കുന്നു: "ഓരോ കുഞ്ഞും ജനിക്കുന്നത് ശുദ്ധപ്രകൃതിയിലാണ്. അവന്റെ മാതാപിതാക്കളാണ് അവനെ യഹൂദിയോ നസ്രാനിയോ അഗ്നിയാരാധകനോ ആക്കിത്തീർക്കുന്നത്."

2- ബുദ്ധി അല്ലാഹു ഉണ്ടെന്നറിയിക്കുന്നു. കാരണം, ഈ കാണുന്ന സൃഷ്ടികളെല്ലാം -അതിൽ നിലവിലുള്ളതും കഴിഞ്ഞുപോയതുമെല്ലാം- ഒരു സ്രഷ്ടാവിലാതെ എങ്ങനെയുണ്ടാകാനാണ്. അതിനെല്ലാം ഒരു സ്രഷ്ടാവ് കൂടിയേതീരൂ. കാരണം, അവയ്ക്കൊന്നും സ്വയം സൃഷ്ടിക്കുക സാധ്യമല്ല. യാദൃച്ഛികമായി അവയെല്ലാം ഉണ്ടായിത്തീരുകയുമില്ല.

സൃഷ്ടികൾ സ്വയം സൃഷ്ടിച്ചതല്ല. കാരണം, ഒരു വസ്തുവിനും തന്നെത്തന്നെ നിർമിക്കാൻ കഴിയില്ല. കാരണം സൃഷ്ടിക്കപ്പെടുന്നതിന് മുൻപ് അങ്ങനെയൊരു വസ്തു ലോകത്തില്ല. ശൂന്യതയാണുള്ളത്. പിന്നെങ്ങനെ അത് സ്രഷ്ടാവാകും?!

യാദൃച്ഛികമായി പൊടുന്നനെ ഉണ്ടായതുമല്ല. കാരണം, നേരത്തെ ഇല്ലാതിരുന്ന, പിന്നീടുണ്ടായ ഏതൊരു കാര്യത്തിന് പിന്നിലും അതിനെ സംഭവ്യമാക്കിയ ഒരുവൻ ഉണ്ടായേ പറ്റൂ.ഇത്രയും കൃത്യമായ ഘടനയോടെ, പരസ്പരം പൊരുത്തപ്പെട്ട് പോകുന്ന യോജിപ്പോടെ ഈ സൃഷ്ടികൾ ഇവിടെ നിലനിൽക്കുന്നു. അതിലെ കാര്യങ്ങളും അവയുടെ കാരണങ്ങളുമെല്ലാം പരസ്പര ബന്ധിതമായി കാണാം. പ്രപഞ്ചത്തിലെ ഓരോ ഭാഗങ്ങളും ഇങ്ങനെയാണ് നിലകൊള്ളുന്നത്. ഇതെല്ലാം യാദൃച്ഛികമായി സംഭവിക്കുകയെന്നത് തീർത്തും അസാധ്യമാണ്. ഇത്ര

കൃത്യമായി ഒരു കാര്യം തനിയെ ഉണ്ടായിത്തീരുക എന്നത് തന്നെ അസംഭവ്യമാണ്. പിന്നെങ്ങനെ ഈ കൃത്യതയോടെ പ്രപഞ്ചം നിലനിൽക്കുകയും വികസിക്കുകയും ചെയ്യും?

ഈ സൃഷ്ടികൾ സ്വയം സൃഷ്ടിച്ചതല്ല. തനിയെ ഉണ്ടായതുമല്ല എന്ന് വ്യക്തമായി. പിന്നെങ്ങനെ ഇതെല്ലാം ഉണ്ടായി? ഒരു സ്രഷ്ടാവ് അവയെ സൃഷ്ടിച്ചു എന്നതല്ലാതെ മറ്റൊരു ഉത്തരവുമില്ല. അവനാണ് സർവ ലോകരുടെയും രക്ഷിതാവായ അല്ലാഹു!

ബുദ്ധിപരവും ഖണ്ഡിതവുമായ ഈ തെളിവ് പരിശുദ്ധ ഖുർആനിൽ സൂറത്തു ത്വൂറിൽ അല്ലാഹു വിവരിച്ചിട്ടുണ്ട്. അവൻ പറയുന്നു:

﴿أَمۡ خُلِقُواْ مِنۡ غَيۡرِ شَيۡءٍ أَمۡ هُمُ ٱلۡخَٰلِقُونَ﴾ [الطور: ٣٥].

"അതല്ല, യാതൊന്നുമില്ലാതെ അവർ സൃഷ്ടിക്കപ്പെട്ടതാണോ? അതല്ല, അവർ തന്നെയാണോ സൃഷ്ടികർത്താക്കൾ?" (ത്വൂർ: 35).

അതായത് ഒരു സ്രഷ്ടാവില്ലാതെ അവർ തനിയെ ഉണ്ടായതല്ല. അവരെ സൃഷ്ടിച്ചത് അവർ തന്നെയുമല്ല. എങ്കിൽ അവരെ സൃഷ്ഠിച്ചവൻ അല്ലാഹുവാണ്. അതല്ലാതെ മറ്റൊരു ഉത്തരത്തിന് പഴുതില്ല.ജുബൈർ ബ്നു മുത്വ്ഇം (رَضِيَ ٱللَّهُ عَنْهُ) റസൂൽ ﷺ സൂറത്തു ത്വൂർ പാരായണം ചെയ്യുന്നത് കേൾക്കുകയുണ്ടായി. അങ്ങനെ ഈ ആയത്തുകളെത്തി:

﴿أَمۡ خُلِقُواْ مِنۡ غَيۡرِ شَيۡءٍ أَمۡ هُمُ ٱلۡخَٰلِقُونَ ٣٥ أَمۡ خَلَقُواْ ٱلسَّمَٰوَٰتِ وَٱلۡأَرۡضَۚ بَل لَّا يُوقِنُونَ ٣٦ أَمۡ عِندَهُمۡ خَزَآئِنُ رَبِّكَ أَمۡ هُمُ ٱلۡمُصَۜيۡطِرُونَ﴾ [الطور: ٣٥-37].

"അതല്ല, യാതൊന്നുമില്ലാതെ അവർ സൃഷ്ടിക്കപ്പെട്ടതാണോ? അതല്ല, അവർ തന്നെയാണോ സൃഷ്ടികർത്താക്കൾ? അതല്ല, അവരാണോ

ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചത്? അല്ല, അവർ ഉറച്ചുവിശ്വസിക്കുന്നില്ല. അതല്ല, നിന്റെ റബ്ബിന്റെ ഖജനാവുകൾ അവരുടെ പക്കലാണോ ഉള്ളത്? അതല്ല, അവരാണോ അധികാരികൾ?" (ത്വൂർ: 35-37).

ജുബൈർ അന്ന് മുസ്‌ലിമായിരുന്നില്ല, മുശ്‌രിക്കായിരുന്നു. ആ ആയത്തുകൾ കേട്ടതിനെക്കുറിച്ച് അദ്ദേഹം പറഞ്ഞു: "എന്റെ ഹൃദയം പാറിപ്പോകുമെന്ന് എനിക്ക് തോന്നിപ്പോയി. എന്റെ ഹൃദയത്തിൽ ആദ്യമായി സത്യവിശ്വാസം സ്ഥാനം പിടിച്ചത് അന്നായിരുന്നു."

കാര്യം കൂടുതൽ വ്യക്തമാകാൻ ഈ ഉദാഹരണം ശ്രദ്ധിക്കുക: ഒരു വലിയ കൊട്ടാരത്തെക്കുറിച്ച് ഒരാൾ നിന്നോട് പറഞ്ഞുവെന്ന് സങ്കല്പിക്കുക. അതിനുചുറ്റും മനോഹരമായ പൂന്തോട്ടങ്ങളുണ്ട്. അവയ്ക്കിടയിലൂടെ അരുവികളൊഴുകുന്നു. കൊട്ടാരത്തിൽ കട്ടിലുകളും മെത്തകളുമുണ്ട്. എല്ലാ വിധ ഉപകരണങ്ങളും സൗകര്യങ്ങളും അലങ്കാരങ്ങളും അതിൽ സംവിധാനിച്ചിട്ടുണ്ട്.എന്നിട്ടയാൾ പറയുകയാണ്. ഈ കൊട്ടാരം തന്നെയാണ് അതിനെ നിർമിച്ചത്. അല്ലെങ്കിൽ അവയെല്ലാം തനിയെ ഉണ്ടായതാണ് എന്ന്. നീയെന്തു മറുപടി പറയും? അവന്റെ കഥ തള്ളിക്കളയാനും നിഷേധിക്കാനും ഒരു നിമിഷം നീ ശങ്കിച്ചു നിൽക്കുകയില്ല. വിഡ്ഢിത്തമെന്നാണ് നീയതിനെ വിലയിരുത്തുക.ശരി! എങ്കിൽ ഈ വിശാലമായ പ്രപഞ്ചവും അതിലെ ഭൂമിയും ആകാശവും ഗോളങ്ങളും അവസ്ഥാവിശേഷങ്ങളും അവയുടെയെല്ലാം മനോഹരമായ ഘടനയും നീ നോക്കുക. മറ്റൊരു സ്രഷ്ടാവിലാതെ അവ സ്വയം സൃഷ്ടിച്ചതാണെന്നോ തനിയെ ഉണ്ടായതാണെന്നോ ഉള്ള വാദം എങ്ങനെ ശരിയാകും?

3- മതപ്രമാണങ്ങൾ അല്ലാഹു ഉണ്ടെന്നറിയിക്കുന്നു: അല്ലാഹു അവതരിപ്പിച്ച ഗ്രന്ഥങ്ങളെല്ലാം അത് പഠിപ്പിക്കുന്നു. ആ ഗ്രന്ഥങ്ങളിൽ വന്നിട്ടുള്ള വിധവിലക്കുകളെല്ലാം നീതിപൂർവകവും സൃഷ്ടികൾക്കെല്ലാം നന്മയായി ഭവിക്കുന്നതുമാണ്. അങ്ങേയറ്റം യുക്തിമാനും പടപ്പുകൾക്ക് നന്മയാകുന്ന കാര്യമേതെന്ന് ഏറ്റവും നന്നായി അറിയുന്നവനുമായ റബ്ബിൽ നിന്ന് അവതീർണമായതാണ് ആ ഗ്രന്ഥങ്ങൾ എന്ന സത്യം അതിലൂടെ മനസിലാക്കാം.ആ ഗ്രന്ഥങ്ങളിൽ പ്രപഞ്ചത്തിലെ ധാരാളം കാര്യങ്ങളെക്കുറിച്ചുള്ള വിവരണങ്ങൾ വന്നിട്ടുണ്ട്. അവയെല്ലാം സത്യമാണെന്നത് അനുഭവയാഥാർഥ്യമാണ്. താനറിയിച്ച കാര്യങ്ങൾ സൃഷ്ടിക്കാൻ കഴിവുള്ള ഒരു റബ്ബിൽ നിന്ന് അവതീർണമായതാണ് അവ എന്ന് ഇതിലൂടെ തെളിയുന്നു.

4- അല്ലാഹു ഉണ്ടെന്ന സത്യം പഞ്ചേന്ദ്രിയങ്ങൾ അറിയിച്ചു തരുന്നുണ്ട്. ഇത് രണ്ട് നിലക്കാണ്.

ഒന്ന്: പ്രാർത്ഥിക്കുന്നവർക്ക് ഉത്തരം ലഭിക്കുന്നതും പ്രയാസമനുഭവിക്കുന്നവർക്ക് സഹായം ലഭിക്കുന്നതും നാം കേൾക്കുകയും കാണുകയും ചെയ്യുന്നു. അല്ലാഹു ഉണ്ടെന്നതിനുള്ള ഖണ്ഡിതമായ തെളിവാണിത്. അല്ലാഹു പറയുന്നു:

﴿وَنُوحًا إِذْ نَادَىٰ مِن قَبْلُ فَٱسْتَجَبْنَا لَهُۥ﴾ [الأنبياء: ٧٦].

"നൂഹ് മുൻപ് (നമ്മെ) വിളിച്ചുതേടുകയുണ്ടായി. നാം അപ്പോൾ അദ്ദേഹത്തിന് ഉത്തരമേകി."(അൽ അൻബിയാഅ്: 76)

അല്ലാഹു പറയുന്നു: "നിങ്ങൾ നിങ്ങളുടെ റബ്ബിനോട് സഹായം തേടിയ സന്ദർഭം! അപ്പോൾ അവൻ നിങ്ങൾക്ക് ഉത്തരമേകി." (അൽ അൻഫാൽ: 9).

ഇമാം ബുഖാരി അനസ് ബ്നു മാലികി (رَضِيَ ٱللَّهُ عَنْهُ) ൽ നിന്നുദ്ധരിക്കുന്ന ഒരു ഹദീഥ് ഇപ്രകാരമാണ്: ഒരു ഗ്രാമീണനായ അറബി ഒരിക്കൽ നബി ﷺ പ്രസംഗിച്ചുകൊണ്ടിരിക്കെ കയറിവന്നു: അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! സമ്പത്തെല്ലാം നശിച്ചു! കുടുംബം പട്ടിണിയിലാണ്. അതിനാൽ അല്ലാഹുവിനോട് ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചാലും. അപ്പോൾ അവിടുന്ന് ﷺ കരങ്ങളുയർത്തുകയും പ്രാർത്ഥിക്കുകയും ചെയ്തു. അതാ! പർവതങ്ങൾക്ക് സമാനമായ മേഘങ്ങൾ പാറിവരുന്നു. നബി ﷺ മിമ്പറിൽ നിന്ന് താഴെയിറങ്ങുമ്പോൾ അവിടുത്തെ താടി മഴയിൽ കുതിർന്നിരുന്നു.

അടുത്ത ജുമുഅ ദിനം അതേ ഗ്രാമീണനായ അറബി -അല്ലെങ്കിൽ മറ്റൊരാൾ- എഴുന്നേറ്റുനിന്നു പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! കെട്ടിടങ്ങൾ തകർന്നു. സമ്പത്തെല്ലാം വെള്ളത്തിൽ മുങ്ങി. അല്ലാഹുവിനോട് ഞങ്ങൾക്കുവേണ്ടി തേടിയാലും. അപ്പോൾ അവിടുന്ന് ﷺ തന്റെ കരങ്ങളുയർത്തുകയും ഇങ്ങനെ പ്രാർത്ഥിക്കുകയും ചെയ്തു: "അല്ലാഹുവേ! (മഴയെ) ഞങ്ങളുടെ ചുറ്റിലുമാക്കേണമേ! ഞങ്ങൾക്കുമേലല്ല." അവിടുന്ന് ﷺ ഏതുഭാഗത്തേക്ക് ചൂണ്ടുമ്പോഴും ആ ഭാഗത്തു നിന്ന് മഴ നീങ്ങിക്കൊണ്ടിരുന്നു.

സത്യസന്ധമായി അല്ലാഹുവിനോട് തേടുകയും ഉത്തരം ലഭിക്കാൻ വേണ്ട നിബന്ധനകൾ പൂർത്തിയാക്കുകയും ചെയ്തവരുടെ പ്രാർത്ഥന അല്ലാഹു സ്വീകരിക്കുമെന്നത് നാം കണ്ടുവരുന്ന യാഥാർഥ്യമാണ്.

രണ്ട്: നബിമാരുടെ മുഅ്ജിസത്തുകൾ എന്ന പേരിൽ അറിയപ്പെടുന്ന ദൃഷ്ടാന്തങ്ങൾ. എത്രയോ ജനങ്ങൾ

അതിന് സാക്ഷികളായിട്ടുണ്ട്. മറ്റുള്ളവർ അതേക്കുറിച്ച് കേൾക്കുകയും ചെയ്തിട്ടുണ്ട്. അവരെ നിയോഗിച്ചവനായ ഒരുവൻ -അല്ലാഹു- ഉണ്ട് എന്നതിനുള്ള ഖണ്ഡിതമായ തെളിവാണത്. കാരണം, ആ ദൃഷ്ടാന്തങ്ങൾ മനുഷ്യന്റെ കഴിവിനപ്പുറത്തുള്ളതാണ്. അല്ലാഹുവാണ് അവന്റെ റസൂലുകളെ പിന്തുണയ്ക്കാനും അവരെ സഹായിക്കാനുമായി അത് സംഭവ്യമാക്കുന്നത്.

മൂസാ നബി (عَلَيْهِ ٱلسَّلَامُ) യോട് തന്റെ വടി കൊണ്ട് കടലിൽ അടിക്കാൻ അല്ലാഹു കൽപിക്കുകയും, അടിച്ചപ്പോൾ കടലിലെ വെള്ളം പർവതങ്ങൾ കണക്കെ മാറിനിൽക്കുകയും നനവില്ലാത്ത പന്ത്രണ്ട് പാതകൾ അവിടെ രൂപപ്പെടുകയും ചെയ്ത സംഭവം അതിലൊന്നാണ്.

﴿فَأَوۡحَيۡنَآ إِلَىٰ مُوسَىٰٓ أَنِ ٱضۡرِب بِّعَصَاكَ ٱلۡبَحۡرَۖ فَٱنفَلَقَ فَكَانَ كُلُّ فِرۡقٖ كَٱلطَّوۡدِ ٱلۡعَظِيمِ﴾ [الشعراء: ٦٣].

"മൂസായ്ക്ക് നാം ബോധനമേകി; നിൻ്റെ വടികൊണ്ട് കടലിൽ അടിക്കുക. അപ്പോളതാ അത് പിളരുകയും ഓരോ ഭാഗവും വൻ പർവതം കണക്കെയാവുകയും ചെയ്യുന്നു."(ശുഅറാഅ്: 63)

മറ്റൊന്ന് ഈസാ നബി (عَلَيْهِ ٱلسَّلَامُ) യുടെ ദൃഷ്ടാന്തമാണ്. അല്ലാഹുവിൻ്റെ അനുമതിയോടെ അവിടുന്ന് മരിച്ചവരെ ജീവിപ്പിക്കുകയും ഖബ്റുകളിൽ നിന്ന് അവരെ പുറത്തുകൊണ്ടുവരികയും ചെയ്യുമായിരുന്നു.

﴿وَأُحۡيِ ٱلۡمَوۡتَىٰ بِإِذۡنِ ٱللَّهِۖ﴾ [آل عمران: ٤٩].

"അല്ലാഹുവിൻ്റെ അനുമതിയോടെ ഞാൻ മരിച്ചവരെ ജീവിപ്പിക്കുന്നു."(ആലു ഇംറാൻ: 49)

അല്ലാഹു ഈസാ നബിയോട് പറഞ്ഞതായി അറിയിക്കുന്നു:

﴿وَإِذۡ تُخۡرِجُ ٱلۡمَوۡتَىٰ بِإِذۡنِيۖ﴾ [المائدة: ١١٠].

"എൻ്റെ അനുമതിയോടെ നീ മരിച്ചവരെ ജീവിപ്പിച്ചിരുന്ന സന്ദർഭം!"(അൽ മാഇദഃ: 110).

മുഹമ്മദ് നബി ﷺ യുടെ ദൃഷ്ടാന്തങ്ങളിലൊന്ന് ഇങ്ങനെയാണ്: അവിടുത്തോട് ഖുറൈശികൾ ഒരു തെളിവ് കാണിച്ചുകൊടുക്കാൻ ആവശ്യപ്പെട്ടു. നബി ﷺ ചന്ദ്രനിലേക്ക് ചൂണ്ടിക്കാണിച്ചു. ചന്ദ്രനതാ രണ്ടുകഷ്ണമായി പിളരുന്നു. ജനങ്ങളെല്ലാം അത് നോക്കിക്കണ്ടു. അതേക്കുറിച്ചാണ് അല്ലാഹു ഇപ്രകാരം പറഞ്ഞത്:

﴿ٱقۡتَرَبَتِ ٱلسَّاعَةُ وَٱنشَقَّ ٱلۡقَمَرُ ۝١ وَإِن يَرَوۡاْ ءَايَةٗ يُعۡرِضُواْ وَيَقُولُواْ سِحۡرٞ مُّسۡتَمِرّٞ﴾ [القمر: ١-2].

"അന്ത്യസമയം അടുത്തു! ചന്ദ്രൻ പിളർന്നു! ഏതൊരു ദൃഷ്ടാന്തം കണ്ടാലും അവർ തിരിഞ്ഞുകളയുകയും '(ഇത്) തുടർന്നുപോകുന്ന ഒരു മാരണമാണ്' എന്നുപറയുകയും ചെയ്യുന്നു."(അൽ ഖമർ: 1-2).

അല്ലാഹു അവൻ്റെ റസൂലുകളെ സഹായിക്കാനും അവരെ പിന്തുണക്കാനുമായി ആർക്കും കാണാവുന്ന തരത്തിൽ നടപ്പിലാക്കുന്ന ഈ അത്ഭുതങ്ങളെല്ലാം അല്ലാഹു ഉണ്ട് എന്നതിനുള്ള സുവ്യക്തമായ തെളിവുകളാകുന്നു.

അല്ലാഹുവിലുള്ള വിശ്വാസത്തിൽ ഉൾക്കൊള്ളുന്ന രണ്ടാമത്തെ കാര്യം അല്ലാഹു മാത്രമാണ് റബ്ബ് എന്നതാണ്. അവനല്ലാതെ മറ്റൊരു രക്ഷിതാവില്ല. അവനൊരു പങ്കുകാരനോ സഹായിയോ ഇല്ല.

റബ്ബ് എന്നാൽ സ്രഷ്ടാവും ഉടമസ്ഥനും ശാസനാധികാരം ഉള്ളവനുമെന്നാണ് അർഥം. അല്ലാഹുവല്ലാതെ സ്രഷ്ടാവില്ല.

അവനല്ലാതെ ഉടമസ്ഥനില്ല. കൽപിക്കാനുള്ള അവകാശം അവനു മാത്രമുള്ളതാണ്. അല്ലാഹു പറഞ്ഞിരിക്കുന്നു:

﴿أَلَا لَهُ ٱلۡخَلۡقُ وَٱلۡأَمۡرُۗ﴾ [الأعراف: ٥٤].

"അറിയുക! സൃഷ്ടിപ്പും ശാസനാധികാരവും അവനു മാത്രമാകുന്നു."(അൽ അഅ്റാഫ്: 54).

അല്ലാഹു തന്നെ പറയുന്നു:

﴿ذَٰلِكُمُ ٱللَّهُ رَبُّكُمۡ لَهُ ٱلۡمُلۡكُۚ وَٱلَّذِينَ تَدۡعُونَ مِن دُونِهِۦ مَا يَمۡلِكُونَ مِن قِطۡمِيرٍ﴾ [فاطر: ١٣].

"അവനാണ് നിങ്ങളുടെ റബ്ബായ അല്ലാഹു. അവനുള്ളതാണ് സർവാധികാരം. അവനുപുറമെ നിങ്ങൾ വിളിച്ചുപ്രാർത്ഥിക്കുന്നവർ ഒരു ഈൗത്തപ്പഴക്കുരുവിൻ്റെ പാട പോലും ഉടമപ്പെടുത്തുന്നില്ല."(ഫാത്വിർ: 13).

താൻ പറയുന്ന കാര്യം ഉള്ളിൽ വിശ്വസിക്കാത്ത അഹങ്കാരി മാത്രമാണ് അല്ലാഹുവാണ് റബ്ബ് എന്ന കാര്യം നിഷേധിക്കുക. ഫിർഔൻ അങ്ങനെയുള്ളവനാണ്.

"ഞാനാകുന്നു നിങ്ങളുടെ അത്യുന്നതനായ റബ്ബ് എന്നവൻ വാദിച്ചു. " (നാസിയാത്: 24).

"ഹേ! പ്രമാണിമാരേ! ഞാനല്ലാതെ മറ്റൊരു ദൈവം നിങ്ങൾക്കുള്ളതായി എനിക്കറിയില്ല" എന്നുമവൻ പറഞ്ഞു. എന്നാൽ യഥാർത്ഥത്തിൽ അതവൻ വിശ്വസിച്ചിരുന്നില്ല. അല്ലാഹു തന്നെ പറഞ്ഞു: "അവരത് നിഷേധിച്ചു. അവരുടെ മനസിലാകട്ടെ അത് (സത്യമാണെന്ന്) അവർക്ക് ഉറപ്പുണ്ടായിരുന്നു. അക്രമവും അഹങ്കാരവും കൊണ്ടാണ് അവരങ്ങനെ ചെയ്തത്." (നംല്: 14).

മൂസാ ഫിർഔനോട് പറഞ്ഞതായി അല്ലാഹു നമ്മെ അറിയിക്കുന്നു:

"കണ്ണുതുറപ്പിക്കുന്ന തെളിവുകളായിക്കൊണ്ട് ഇതെല്ലാം അവതരിപ്പിച്ചത് ആകാശങ്ങളുടെയും ഭൂമിയുടെയും റബ്ബ് തന്നെയാണെന്ന് തീർച്ചയായും നിനക്ക് മനസിലായിട്ടുണ്ട്. ഹേ ഫിർഔൻ! പരാജിതനായിട്ടാണ് നിന്നെ ഞാൻ കരുതുന്നത്." (അൽ ഇസ്റാഅ്: 102)

ഇതുകൊണ്ടാണ് മുശ്രിക്കുകൾ അല്ലാഹുവാണ് റബ്ബ് എന്ന കാര്യം അംഗീകരിക്കുന്നത്. ആരാധനയിൽ അവർ അല്ലാഹുവല്ലാത്തവരെ പങ്കുചേർക്കുന്നുണ്ടെങ്കിലും. അല്ലാഹു പറയുന്നു:

﴿قُل لِّمَنِ ٱلۡأَرۡضُ وَمَن فِيهَآ إِن كُنتُمۡ تَعۡلَمُونَ ۝٨٤ سَيَقُولُونَ لِلَّهِۚ قُلۡ أَفَلَا تَذَكَّرُونَ ۝٨٥ قُلۡ مَن رَّبُّ ٱلسَّمَٰوَٰتِ ٱلسَّبۡعِ وَرَبُّ ٱلۡعَرۡشِ ٱلۡعَظِيمِ ۝٨٦ سَيَقُولُونَ لِلَّهِۚ قُلۡ أَفَلَا تَتَّقُونَ ۝٨٧ قُلۡ مَنۢ بِيَدِهِۦ مَلَكُوتُ كُلِّ شَيۡءٖ وَهُوَ يُجِيرُ وَلَا يُجَارُ عَلَيۡهِ إِن كُنتُمۡ تَعۡلَمُونَ ۝٨٨ سَيَقُولُونَ لِلَّهِۚ قُلۡ فَأَنَّىٰ تُسۡحَرُونَ﴾ [المؤمنون: ٨٤-89].

"ചോദിക്കുക: ആരുടേതാണ് ഭൂമിയും അവയിലുള്ളതുമെല്ലാം? നിങ്ങൾക്കറിയുമെങ്കിൽ (പറയുക). അവർ പറയും: അല്ലാഹുവിന്റേതെന്ന്. നീ ചോദിക്കുക: നിങ്ങൾ ചിന്തിക്കുന്നില്ലേ? ആരാണ് ഏഴ് ആകാശങ്ങളുടെയും മഹത്തായ സിംഹാസനത്തിന്റെയും രക്ഷിതാവ് എന്ന് അവരോട് ചോദിക്കുക. അവർ പറയും: അല്ലാഹുവിന്റേതെന്ന്. നീ ചോദിക്കുക: നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ? നീ ചോദിക്കുക: ആരുടെ കൈയിലാണ് എല്ലാ അധികാരവും? ആരാണ് അഭയം നൽകുന്നത്? ആർക്കെതിരിലാണ് അഭയം നൽകാൻ സാധിക്കാത്തത്. നിങ്ങൾക്കറിയുമെങ്കിൽ (പറയുക). അവർ പറയും: അല്ലാഹുവിന്റേതെന്ന്. നീ ചോദിക്കുക: പിന്നെങ്ങനെയാണ് നിങ്ങൾ തെറ്റിക്കപ്പെടുന്നത്?"(അൽ മുഅ്മിനൂൻ: 84-89).

അല്ലാഹു പറയുന്നു:

﴿وَلَئِن سَأَلۡتَهُم مَّنۡ خَلَقَ ٱلسَّمَٰوَٰتِ وَٱلۡأَرۡضَ لَيَقُولُنَّ خَلَقَهُنَّ ٱلۡعَزِيزُ ٱلۡعَلِيمُ﴾ [الزخرف: ٩].

"ആരാണ് ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചതെന്ന് നീ അവരോട് ചോദിക്കുകയാണെങ്കിൽ അവർ പറയുക തന്നെചെയ്യും: മഹാപ്രതാപിയും എല്ലാം അറിയുന്നവനുമായവൻ (അല്ലാഹു) അവയെ സൃഷ്ടിച്ചു എന്ന്. "(സുഖ്റുഫ്: 9).

അല്ലാഹു തന്നെ പറയുന്നു:

﴿وَلَئِن سَأَلۡتَهُم مَّنۡ خَلَقَهُمۡ لَيَقُولُنَّ ٱللَّهُۖ فَأَنَّىٰ يُؤۡفَكُونَ﴾ [الزخرف: ٨٧].

"ആരാണ് അവരെ സൃഷ്ടിച്ചത് എന്ന് നീ അവരോട് ചോദിക്കുകയാണെങ്കിൽ അവർ പറയുക തന്നെ ചെയ്യും 'അല്ലാഹു' എന്ന്. പിന്നെങ്ങനെയാണ് അവർ തെറ്റിപ്പോകുന്നത്?" (സുഖ്റുഫ്: 87).

അല്ലാഹുവിൻ്റെ കല്പനയെന്നത് പ്രാപഞ്ചികമായ കാര്യങ്ങളെയും മതപരമായ കാര്യങ്ങളെയും ഒരുപോലെ ഉൾക്കൊള്ളുന്നതാണ്. പ്രപഞ്ചത്തെ നിയന്ത്രിക്കുന്നതും അതിലെ വിധി നടപ്പിലാക്കുന്നതും അല്ലാഹുവാണ്. അവൻ്റെ മഹത്തരമായ യുക്തിയനുസരിച്ചാണ് അതെല്ലാം. അതുപോലെ ആരാധനകൾ നിശ്ചയിക്കുന്നതും സൃഷ്ടികൾ തമ്മിലുള്ള ഇടപാടുകളുടെ കാര്യത്തിലുള്ള വിധിവിലക്കുകൾ നിശ്ചയിക്കുന്നതും അല്ലാഹുവാണ്. തൻ്റെ മഹത്തരമായ യുക്തിയനുസരിച്ച് അവിടെയും വിധികല്പിക്കുന്നവൻ അല്ലാഹുവാണ്.ആരാധനാകർമങ്ങൾ നിശ്ചയിക്കാൻ അവകാശമുള്ളവനായോ, ഇടപാടുകളിലെ വിധിവിലക്കുകൾ തീരുമാനിക്കാൻ അവകാശമുള്ള വിധികർത്താവായോ അല്ലാഹുവിനു പുറമെ മറ്റുള്ള വല്ലവരെയും ആരെങ്കിലും സ്വീകരിച്ചാൽ അവൻ

അല്ലാഹുവിൽ പങ്കുചേർത്തിരിക്കുന്നു. അവൻ്റെ ഈമാൻ യഥാർത്ഥമല്ല.

അല്ലാഹുവിലുള്ള വിശ്വാസത്തിൽ ഉൾക്കൊള്ളുന്ന രണ്ടാമത്തെ കാര്യം അല്ലാഹു മാത്രമാണ് ഇലാഹ് എന്നതാണ്. അഥവാ, ആരാധനക്കർഹൻ അല്ലാഹു മാത്രമാണ്. അവന്ന് യാതൊരു പങ്കുകാരുമില്ല. ഇലാഹ് എന്ന പദത്തിൻ്റെ അർഥം 'സ്നേഹത്തോടെയും ആദരവോടെയും ആരാധിക്കപ്പെടുന്നവൻ' എന്നാകുന്നു.

അല്ലാഹു പറഞ്ഞിരിക്കുന്നു:

"നിങ്ങളുടെ ഇലാഹ് ഏക ഇലാഹാകുന്നു. അവനല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. അവൻ ഏറ്റവും കാരുണ്യമുള്ളവനും കരുണ ചൊരിയുന്നവനുമാകുന്നു." (അൽ ബഖറഃ: 163).

وَقَالَ تَعَالَى: ﴿شَهِدَ ٱللَّهُ أَنَّهُۥ لَآ إِلَٰهَ إِلَّا هُوَ وَٱلۡمَلَٰٓئِكَةُ وَأُوْلُواْ ٱلۡعِلۡمِ قَآئِمَۢا بِٱلۡقِسۡطِۚ لَآ إِلَٰهَ إِلَّا هُوَ ٱلۡعَزِيزُ ٱلۡحَكِيمُ﴾ [آل عمران: ١٨].

അല്ലാഹു പറയുന്നു: "അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല എന്നതിന് അല്ലാഹു സാക്ഷ്യം വഹിച്ചിരിക്കുന്നു. മലക്കുകളും അറിവുള്ളവരും സാക്ഷ്യം വഹിച്ചിരിക്കുന്നു. അവൻ നീതി നിലനിർത്തുന്നവനാണ് (എന്നതിനും സാക്ഷ്യം വഹിച്ചിരിക്കുന്നു.) മഹാ പ്രതാപിയും യുക്തിമാനുമായ അവനല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല." (ആലു ഇംറാൻ: 18).

അല്ലാഹുവിനു പുറമെ ആരെങ്കിലും മറ്റൊരുവനെ ആരാധിക്കുകയാണെങ്കിൽ അതെല്ലാം വ്യാജദൈവങ്ങളാകുന്നു. അവയ്ക്കൊന്നും ഇലാഹാകാൻ അർഹതയില്ല. അല്ലാഹു പറയുന്നു:

﴿ذَٰلِكَ بِأَنَّ ٱللَّهَ هُوَ ٱلۡحَقُّ وَأَنَّ مَا يَدۡعُونَ مِن دُونِهِۦ هُوَ ٱلۡبَٰطِلُ وَأَنَّ ٱللَّهَ هُوَ ٱلۡعَلِيُّ ٱلۡكَبِيرُ﴾ [الحج: ٦٢].

"അതെന്തുകൊണ്ടെന്നാല്‍ അല്ലാഹുവാണ് ഏറ്റവും യാഥാര്‍ഥ്യമായി ഉള്ളവന്‍. അവനുപുറമെ അവര്‍ ആരാധിക്കുന്നതെന്തോ അതാണ് വ്യര്‍ത്ഥമായത്. അല്ലാഹുവാണ് ഏറ്റവും ഉന്നതനും ഏറ്റവും വലിപ്പമുള്ളവനും എന്നതുകൊണ്ടുമാണത്."

അവയെ ആളുകള്‍ ദൈവങ്ങള്‍ എന്ന് വിശേഷിപ്പിച്ചത് കൊണ്ട് അവയ്ക്ക് ആരാധിക്കപ്പെടാനുള്ള അര്‍ഹതയുണ്ടാകില്ല. മുശ്‌രിക്കുകള്‍ ആരാധിച്ചിരുന്ന ലാത്, ഉസ്സ, മനാത് എന്നിവയെക്കുറിച്ച് അല്ലാഹു പറഞ്ഞത് കാണുക:

﴿إِنۡ هِيَ إِلَّآ أَسۡمَآءٞ سَمَّيۡتُمُوهَآ أَنتُمۡ وَءَابَآؤُكُم مَّآ أَنزَلَ ٱللَّهُ بِهَا مِن سُلۡطَٰنٍۚ﴾ [النجم: ٢٣].

"നിങ്ങളും നിങ്ങളുടെ പൂര്‍വപിതാക്കളും പേരുവിളിച്ച കേവല നാമങ്ങള്‍ മാത്രമാകുന്നു അത്. അല്ലാഹു അതിന് യാതൊരു തെളിവും അവതരിപ്പിച്ചിട്ടില്ല."(അന്നജ്മ്: 23)

ഹൂദ് നബി (عَلَيۡهِ ٱلسَّلَامُ) അവിടുത്തെ ജനങ്ങളോട് പറഞ്ഞതായി അല്ലാഹു അറിയിക്കുന്നു:

﴿أَتُجَٰدِلُونَنِي فِيٓ أَسۡمَآءٖ سَمَّيۡتُمُوهَآ أَنتُمۡ وَءَابَآؤُكُم مَّا نَزَّلَ ٱللَّهُ بِهَا مِن سُلۡطَٰنٍۚ﴾ [الأعراف: ٧١].

"നിങ്ങളും നിങ്ങളുടെ പൂര്‍വപിതാക്കളും പേരിട്ടുവിളിച്ച, അല്ലാഹു യാതൊരു പ്രമാണവും അവതരിപ്പിച്ചിട്ടില്ലാത്ത ചില പേരുകളുടെ കാര്യത്തില്‍ നിങ്ങള്‍ എന്നോട് തര്‍ക്കിക്കുകയാണോ?"(അല്‍ അഅ്റാഫ്: 71)

യൂസുഫ് (عَلَيۡهِ ٱلسَّلَامُ) ജയിലിലെ രണ്ട് കൂട്ടുകാരോട് പറഞ്ഞതായി അല്ലാഹു നമ്മെ അറിയിക്കുന്നു:

﴿يَٰصَٰحِبَيِ ٱلسِّجۡنِ ءَأَرۡبَابٞ مُّتَفَرِّقُونَ خَيۡرٌ أَمِ ٱللَّهُ ٱلۡوَٰحِدُ ٱلۡقَهَّارُ ٣٩ مَا تَعۡبُدُونَ مِن دُونِهِۦٓ إِلَّآ أَسۡمَآءٗ سَمَّيۡتُمُوهَآ أَنتُمۡ وَءَابَآؤُكُم مَّآ أَنزَلَ ٱللَّهُ بِهَا مِن سُلۡطَٰنٍۚ﴾ [يوسف: ٣٩-40].

"ഹേ ജയിലിലെ രണ്ട് കൂട്ടുകാരേ ! വ്യത്യസ്തരായ ആരാധ്യരാണോ നല്ലത് അതല്ല, ഏകനും സർവാധികാരിയുമായ അല്ലാഹുവോ? അവനു പുറമെ നിങ്ങൾ ആരാധിക്കുന്നത് നിങ്ങളും നിങ്ങളുടെ പൂർവപിതാക്കളും പേരുവിളിച്ച ചില നാമങ്ങളെ മാത്രമാണ്. അല്ലാഹു അവയുടെ കാര്യത്തിൽ യാതൊരു പ്രമാണവും ഇറക്കിയിട്ടില്ല."(യൂസുഫ്: 39-40)

ഇതുകൊണ്ടാണ് റസൂലുകൾ അവരുടെ ജനങ്ങളോട് ഇങ്ങനെ പറഞ്ഞിരുന്നത്:

﴿ٱعۡبُدُواْ ٱللَّهَ مَا لَكُم مِّنۡ إِلَٰهٍ غَيۡرُهُۥٓ﴾ [الأعراف: ٥٩].

"നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. അവനല്ലാതെ ആരാധനക്കർഹനായി മറ്റാരും നിങ്ങൾക്കില്ല."(അൽ അഅ്റാഫ്: 59).

എന്നാൽ മുശ്രിക്കുകൾ അത് വിസമ്മതിക്കുകയാണുണ്ടായത്. അവർ അല്ലാഹുവിനു പുറമെ ആരാധ്യരെ സ്വീകരിച്ചു. അവരെ ആരാധിക്കുകയും അവരോട് സഹായം തേടുകയും പ്രതിസന്ധി ഘട്ടങ്ങളിൽ അവരോട് പ്രാർത്ഥിക്കുകയും ചെയ്തു.

ബുദ്ധിപരമായ രണ്ട് തെളിവുകൾ മുഖേന അല്ലാഹു അവനു പുറമെ ഇലാഹുകളെ സ്വീകരിക്കാമെന്ന മുശ്രിക്കുകളുടെ ഈ വാദത്തെ നിഷ്ഫലമാക്കുന്നു.

ഒന്ന്: ആരാധിക്കപ്പെടുന്നവനുണ്ടാകേണ്ട പ്രത്യേകതകളിലൊന്നും ഈ ഇലാഹുകൾക്കില്ല. അവ കേവലം സൃഷ്ടികളാണ്. അവക്ക് യാതൊന്നും സൃഷ്ടിക്കാൻ കഴിയില്ല. അതിനെ ആരാധിക്കുന്നവർക്ക്

എന്തെങ്കിലുമൊരു ഉപകാരം ചെയ്തുകൊടുക്കാനോ വല്ല ഉപദ്രവവും അവരിൽ നിന്ന് തട്ടിനീക്കാനോ ആ ആരാധ്യർക്ക് സാധ്യമല്ല. ജീവിതമോ മരണമോ അവരുടെ ഉടമസ്ഥതയിലില്ല. ആകാശങ്ങളിലോ ഭൂമിയിലോ യാതൊന്നും അവരുടെ നിയന്ത്രണത്തിലില്ല. അവയുടെ ഒരു പങ്കുപോലുമില്ല.

അല്ലാഹു പറഞ്ഞിരിക്കുന്നു: "അവനു പുറമെ ചില ആരാധ്യരെ അവർ സ്വീകരിച്ചിരിക്കുന്നു. യാതൊന്നും അവർ സൃഷ്ടിക്കുന്നില്ല. അവർ സൃഷ്ടിക്കപ്പെടുന്നവരാണ്. സ്വന്തത്തിന് തന്നെയും വല്ല ഉപകാരമോ ഉപദ്രവമോ അവർ ഉടമപ്പെടുത്തുന്നില്ല. മരണമോ ജീവിതമോ പുനരുത്ഥാനമോ അവരുടെ ഉടമസ്ഥതയിലില്ല."

അല്ലാഹു പറയുന്നു: "പറയുക: അല്ലാഹുവിനു പുറമെ നിങ്ങൾ ജല്പിക്കുന്നവരെ നിങ്ങളൊന്ന് വിളിച്ചുനോക്കൂ. ആകാശങ്ങളിലോ ഭൂമിയിലോ ഒരു ഉറുമ്പിനോളം ഭാരമുള്ളത് പോലും അവരുടെ ഉടമസ്ഥതയിലില്ല. അവ രണ്ടിലും അവർക്ക് യാതൊരു പങ്കുമില്ല. അല്ലാഹുവിന് അവരിൽ നിന്ന് ഒരു സഹായിയുമില്ല. അല്ലാഹുവിങ്കൽ അവൻ അനുമതി നല്കിയവർക്കല്ലാതെ ശുപാർശ പ്രയോജനപ്പെടുകയുമില്ല.

وَقَالَ تَعَالَى: ﴿أَيُشۡرِكُونَ مَا لَا يَخۡلُقُ شَيۡـٔٗا وَهُمۡ يُخۡلَقُونَ ١٩١ وَلَا يَسۡتَطِيعُونَ لَهُمۡ نَصۡرٗا وَلَآ أَنفُسَهُمۡ يَنصُرُونَ﴾ [الأعراف: ١٩١-192].

അല്ലാഹു പറയുന്നു: "യാതൊന്നും സൃഷ്ടിക്കാത്തവരെ അവർ (അല്ലാഹുവോട്) പങ്കുചേർക്കുകയാണോ? അവരാകട്ടെ സൃഷ്ടിക്കപ്പെടുന്നവരാണ്. ഇവരെ സഹായിക്കാനോ സ്വന്തത്തെ തന്നെ സഹായിക്കാനോ അവർക്ക് സാധിക്കുകയുമില്ല."

ഇതാണ് ഈ ഇലാഹുകളുടെ സ്ഥിതിയെങ്കിൽ അവരെ ആരാധ്യരായി സ്വീകരിക്കുകയെന്നത് തികഞ്ഞ വിഡ്ഢിത്തമാണ്. അതിലപ്പുറം മറ്റൊരു വ്യാജവാദമില്ല തന്നെ.

രണ്ട്: ഈ മുശ്‌രിക്കുകൾ അല്ലാഹു മാത്രമാണ് സ്രഷ്ടാവെന്നും അവന്റെ കൈയിലാണ് സർവ വസ്തുക്കളുടെയും അധികാരമെന്നും അവനാണ് അഭയം നൽകുന്നവൻ എന്നും അവനെതിരിൽ അഭയം നൽകാൻ ഒരാൾക്കും സാധിക്കുകയില്ലെന്നും അംഗീകരിക്കുന്നവരാണ്. ഇക്കാര്യങ്ങളിലെല്ലാം അവൻ ഏകനാണെന്ന് അവർ വിശ്വസിക്കുന്നുവെങ്കിൽ ആരാധനകളും അവന് മാത്രമെ യഥാർത്ഥത്തിൽ അവർ നൽകാൻ പാടുള്ളൂ.

كَمَا قَالَ تَعَالَى: ﴿يَـٰٓأَيُّهَا ٱلنَّاسُ ٱعْبُدُوا۟ رَبَّكُمُ ٱلَّذِى خَلَقَكُمْ وَٱلَّذِينَ مِن قَبْلِكُمْ لَعَلَّكُمْ تَتَّقُونَ ﴿٢١﴾ ٱلَّذِى جَعَلَ لَكُمُ ٱلْأَرْضَ فِرَٰشًا وَٱلسَّمَآءَ بِنَآءً وَأَنزَلَ مِنَ ٱلسَّمَآءِ مَآءً فَأَخْرَجَ بِهِۦ مِنَ ٱلثَّمَرَٰتِ رِزْقًا لَّكُمْ ۖ فَلَا تَجْعَلُوا۟ لِلَّهِ أَندَادًا وَأَنتُمْ تَعْلَمُونَ﴾ [البقرة: ٢١-22].

അല്ലാഹു പറഞ്ഞത് നോക്കൂ: "ഓ ജനങ്ങളേ! നിങ്ങളെയും നിങ്ങളുടെ പൂർവപിതാക്കളെയും സൃഷ്ടിച്ചവനായ നിങ്ങളുടെ റബ്ബിനെ നിങ്ങൾ ആരാധിക്കുക. നിങ്ങൾ സൂക്ഷ്മത പാലിക്കുന്നവരാകാൻ വേണ്ടി. അവനാണ് ഭൂമിയെ നിങ്ങൾക്കൊരു വിരിപ്പും ആകാശത്തെ മേൽക്കൂരയുമാക്കിത്തന്നത്. അവനാണ് മുകളിൽ നിന്ന് മഴ വർഷിപ്പിക്കുകയും അതുമുഖേന നിങ്ങൾക്ക് ഉപജീവനമായിക്കൊണ്ട് കായ്കനികൾ മുളപ്പിക്കുകയും ചെയ്തത്. അതിനാൽ (ഇതെല്ലാം) അറിഞ്ഞുകൊണ്ട് നിങ്ങൾ അല്ലാഹുവിന് സമന്മാരെ സ്വീകരിക്കരുത്." (അൽ ബഖറഃ: 21-22)

"ആരാണ് അവരെ സൃഷ്ടിച്ചത് എന്ന് നീ അവരോട് ചോദിക്കുകയാണെങ്കിൽ അവർ പറയുക തന്നെ ചെയ്യും

'അല്ലാഹു' എന്ന്. പിന്നെങ്ങനെയാണ് അവർ തെറ്റിപ്പോകുന്നത്?" (സുഖ്റുഫ്: 87)

അല്ലാഹു പറഞ്ഞു:

"ചോദിക്കുക: ആരാണ് ആകാശത്തുനിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ഉപജീവനമേകുന്നത്? ആരാണ് കേൾവിയും കാഴ്ചകളും ഉടമപ്പെടുത്തുന്നത്? ആരാണ് നിർജീവമായതിൽ നിന്ന് ജീവനുള്ളതിനെ പുറത്തുകൊണ്ടുവരുന്നതും ജീവനുള്ളതിൽ നിന്ന് നിർജീവമായതിനെ പുറത്തുകൊണ്ടുവരുന്നതും കാര്യങ്ങളെല്ലാം നിയന്ത്രിക്കുന്നതും? അവർ പറയും: അല്ലാഹു എന്ന്. എങ്കിൽ നീ പറയുക: അപ്പോൾ നിങ്ങൾ സൂക്ഷിക്കുന്നില്ലേ? അവനാണ് നിങ്ങളുടെ യഥാർത്ഥ രക്ഷിതാവായ അല്ലാഹു. യാഥാർഥ്യത്തിനു ശേഷം പിന്നെ വ്യർത്ഥമല്ലാതെ മറ്റെന്താണുള്ളത്? പിന്നെയെങ്ങനെയാണ് നിങ്ങൾ തെറ്റിപ്പോകുന്നത്?" (യൂനുസ്: 31-32)

അല്ലാഹുവിലുള്ള വിശ്വാസത്തിൽ ഉൾപ്പെടുന്ന നാലാമത്തെ കാര്യം അല്ലാഹുവിന്റെ നാമങ്ങളിലും വിശേഷണങ്ങളിലുമുള്ള വിശ്വാസമാണ്.

അഥവാ അല്ലാഹു അവന്റെ ഗ്രന്ഥത്തിലും റസൂൽ ﷺ അവിടുത്തെ സുന്നത്തിലും അല്ലാഹുവിനുണ്ടെന്ന് പറഞ്ഞ കാര്യങ്ങൾ മുഴുവൻ റബ്ബിന് യോജിച്ച രൂപത്തിൽ ഉണ്ടെന്ന് സ്ഥിരീകരിക്കുക. അതിൽ മാറ്റം വരുത്തുകയോ ഇല്ലാതാക്കുകയോ രൂപം പറയുകയോ സാദൃശ്യപ്പെടുത്തുകയോ ചെയ്യാതെ. അല്ലാഹു പറയുന്നു:

"അല്ലാഹുവിനുള്ളതാകുന്നു ഏറ്റവും നല്ല പേരുകൾ. അതിനാൽ അവ മുഖേന നിങ്ങൾ അവനെ വിളിച്ചു പ്രാർത്ഥിച്ചുകൊള്ളുക. അവൻ്റെ നാമങ്ങളിൽ വക്രീകരണം വരുത്തുന്നവരെ നിങ്ങൾ വിട്ടേക്കുക. അവർ

പ്രവർത്തിച്ചുകൊണ്ടിരുന്നതിന്റെ ഫലം അവർ അനുഭവിക്കുന്നതാണ്." (അൽ അഅ്റാഫ്: 180)

وَقَالَ تَعَالَى: ﴿وَلَهُ ٱلۡمَثَلُ ٱلۡأَعۡلَىٰ فِي ٱلسَّمَٰوَٰتِ وَٱلۡأَرۡضِۚ وَهُوَ ٱلۡعَزِيزُ ٱلۡحَكِيمُ﴾ [الروم: ٢٧].

അല്ലാഹു പറയുന്നു: "ആകാശങ്ങളിലും ഭൂമിയിലും ഏറ്റവും ഉന്നതമായ വിശേഷണങ്ങൾ അവനുള്ളതാകുന്നു. അവൻ തന്നെയാണ് മഹാപ്രതാപിയും യുക്തിമാനും." (അർറൂം: 27).

وَقَالَ تَعَالَى: ﴿لَيۡسَ كَمِثۡلِهِۦ شَيۡءٞۖ وَهُوَ ٱلسَّمِيعُ ٱلۡبَصِيرُ﴾ [الشورى: ١١].

അല്ലാഹു തന്നെ പറയുന്നു: "അവനെപ്പോലെ യാതൊന്നും തന്നെയില്ല. അവൻ എല്ലാം കേൾക്കുന്നവനും എല്ലാം കാണുന്നവനുമാകുന്നു." (ശൂറാ: 11).

ഈ വിഷയത്തിൽ വഴിപിഴച്ച രണ്ടു വിഭാഗങ്ങളുണ്ട്:

**ഒന്ന്: മുഅത്വില:** അല്ലാഹുവിന്റെ പേരുകളെയും വിശേഷണങ്ങളെയും പൂർണമായോ ഭാഗികമായോ നിഷേധിച്ചവരാണിക്കൂട്ടർ. അവ അംഗീകരിച്ചാൽ അത് അല്ലാഹുവിനെ സൃഷ്ടികളോട് സാദൃശ്യപ്പെടുത്തലായിപ്പോകും എന്ന് ജൽപിച്ചുകൊണ്ടാണ് അവർ ഈ നിഷേധത്തിലേർപ്പെട്ടത്. ഇത് തീർത്തും വ്യർത്ഥമായ വാദമാണ്. പല വീക്ഷണകോണുകളിലൂടെ ഇക്കാര്യം വ്യക്തമാകുന്നതാണ്. അതിൽ ചിലത് കാണുക:

**ഒന്ന്:** ഇവരുടെ വാദം ശരിയാണെന്ന് വന്നാൽ അത് മുഖേന ധാരാളം വ്യർത്ഥമായ വാദങ്ങൾ അംഗീകരിക്കേണ്ടി വരും. അല്ലാഹുവിന്റെ വാക്കുകളിൽ വൈരുധ്യമുണ്ട് എന്നതാവും അതിലൊന്ന്. കാരണം, അല്ലാഹുവാണ് ഈ നാമങ്ങളും വിശേഷണങ്ങളും അവനുണ്ട് എന്ന് പറഞ്ഞത്. അല്ലാഹു തന്നെ അവനെപ്പോലെ ഒന്നും തന്നെയില്ലെന്നും പറഞ്ഞിരിക്കുന്നു.റബ്ബിന്റെ നാമങ്ങളും വിശേഷണങ്ങളും

സ്ഥിരീകരിച്ചാൽ അത് അവനെ സൃഷ്ടികളോട് സാദൃശ്യപ്പെടുത്തലാകുമെങ്കിൽ അല്ലാഹുവിന്റെ കലാമിൽ വൈരുധ്യമുണ്ടെന്ന് പറയേണ്ടിവരും! ഖുർആനിലെ ഒരു ഭാഗം മറ്റൊരു ഭാഗത്തെ തള്ളിക്കളയുന്നു എന്നായിത്തീരും!

**രണ്ട്:** ഏതെങ്കിലും രണ്ട് കാര്യങ്ങളുടെ പേരോ അവയെ വിശേഷിപ്പിക്കുന്ന പദമോ ഒന്നാണ് എന്നതുകൊണ്ട് അവ തമ്മിൽ സാദൃശ്യമുണ്ടായേ തീരൂ എന്നില്ല. ഒരു ഉദാഹരണം നോക്കുക: രണ്ടു പേരെ നീ കാണുന്നു. രണ്ടാളുകളും കേൾവിയും കാഴ്ചയും സംസാരശേഷിയുമുള്ള മനുഷ്യരാണ്.അതുകൊണ്ട് അവരുടെ കേൾവിയും കാഴ്ചയും സംസാരശേഷിയും മനുഷ്യനെന്ന നിലക്കുള്ള മറ്റു പ്രത്യേകതകളും ഒരേ തോതിലാകണമെന്നില്ല.

ധാരാളം മൃഗങ്ങളെ നീ കാണാറുണ്ട്. അവയിൽ പലതിനും കൈകാലുകളും കണ്ണുകളുമുണ്ട്. അതുകൊണ്ട് അവയുടെയെല്ലാം കൈകാലുകളും കണ്ണുകളും തീർത്തും ഒരുപോലെയാകണമെന്നുണ്ടോ? ഇല്ല.

ഇവയെല്ലാം സൃഷ്ടികൾ മാത്രമാണ്. അവയുടെ പേരുകളും വിശേഷിപ്പിക്കാൻ ഉപയോഗിക്കുന്ന പദങ്ങളും ഒന്നുതന്നെ. എന്നിട്ടും യഥാർത്ഥത്തിൽ അവ തമ്മിൽ പ്രകടമായ വ്യത്യാസമുണ്ട്. എങ്കിൽ സ്രഷ്ടാവും സൃഷ്ടികളും തമ്മിലുള്ള വ്യത്യാസം എന്തുകൊണ്ടും വ്യക്തമാണ്. അത് ഒരു സാദൃശ്യവുമില്ലാത്ത വ്യത്യാസം തന്നെയാണ്.

രണ്ടാമത്തെ പിഴച്ച വിഭാഗം മുശബ്ബിഹ എന്ന വിഭാഗമാണ്. അഥവാ അല്ലാഹുവിന്റെ നാമങ്ങളും വിശേഷണങ്ങളും സൃഷ്ടികളോട് സാദൃശ്യപ്പെടുത്തുന്നവർ. ഖുർആനിലും സുന്നത്തിലും അല്ലാഹുവിന്റെ വിശേഷണങ്ങളായി വന്ന കാര്യങ്ങളുടെ താല്പര്യം അതാണെന്ന് അവർ പറയുന്നു! കാരണം അല്ലാഹു അടിമകളോട് സംസാരിച്ചത് അവർക്ക് മനസിലാകുന്ന

രൂപത്തിൽ മാത്രമാണ്! യഥാർത്ഥത്തിൽ ഈ വാദം തീർത്തും നിരർത്ഥകമാണ്. പല നിലക്ക് അക്കാര്യം നമുക്ക് ബോധ്യപ്പെടുന്നതാണ്. അതിൽ ചിലത് കാണുക:

**ഒന്ന്:** അല്ലാഹു അവന്റെ പടപ്പുകളോട് സാദൃശ്യപ്പെടുക എന്ന കാര്യം മതത്തിനോ സാമാന്യ ബുദ്ധിക്കോ യോജിക്കുന്നതല്ല. മതവും നേർബുദ്ധിയും ആ വാദം തെറ്റാണെന്ന് പറയുന്നു. ഖുർആനിന്റെയും സുന്നത്തിന്റെയും പാഠമായിരുന്നു അതെങ്കിൽ ഒരിക്കലും അത് ഇങ്ങനെയാകുമായിരുന്നില്ല.

**രണ്ട്:** റബ്ബിനെക്കുറിച്ച് അവൻ പഠിപ്പിച്ച കാര്യങ്ങളുടെ അർഥം നമുക്കറിയാം. അടിസ്ഥാനപരമായ അർഥം മനസിലാകുന്ന പദങ്ങൾ മാത്രമേ അല്ലാഹു അടിമകളോട് പറഞ്ഞിട്ടുള്ളൂ. എന്നാൽ അവയുടെ യാഥാർഥ്യവും അതെങ്ങനെയെന്ന കാര്യവും അല്ലാഹുവിനു മാത്രമെ അറിയൂ.

ഉദാഹരണത്തിന് അല്ലാഹു അവന് 'സംഅ്' എന്ന വിശേഷണം ഉണ്ടെന്ന് പറഞ്ഞിരിക്കുന്നു. സംഅ് എന്നതിന്റെ അർഥം എന്താണെന്ന് എല്ലാവർക്കുമറിയാം. കേൾവി എന്നാണ് അതിന്റെ അർഥം. ശബ്ദം അറിയുകയും മനസിലാക്കുകയും ചെയ്യലാണല്ലോ കേൾവി. അത് നമുക്കറിയാം. എന്നാൽ അല്ലാഹുവിന്റെ കേൾവിയുടെ രൂപവും അതിന്റെ യാഥാർഥ്യവും നമുക്കറിയില്ല. കാരണം, സൃഷ്ടികളുടെ എല്ലാവരുടെയും കേൾവി പോലും ഒരുപോലെയല്ല. അവയുടെയെല്ലാം യഥാർത്ഥ രൂപം സമാനമല്ല. എങ്കിൽ സൃഷ്ടികളുടെയും സ്രഷ്ടാവിന്റെയും വിശേഷണം തമ്മിലുള്ള അന്തരം എന്തുകൊണ്ടും വലുതും വ്യക്തവുമാണ്.

അല്ലാഹു അവന്റെ അർശിന് (സിംഹാസനം) മുകളിൽ 'ഇസ്തിവാഅ്' ചെയ്തിരിക്കുന്നു എന്ന് അവൻ നമ്മെ

അറിയിച്ചിരിക്കുന്നു. ഇസ്തിവാഅ് എന്നാൽ അർത്ഥമെന്താണെന്ന കാര്യം എല്ലാവർക്കുമറിയാം. ആരോഹണം ചെയ്തു/മുകളിലായിത്തീർന്നു എന്നാണ് അതിന്റെ അർഥം. അഥവാ അല്ലാഹു അവന്റെ അർശിനുമേൽ ആരോഹണം ചെയ്തിരിക്കുന്നു. എന്നാൽ അല്ലാഹുവിന്റെ ഇസ്തിവാഇന്റെ യഥാർത്ഥ രൂപം നമുക്കറിയില്ല. കാരണം ഇസ്തിവാഇന്റെ രൂപം സൃഷ്ടികൾ ചെയ്യുന്നതിൽ തന്നെ വ്യത്യാസമുണ്ട്.ഒരാൾ ഉറപ്പുള്ള ഒരു ഇരിപ്പിടത്തിനു മുകളിൽ കയറിയിരിക്കുന്നതും, ഇണക്കമില്ലാത്ത ഒരു ഒട്ടകത്തിന്റെ പുറത്ത് ആയാസപ്പെട്ട് കയറുന്നതും ഒരുപോലെയല്ല. ഒരു സൃഷ്ടിയുടെ കാര്യത്തിൽ തന്നെ ഇങ്ങനെയിത് വ്യത്യാസപ്പെടുമെങ്കിൽ സ്രഷ്ടാവും സൃഷ്ടിയും തമ്മിലെ വ്യത്യാസം എത്ര മാത്രം വലുതായിരിക്കും! എത്ര വ്യക്തമായ അന്തരമായിരിക്കുമത്!

ഇവിടെ വിശദീകരിക്കപ്പെട്ട രൂപത്തിൽ അല്ലാഹുവിൽ വിശ്വസിക്കുന്ന മുഅ്മിനുകൾക്ക് അതുമുഖേന ലഭിക്കുന്ന മഹത്തരമായ ധാരാളം ഫലങ്ങളുണ്ട്. അവയിൽ ചിലത് മാത്രം സൂചിപ്പിക്കട്ടെ:

**ഒന്ന്:** തൗഹീദിന്റെ സാക്ഷാത്ക്കാരം. അത് സംഭവിച്ചാൽ പിന്നെ അല്ലാഹുവിലല്ലാതെ മറ്റൊരാളിലും ഒരു മുഅ്മിൻ പ്രതീക്ഷയർപ്പിക്കുകയില്ല. അവനെയല്ലാതെ ഭയപ്പെടുകയില്ല. അല്ലാഹുവിനെയല്ലാതെ അവൻ ആരാധിക്കുകയില്ല.

**രണ്ട്:** അല്ലാഹുവിനോടുള്ള പരിപൂർണമായ സ്നേഹവും ആദരവും. അല്ലാഹുവിന്റെ അത്യുത്തമമായ പേരുകളുടെയും ഉന്നതമായ വിശേഷണങ്ങളുടെയും താല്പര്യം തന്നെയാണത്.

**മൂന്ന്:** അല്ലാഹു കൽപിച്ചത് പ്രവർത്തിച്ചുകൊണ്ടും അവൻ വിലക്കിയത് വെടിഞ്ഞു കൊണ്ടും അവനുള്ള ആരാധന സാക്ഷാത്കരിക്കുക.

# മലക്കുകളിലുള്ള വിശ്വാസം

മലക്കുകൾ അദൃശ്യലോകത്തുള്ള സൃഷ്ടികളാണ്. അല്ലാഹുവിനെ ആരാധിക്കുന്ന അവന്റെ അടിമകളാണവർ. റബ്ബിന്റെ യാതൊരു പ്രത്യേകതകളും അവർക്കില്ല. അവർ ഇലാഹുകളല്ല. ഇലാഹിന്റെ ഒരു സവിശേഷതയും അവർക്കില്ല. അല്ലാഹു അവരെ പ്രകാശത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു. അല്ലാഹുവിന്റെ കൽപനകൾ പരിപൂർണമായി അനുസരിക്കാൻ അവൻ അവർക്ക് സൗകര്യം നൽകിയിരിക്കുന്നു. അത് നടപ്പിലാക്കാനുള്ള ശക്തിയും അവർക്ക് അല്ലാഹു നൽകിയിട്ടുണ്ട്. അല്ലാഹു പറയുന്നു: "അവന്റെ അരികിലുള്ളവർ അവനെ ഇബാദത് ചെയ്യാൻ അഹങ്കാരം നടിക്കുകയില്ല. അവർ മടികാണിക്കുകയുമില്ല. രാവും പകലും അവർ അല്ലാഹുവിന്റെ പരിശുദ്ധിയെ പ്രകീർത്തിക്കുന്നു. അവർക്ക് ക്ഷീണം ബാധിക്കുകയില്ല." (അൻബിയാഅ്: 19-20)

അവർ അനേകം പേരുണ്ട്. അല്ലാഹുവിനല്ലാതെ അവരുടെ എണ്ണം അറിയുകയില്ല. സ്വഹീഹുൽ ബുഖാരിയിലും മുസ്‌ലിമിലും അനസ് (رَضِيَ ٱللَّٰهُ عَنْهُ) നബി ﷺ യുടെ മിഅ്റാജിനെക്കുറിച്ച് ഉദ്ധരിക്കുന്ന ഹദീഥിൽ ഇപ്രകാരം വന്നിട്ടുണ്ട്: നബി ﷺ ക്ക് ആകാശലോകത്ത് ബൈത്തുൽ മഅ്മൂർ കാണിക്കപ്പെട്ടു. അതിൽ ഓരോ ദിവസവും എഴുപതിനായിരം മലക്കുകൾ നിസ്കരിക്കും. അവർ അതിൽ നിന്ന് പുറത്തുപോയാൽ പിന്നീടൊരിക്കലും അതിലേക്ക് തിരിച്ചുവരികയില്ല.

മലക്കുകളിലുള്ള വിശ്വാസത്തിൽ ഉൾപ്പെടുന്ന നാല് കാര്യങ്ങളുണ്ട്:

ഒന്ന്: മലക്കുകൾ ഉണ്ട് എന്ന വിശ്വാസം.

രണ്ട്: അവരിൽ അല്ലാഹു നമുക്ക് പേര് പറഞ്ഞുതന്നവരെക്കുറിച്ച് അങ്ങനെതന്നെ അവരുടെ പേരുകൾ സഹിതം വിശ്വസിക്കുക. ഉദാഹരണത്തിന് ജിബ്‌രീൽ എന്നൊരു മലക്കുണ്ട് എന്ന് നമുക്കറിയാം അങ്ങനെതന്നെ നാം വിശ്വസിക്കണം. പേര് നമുക്കറിയാത്ത മലക്കുകളിൽ ആ രൂപത്തിലും വിശ്വസിക്കണം.

മൂന്ന്: അവരുടെ വിശേഷണങ്ങളിൽ വിശ്വസിക്കുക. ഉദാഹരണത്തിന് ജിബ്‌രീലിനെ നബി ﷺ ജിബ്‌രീൽ സൃഷ്ടിക്കപ്പെട്ട അതേ രൂപത്തിൽ കണ്ടുവെന്നും അപ്പോൾ അദ്ദേഹത്തിന് ചക്രവാളങ്ങൾ മൂടുന്ന രൂപത്തിൽ അറുനൂറ് ചിറകുകൾ ഉണ്ടായിരുന്നുവെന്നും ഹദീഥുകളിൽ വന്നിട്ടുണ്ട്. അതെല്ലാം അങ്ങനെതന്നെ നാം വിശ്വസിക്കണം.

ചില സന്ദർഭങ്ങളിൽ മലക്കുകൾ അല്ലാഹുവിന്റെ കൽപനപ്രകാരം മനുഷ്യരൂപം പ്രാപിക്കാറുണ്ട്.മർയമിന്റെ അരികിലേക്ക് അല്ലാഹു അയച്ച സന്ദർഭത്തിൽ ജിബ്‌രീൽ പരിപൂർണനായ ഒരു മനുഷ്യന്റെ രൂപത്തിലാണ് അവരുടെ അരികിൽ ചെന്നത്. ഒരിക്കൽ റസൂൽ ﷺ സ്വഹാബികളുടെ കൂടെ ഇരിക്കുമ്പോൾ വെളുവെളുത്ത വസ്ത്രം ധരിച്ച, കറുകറുത്ത മുടിയുള്ള ഒരാളുടെ രൂപത്തിൽ ജിബ്‌രീൽ അവർക്കിടയിലേക്ക് കടന്നുചെന്നിട്ടുണ്ട്. സ്വഹാബികൾക്കാർക്കും അദ്ദേഹത്തെ അറിയുമായിരുന്നില്ല. അദ്ദേഹത്തിൻ്റെ ശരീരത്തിൽ യാത്രയുടെ അടയാളങ്ങളൊന്നും ഉണ്ടായിരുന്നുമില്ല. അങ്ങനെ അദ്ദേഹം നബി ﷺ യുടെ അരികിൽ തന്റെ കാൽമുട്ടുകൾ നബി ﷺ യുടെ കാൽമുട്ടുകളോട് ചേർത്തുവെച്ചുകൊണ്ട് ഇരുന്നു. തന്റെ ഇരുകൈകൾ ഇരുതുടകളിന്മേൽ വെച്ചു. എന്നിട്ട് നബി ﷺ യോട് ഇസ്‌ലാം, ഈമാൻ, ഇഹ്സാൻ, അന്ത്യനാൾ, അതിന്റെ അടയാളങ്ങൾ എന്നിവയെക്കുറിച്ച് ചോദിച്ചു.

നബി ﷺ ഉത്തരം പറഞ്ഞു. അദ്ദേഹം പിരിഞ്ഞുപോയ ശേഷം നബി ﷺ അവരോട് പറഞ്ഞു: "അത് ജിബ്‌രീലായിരുന്നു. നിങ്ങൾക്ക് നിങ്ങളുടെ ദീൻ പഠിപ്പിച്ചുതരാനാണ് അദ്ദേഹം വന്നത്."

അതുപോലെ, ഇബ്‌റാഹീം നബി (عَلَيْهِ السَّلَامُ) യുടെയും ലൂത്വ് നബി (عَلَيْهِ السَّلَامُ) യുടെയും അരികിലേക്ക് അല്ലാഹു മലക്കുകളെ മനുഷ്യരൂപത്തിൽ അയച്ചിട്ടുണ്ട്.

അല്ലാഹു മലക്കുകളെ ഏൽപിച്ച അവരുടെ ഉത്തരവാദിത്തങ്ങളും അവർ അത് നിർവഹിക്കുന്നു എന്ന കാര്യവും വിശ്വസിക്കുക. അതും മലക്കുകളിലുള്ള വിശ്വാസത്തിന്റെ ഭാഗമാണ്. രാപകൽ വ്യത്യാസമില്ലാതെ, ഇടർച്ചയില്ലാതെ അവർ അല്ലാഹുവിന്റെ പരിശുദ്ധിയെ പ്രകീർത്തിക്കുന്നതും അവനെ ഇബാദത്ത് ചെയ്യുന്നതും അതിന്റെ ഭാഗമാണ്.

അവരിൽ ചിലർക്ക് പ്രത്യേകമായ ചില ജോലികളുമുണ്ട്.

ഉദാഹരണത്തിന് ജിബ്‌രീൽ വഹ്‌യ് (അല്ലാഹു അവന്റെ നബിമാർക്ക് നൽകുന്ന സന്ദേശം) വിശ്വസിച്ചേൽപിക്കപ്പെട്ട മലക്കാണ്. ജിബ്‌രീലിനെയാണ് വഹ്‌യുമായി അല്ലാഹു റസൂലുകളിലേക്കും നബിമാരിലേക്കും അയക്കുന്നത്.

മീകാഈൽ, മഴയും അതുമുഖേന മുളച്ചുപൊങ്ങുന്നതുമെല്ലാം ഏൽപ്പിക്കപ്പെട്ട മലക്കാണ്.

അന്ത്യനാളിന്റെ വിളംബരമായ കാഹളമൂത്തും സൃഷ്ടികൾ ഉയിർത്തെഴുന്നേല്പിക്കപെടുമ്പോഴുള്ള കാഹളമൂത്തും ഏൽപ്പിക്കപ്പെട്ട മലക്കാണ് ഇസ്‌റാഫീൽ.

മരണവേളയിൽ ആത്മാവ് പിടിക്കാൻ ഏൽപ്പിക്കപ്പെട്ട മലക്കുണ്ട്. മലക്കുൽ മൗത് (മരണത്തിന്റെ മലക്) എന്നാണ് അദ്ദേഹം അറിയപ്പെടുന്നത്.

നരകത്തിന്റെ കാവലേൽപിക്കപ്പെട്ട മലക്കാണ് മാലിക്.

ഗർഭാശയത്തിലുള്ള ശിശുവിൻ്റെ കാര്യങ്ങൾ ഏൽപ്പിക്കപ്പെട്ട മലക്കുകളുണ്ട്. മാതാവിന്റെ ഗർഭാശയത്തിൽ കുഞ്ഞിന് നാല് മാസം പൂർത്തിയായാൽ അല്ലാഹു അവിടേക്ക് ഒരു മലക്കിനെ നിയോഗിക്കും. ഈ മനുഷ്യന്റെ ഉപജീവനവും ആയുസും പ്രവർത്തനങ്ങളും സൗഭാഗ്യവാനാണോ അതല്ല, ദൗർഭാഗ്യവാനാണോ എന്ന കാര്യവും അല്ലാഹുവിന്റെ കല്പനപ്രകാരം ആ മലക്ക് രേഖപ്പെടുത്തും.

മനുഷ്യരുടെ പ്രവർത്തനങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കാൻ അല്ലാഹു ഏൽപിച്ച മലക്കുകളുണ്ട്. ഓരോ മനുഷ്യന്റെയും ഇടത്തും വലത്തുമായി രണ്ടു മലക്കുകൾ ഉണ്ടാകും.

മരണപ്പെട്ടയാളെ ഖബ്റടക്കിയാൽ അയാളെ ചോദ്യം ചെയ്യാൻ ഏൽപ്പിക്കപ്പെട്ട മലക്കുകളുണ്ട്. രണ്ടു മലക്കുകൾ വരികയും മനുഷ്യനോട് അവന്റെ റബ്ബിനെക്കുറിച്ചും ദീനിനെക്കുറിച്ചും നബിയെക്കുറിച്ചും ചോദ്യം ചെയ്യുന്നതാണ്.

മലക്കുകളിലുള്ള വിശ്വാസം കൊണ്ട് ലഭിക്കുന്ന ധാരാളം പ്രയോജനങ്ങളും ഗുണപാഠങ്ങളുമുണ്ട്. അതിൽ ചിലത് കാണുക:

ഒന്ന്: അല്ലാഹുവിന്റെ മഹത്വത്തെയും ശക്തിയെയും അധികാരത്തെയും കുറിച്ചുള്ള അറിവ്. സൃഷ്ടിയുടെ മഹത്വം സ്രഷ്ടാവിന്റെ മഹത്വത്തെക്കുറിച്ചുള്ള അറിവ് നൽകുന്നു.

രണ്ട്: മനുഷ്യനെ ഇത്ര മാത്രം പരിഗണിച്ചതിന് അല്ലാഹുവിന് നന്ദി കാണിക്കുക. മനുഷ്യരെ സംരക്ഷിക്കാനും അവരുടെ പ്രവർത്തനങ്ങൾ

രേഖപ്പെടുത്താനും അവരുടെ മറ്റുള്ള പ്രയോജനപ്രദമായ കാര്യങ്ങൾക്കും വേണ്ടി അല്ലാഹു മലക്കുകളെ നിശ്ചയിച്ചിരിക്കുന്നു.

മൂന്ന്: അല്ലാഹുവിനെ ഈ രൂപത്തിൽ ആരാധിക്കുന്ന മലക്കുകളെ സ്നേഹിക്കുക.

മലക്കുകൾ എന്ന സൃഷ്ടിവർഗം ഉണ്ട് എന്നതിനെ നിഷേധിച്ച പിഴച്ച ചില വിഭാഗങ്ങളുണ്ട്. സൃഷ്ടികളുടെയുള്ളിൽ അടങ്ങിയിരിക്കുന്ന നന്മയുടെ ശക്തിക്ക് പറയുന്ന പേരാണ് മലക്കുകൾ എന്നാണ് അക്കൂട്ടർ ജൽപിക്കുന്നത്. അല്ലാഹുവിന്റെ കിതാബിനെയും അവന്റെ റസൂലിന്റെ സുന്നത്തിനെയും മുസ്‌ലിംകളുടെ ഇജ്മാഇനെ(ഏകോപിച്ച അഭിപ്രായത്തെ)യും തള്ളിക്കളയുന്ന വാദഗതിയാണിത്.

അല്ലാഹു പറയുന്നു: "അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും. ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിക്കുകയും, രണ്ടും മൂന്നും നാലും ചിറകുകളുള്ള മലക്കുകളെ ദൂതന്മാരായി നിശ്ചയിക്കുകയും ചെയ്തവനായ അല്ലാഹുവിന്." (ഫാത്വിർ: 1)

അല്ലാഹു പറയുന്നു: "അവിശ്വസിച്ചവരെ മലക്കുകൾ അവരുടെ മുഖത്തും പുറത്തും അടിച്ചുകൊണ്ട് മരിപ്പിക്കുന്ന രംഗം നീ കണ്ടിരുന്നെങ്കിൽ." (അൽ അൻഫാൽ: 50)

അല്ലാഹു പറയുന്നു: "അക്രമികൾ മരണവെപ്രാളത്തിലാകുന്ന രംഗം നീ കണ്ടിരുന്നെങ്കിൽ. മലക്കുകൾ അന്നേരം അവരുടെ കൈകൾ നീട്ടിപ്പിടിച്ചിരിക്കും. (അവർ പറയും:) പുറത്തു വിടുക; നിങ്ങളുടെ ആത്മാക്കളെ." (അൽ അൻആം: 93)

മലക്കുകളെക്കുറിച്ച് അല്ലാഹു വീണ്ടും പറയുന്നു: "അവരുടെ ഹൃദയങ്ങളിൽ നിന്ന് ഭയം നീങ്ങിയാൽ അവർ

ചോദിക്കും: എന്താണ് നിങ്ങളുടെ റബ്ബ് പറഞ്ഞത്? അവർ പറയും: സത്യമാണ് പറഞ്ഞത്. അവൻ തന്നെയാണ് അത്യുന്നതനും ഏറ്റവും വലിയവനും." (സബഅ്: 23)

സ്വർഗക്കാരെക്കുറിച്ച് അല്ലാഹു പറയുന്നു: "എല്ലാ വാതിലിലൂടെയും സ്വർഗക്കാർ അവർക്കരികിലേക്ക് പ്രവേശിക്കും. അവർ പറയും: നിങ്ങൾ ക്ഷമിച്ചതു കാരണത്താൽ നിങ്ങൾക്ക് സലാം! എത്ര നല്ല അന്തിമഭവനമാണ് (സ്വർഗം!)"

സ്വഹീഹുൽ ബുഖാരിയിൽ വന്നിട്ടുള്ള, അബൂ ഹുറൈറ (رَضِيَٱللَّهُعَنْهُ) ഉദ്ധരിക്കുന്ന ഒരു ഹദീഥ് ഇപ്രകാരമാണ്: നബി ﷺ പറഞ്ഞു: "അല്ലാഹു ഒരു അടിമയെ സ്നേഹിച്ചാൽ അവൻ ജിബ്രീലിനെ വിളിച്ചുകൊണ്ട് പറയും: അല്ലാഹു ഇന്നയാളെ സ്നേഹിക്കുന്നു. അതുകൊണ്ട് നീയും അദ്ദേഹത്തെ സ്നേഹിക്കുക. അപ്പോൾ ജിബ്രീലും അദ്ദേഹത്തെ സ്നേഹിക്കുന്നു. എന്നിട്ട് ജിബ്രീൽ ആകാശവാസികൾക്കിടയിൽ വിളിച്ചുപറയും: അല്ലാഹു ഇന്നയാളെ സ്നേഹിക്കുന്നു. അതിനാൽ നിങ്ങളും അദ്ദേഹത്തെ സ്നേഹിക്കുക. അങ്ങനെ ആകാശവാസികളും അദ്ദേഹത്തെ സ്നേഹിക്കുന്നു. പിന്നീട് ഭൂമിയിൽ അദ്ദേഹത്തിന് സ്വീകാര്യത നൽകപ്പെടുന്നു."

ബുഖാരിയിൽ തന്നെയുള്ള, അബൂ ഹുറൈറ (رَضِيَٱللَّهُعَنْهُ) തന്നെ ഉദ്ധരിക്കുന്ന മറ്റൊരു ഹദീഥ് ഇങ്ങനെയാണ്: നബി ﷺ പറഞ്ഞു:"വെള്ളിയാഴ്ച ദിവസമായാൽ മസ്ജിദിന്റെ ഓരോ വാതിൽക്കലും മലക്കുകളുണ്ടാവും. വരുന്നവരെ ഓരോരുത്തരെയും ക്രമപ്രകാരം അവർ രേഖപ്പെടുത്തുന്നതാണ്. ഇമാം വന്നിരുന്നാൽ അവർ ഏടുകൾ അടച്ചുവെക്കുകയും ഉൽബോധനം ശ്രദ്ധിച്ചുകേൾക്കാനായി ഇരിക്കുകയും ചെയ്യും."

ഈ ആയത്തുകളും ഹദീഥുകളുമെല്ലാം അറിയിക്കുന്നത് മലക്കുകൾ എന്നാൽ സൃഷ്ടികളിലെ ഒരു വിഭാഗമാണ് എന്നത് തന്നെയാണ്. വഴികെട്ട ചിലർ ജൽപിച്ചിട്ടുള്ളതുപോലെ ചിന്താതലത്തിൽ മാത്രം നിലനിൽക്കുന്ന ഒരു ശക്തിയാണ് എന്നല്ല. ഈ മതപ്രമാണങ്ങൾ പഠിപ്പിച്ച വിശ്വാസമെന്തോ അതിലാണ് മുസ്‌ലിംകൾ മുഴുവൻ ഏകോപിച്ചിട്ടുള്ളത്.

## അല്ലാഹുവിൻ്റെ കിതാബുകളിലുള്ള വിശ്വാസം

'കിതാബ്' എന്നാൽ എഴുതപ്പെട്ട ഗ്രന്ഥം എന്നാണർത്ഥം. 'കിതാബ്' എന്ന പദത്തിന്റെ ബഹുവചനം 'കുതുബ്' എന്നാണ്

ഇവിടെ അതുകൊണ്ടുള്ള ഉദ്ദേശം അല്ലാഹു അവൻ്റെ റസൂലുകൾക്ക് അവതരിപ്പിച്ചുകൊടുത്ത ഗ്രന്ഥങ്ങളാണ്. സൃഷ്ടികളോടുള്ള അവൻ്റെ കാരുണ്യം കൊണ്ടാണ് അല്ലാഹു കിതാബുകൾ അവതരിപ്പിച്ചത്. അവർ സന്മാർഗം പ്രാപിക്കാനും അതുമുഖേന ഇഹപര സൗഭാഗ്യം നേടുവാനും വേണ്ടി.

കിതാബുകളിലുള്ള വിശ്വാസത്തിൽ ഉൾപ്പെടുന്ന നാലു കാര്യങ്ങളുണ്ട്.

ഒന്ന്: അതെല്ലാം യഥാർത്ഥത്തിൽ തന്നെ അല്ലാഹുവിൽ നിന്ന് അവതീർണമായതാണ് എന്ന് വിശ്വസിക്കുക.

രണ്ട്: അവയിൽ പേര് പറയപ്പെട്ടവയിൽ ആ പേരുകൾ സഹിതം തന്നെ വിശ്വസിക്കുക. ഉദാഹരണത്തിന് മുഹമ്മദ് നബി ﷺ ക്ക് അവതരിപ്പിക്കപ്പെട്ട ഗ്രന്ഥമാണ് ഖുർആൻ. മൂസാ നബി (عَلَيْهِ السَّلَامُ) ക്ക് അവതരിപ്പിക്കപ്പെട്ട ഗ്രന്ഥമാണ്

തൗറാത്ത്.ഈസാ നബി (ﷺ) ക്ക് അവതരിപ്പിക്കപ്പെട്ട ഗ്രന്ഥമാണ് ഇൻജീൽ.ദാവൂദ് നബി (ﷺ) ക്ക് അവതരിപ്പിക്കപ്പെട്ട ഗ്രന്ഥമാണ് സബൂർ. എന്നാൽ പേര് നമുക്കറിയാത്ത ഗ്രന്ഥങ്ങളുണ്ട്. അവയുടെ പേര് പറയാതെ തന്നെ മൊത്തത്തിൽ നാമവയിൽ വിശ്വസിക്കണം.

മൂന്ന്: ആ ഗ്രന്ഥങ്ങളിൽ വന്നിട്ടുള്ള എല്ലാ വൃത്താന്തങ്ങളിലും വിശ്വസിക്കുക. ഖുർആനിൽ വന്ന വിവരങ്ങൾ ഉദാഹരണം. അതുപോലെ പഴയകാല ഗ്രന്ഥങ്ങൾ മാറ്റത്തിരുത്തലുകൾക്ക് വിധേയമാകുന്നതിന് മുൻപ് അവയിലുണ്ടായിരുന്ന വിവരങ്ങളും സത്യമാണെന്ന് വിശ്വസിക്കണം.

നാല്: ആ ഗ്രന്ഥങ്ങളിൽ വന്നിട്ടുള്ള, ദുർബലപ്പെടുത്തപ്പെട്ടിട്ടില്ലാത്ത വിധിവിലക്കുകൾ അനുസരിച്ചു പ്രവർത്തിക്കണം. ആ വിധിവിലക്കുകൾ തൃപ്തിപ്പെടുകയും അതിന് കീഴൊതുങ്ങുകയും ചെയ്യണം. അതിനു പിന്നിലുള്ള യുക്തിയും ഉദ്ദേശ്യലക്ഷ്യങ്ങളും നമുക്ക് മനസിലായാലും ഇല്ലെങ്കിലും ശരി. പഴയകാല ഗ്രന്ഥങ്ങൾ മുഴുവൻ ഖുർആനിന്റെ അവതരണത്തോടെ ദുർബലപ്പെടുത്തപ്പെട്ടിരിക്കുന്നു.

قَالَ اللَّهُ تَعَالَى: ﴿وَأَنزَلْنَآ إِلَيْكَ ٱلْكِتَٰبَ بِٱلْحَقِّ مُصَدِّقًا لِّمَا بَيْنَ يَدَيْهِ مِنَ ٱلْكِتَٰبِ وَمُهَيْمِنًا عَلَيْهِ﴾ [المائدة: ٤٨] أي: (حاكمًا عليه).

അല്ലാഹു പറയുന്നു: "യാഥാർഥ്യവുമായിക്കൊണ്ട് നാം നിനക്ക് ഈ ഗ്രന്ഥം അവതരിപ്പിച്ചു തന്നിരിക്കുന്നു. അതിനു മുൻപുള്ള ഗ്രന്ഥങ്ങളെ ശരിവെക്കുന്നതും അവയ്ക്ക് മേൽ വിധിപറയുന്നതുമായിക്കൊണ്ട്." (അൽ മാഇദഃ: 48)

അതിനാൽ പഴയകാല ഗ്രന്ഥങ്ങളിലെ ഒരു വിധിവിലക്കുമനുസരിച്ച് പ്രവർത്തിക്കാൻ ഇനി പാടില്ല.

അതിൽ ഖുർആൻ ശരിവെച്ചതും അംഗീകരിച്ചതുമായ വിധിവിലക്കുകൾ ഒഴികെ.

കിതാബുകളിലുള്ള വിശ്വാസം കൊണ്ട് ലഭിക്കുന്ന പ്രയോജനങ്ങളും ഗുണപാഠങ്ങളും അനേകമുണ്ട്. അതിൽ ചിലത് കാണുക:

ഒന്ന്: അല്ലാഹു അവൻ്റെ അടിമകളെ എത്ര മാത്രം പരിഗണിച്ചിട്ടുണ്ട് എന്ന അറിവ്. അല്ലാഹു ഓരോ ജനവിഭാഗങ്ങൾക്കും ഗ്രന്ഥം നൽകിയിരിക്കുന്നു

രണ്ട്: മതനിയമങ്ങൾ നിശ്ചയിച്ചതിലെ അല്ലാഹുവിൻ്റെ മഹത്തരമായ യുക്തി. അല്ലാഹു ഓരോ ജനതക്കും അവരുടെ അവസ്ഥക്ക് യോജിച്ച മതനിയമങ്ങൾ നിശ്ചയിച്ചു നൽകിയിരിക്കുന്നു.

كَمَا قَالَ اللَّهُ تَعَالَى: ﴿لِكُلّٖ جَعَلۡنَا مِنكُمۡ شِرۡعَةٗ وَمِنۡهَاجٗاۚ﴾ [المائدة: ٤٨].

അല്ലാഹു പറഞ്ഞതുനോക്കൂ: "നിങ്ങളിൽ ഓരോ ജനതയ്ക്കും നാം മതസംഹിതയും വ്യക്തമായ മാർഗവും നിശ്ചയിച്ചു നൽകിയിരിക്കുന്നു." (അൽ മാഇദഃ: 48)

രണ്ട്: സന്മാർഗം വിവരിക്കുന്ന ഗ്രന്ഥം അവതരിപ്പിച്ചതിന് അല്ലാഹുവിന് നന്ദിയുള്ളവരാവുക.

# റസൂലുകളിലുള്ള വിശ്വാസം

റസൂൽ എന്നാൽ ദൂതൻ എന്നാണർത്ഥം. റുസുൽ എന്നതാണ് ബഹുവചനം.

മനുഷ്യരിൽ വെച്ച് അല്ലാഹു തെരഞ്ഞെടുക്കുകയും അവൻ്റെ മതനിയമങ്ങൾ വഹ്‌യ് നൽകുകയും അത് ജനങ്ങൾക്കെത്തിക്കാൻ കൽപിക്കുകയും ചെയ്തവരാണ് റസൂലുകൾ.

ആദ്യത്തെ റസൂൽ നൂഹ് നബി (عَلَيْهِ ٱلسَّلَامُ) യാണ്. അവസാനത്തെ റസൂൽ മുഹമ്മദ് നബി ﷺ യും.

അല്ലാഹു പറയുന്നു: "നൂഹിനും അദ്ദേഹത്തിന് ശേഷമുള്ള നബിമാർക്കും സന്ദേശം നൽകിയതുപോലെ താങ്കൾക്കും നാം സന്ദേശം നൽകിയിരിക്കുന്നു." (അന്നിസാഅ്: 163)

സ്വഹീഹുൽ ബുഖാരിയിൽ വന്നിട്ടുള്ള അനസ് ബ്നു മാലിക് (رَضِيَ ٱللَّهُ عَنْهُ) ഉദ്ധരിക്കുന്ന ശഫാഅത്തിനെക്കുറിച്ചുള്ള ഹദീഥിൽ നബി ﷺ ഇങ്ങനെ പറഞ്ഞതായി കാണാം:"ജനങ്ങളെല്ലാം അല്ലാഹുവിനോട് അവർക്കുവേണ്ടി ശുപാർശ ചെയ്യുന്നതിനായി ആദം നബിയുടെ അരികിലേക്ക് ചെല്ലും. അപ്പോൾ തൻ്റെ ഒഴിവുകഴിവ് ബോധിപ്പിച്ചുകൊണ്ട് ആദം നബി പറയും: നിങ്ങൾ നൂഹിന്റെ അരികിലേക്ക് ചെല്ലുക. അല്ലാഹു നിയോഗിച്ച ഒന്നാമത്തെ റസൂൽ അദ്ദേഹമാണ്."

മുഹമ്മദ് നബി ﷺ യെക്കുറിച്ച് അല്ലാഹു ഇങ്ങനെ പറഞ്ഞിരിക്കുന്നു:

﴿مَّا كَانَ مُحَمَّدٌ أَبَآ أَحَدٍ مِّن رِّجَالِكُمْ وَلَٰكِن رَّسُولَ ٱللَّهِ وَخَاتَمَ ٱلنَّبِيِّـۧنَ﴾ [الأحزاب: ٤٠].

"മുഹമ്മദ് നിങ്ങളിൽ ഒരു പുരുഷന്റെയും പിതാവല്ല. മറിച്ച് അദ്ദേഹം അല്ലാഹുവിന്റെ ദൂതനും നബിമാരിൽ അന്തിമനുമാണ്." (അൽ അഹ്സാബ്: 40)

എല്ലാ സമൂഹങ്ങളിലേക്കും ഒന്നുകിൽ ഒരു സ്വതന്ത്രമായ മതസംഹിതയുമായി അല്ലാഹു ഒരു റസൂലിനെ അയക്കും. അല്ലെങ്കിൽ മുൻപുണ്ടായിരുന്ന ഒരു ശരീഅത്ത് ബോധനം നൽകിക്കൊണ്ട് അല്ലാഹു ഒരു നബിയെ നിയോഗിക്കും. അല്ലാഹുവിന്റെ അനുമതിയോടെ ആ നബി അവർക്കത് പുതുക്കി നൽകും. ഇതിലേതെങ്കിലുമൊന്നില്ലാതെ ഒരു സമൂഹവും ലോകത്ത് കടന്നുപോയിട്ടില്ല.

﴿وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَّسُولًا أَنِ ٱعْبُدُوا۟ ٱللَّهَ وَٱجْتَنِبُوا۟ ٱلطَّٰغُوتَ﴾ [النحل: ٣٦].

"എല്ലാ സമൂഹങ്ങളിലേക്കും നാം റസൂലിനെ നിയോഗിച്ചിട്ടുണ്ട്. അല്ലാഹുവിനെ നിങ്ങൾ ആരാധിക്കുകയും അവനുപുറമെ ആരാധിക്കപ്പെടുന്നവരെ വെടിയുകയും ചെയ്യുക (എന്ന സന്ദേശവുമായി)." (അന്നഹ്ൽ: 36)

അല്ലാഹു പറയുന്നു: "ഒരു താക്കീതുകാരനില്ലാതെ ഒരു ജനസമൂഹവും കടന്നുപോയിട്ടില്ല." (ഫാത്വിർ: 24)

അല്ലാഹു വീണ്ടും പറയുന്നു: "നാം തൗറാത്ത് അവതരിപ്പിച്ചിരിക്കുന്നു. അതിൽ സന്മാർഗവും പ്രകാശവുമുണ്ട്. അല്ലാഹുവിന് കീഴ്പെട്ട നബിമാർ അതുകൊണ്ട് യഹൂദർക്കിടയിൽ വിധിപറയുമായിരുന്നു." (അൽ മാഇദഃ: 44)

റസൂലുകൾ മനുഷ്യരാണ്. അവർ സൃഷ്ടികളാണ്. അവർ റബ്ബുകളല്ല. റബ്ബിന്റെ യാതൊരു സവിശേഷതയും അവർക്കില്ല. അവർ ഇലാഹുകളല്ല. ഇലാഹിന്റെ പ്രത്യേകതകളൊന്നും അവർക്കില്ല. റസൂലുകളിൽ ഏറ്റവും

ശ്രേഷ്ഠരും അല്ലാഹുവിങ്കൽ ഏറ്റവും സ്ഥാനമുള്ളവരുമായ മുഹമ്മദ് നബിയെക്കുറിച്ച് അല്ലാഹു പറഞ്ഞത് കാണുക:

﴿قُل لَّآ أَمۡلِكُ لِنَفۡسِي نَفۡعٗا وَلَا ضَرًّا إِلَّا مَا شَآءَ ٱللَّهُۚ وَلَوۡ كُنتُ أَعۡلَمُ ٱلۡغَيۡبَ لَٱسۡتَكۡثَرۡتُ مِنَ ٱلۡخَيۡرِ وَمَا مَسَّنِيَ ٱلسُّوٓءُۚ إِنۡ أَنَا۠ إِلَّا نَذِيرٞ وَبَشِيرٞ لِّقَوۡمٖ يُؤۡمِنُونَ﴾ [الأعراف: ١٨٨].

"പറയുക: എനിക്കുതന്നെ ഒരുപകാരമോ ഉപദ്രവമോ വരുത്തുക എന്റെ നിയന്ത്രണത്തിലല്ല. അല്ലാഹു ഉദ്ദേശിച്ചതൊഴികെ. എനിക്ക് അദൃശ്യം അറിയാമായിരുന്നെങ്കിൽ ഞാൻ ധാരാളം നന്മകൾ നേടുമായിരുന്നു. ഒരുപദ്രവവും എന്നെ ബാധിക്കുമായിരുന്നില്ല. ഞാൻ ഒരു താക്കീതുകാരനും വിശ്വസിക്കുന്നവർക്ക് സന്തോഷവാർത്ത അറിയിക്കുന്നവനും മാത്രമാകുന്നു." (അൽ അഅ്റാഫ്: 188)

അല്ലാഹു പറയുന്നു: "പറയുക: നിങ്ങൾക്കുള്ള ഉപകാരമോ ഉപദ്രവമോ എൻ്റെ നിയന്ത്രണത്തിലല്ല. പറയുക: (ഞാൻ അല്ലാഹുവിനെ ധിക്കരിക്കുകയാണെങ്കിൽ) എന്നെ അവനിൽ നിന്ന് രക്ഷപ്പെടുത്താൻ ആരും തന്നെയില്ല. അവനിൽ നിന്ന് ഒരഭയകേന്ദ്രവും എനിക്ക് കണ്ടെത്താനാവുകയുമില്ല." (അൽ ജിന്ന്: 21-22)

മനുഷ്യരെ ബാധിക്കുന്ന കാര്യങ്ങൾ അവരെയും ബാധിക്കും. രോഗം, മരണം, വിശപ്പും ദാഹവും തുടങ്ങിയ കാര്യങ്ങളെല്ലാം അവർക്കുമുണ്ടാകും. ഇബ്റാഹീം (عَلَيۡهِ ٱلصَّلَاةُ وَٱلسَّلَامُ) തൻ്റെ റബ്ബിനെ വിശേഷിപ്പിക്കാൻ പറഞ്ഞ വാചകങ്ങൾ അല്ലാഹു ഓർമപ്പെടുത്തിയത് നോക്കൂ:

﴿وَٱلَّذِي هُوَ يُطۡعِمُنِي وَيَسۡقِينِ ۝٧٩ وَإِذَا مَرِضۡتُ فَهُوَ يَشۡفِينِ ۝٨٠ وَٱلَّذِي يُمِيتُنِي ثُمَّ يُحۡيِينِ﴾ [الشعراء: ٧٩-81].

"അവനാണ് എനിക്ക് ഭക്ഷണമേകുന്നതും വെള്ളം നൽകുന്നതും. എനിക്ക് രോഗം ബാധിച്ചാൽ ശമനമേകുന്നതും അവനാണ്. എന്നെ മരിപ്പിക്കുന്നതും അതിനുശേഷം ജീവിപ്പിക്കുന്നതും അവൻ തന്നെ." (അശ്ശുഅറാഅ്: 79-81)

നബി ﷺ പറഞ്ഞിരിക്കുന്നു: "ഞാൻ നിങ്ങളെപ്പോലൊരു മനുഷ്യൻ മാത്രമാണ്. നിങ്ങൾക്ക് മറവി സംഭവിക്കുന്നതുപോലെ എനിക്കും മറവി സംഭവിക്കും. അതുകൊണ്ട് ഞാൻ മറന്നുപോയാൽ നിങ്ങളെന്നെ ഓർമപ്പെടുത്തുക."

അല്ലാഹു അവരെ തൻ്റെ അടിമകൾ എന്ന് അവരെ പ്രശംസിക്കുന്ന ഇടങ്ങളിലും അവരുടെ ഉന്നതമായ സ്ഥാനം വിവരിക്കുന്ന സന്ദർഭങ്ങളിലും വിശേഷിപ്പിച്ചിരിക്കുന്നു.നൂഹ് നബി (ﷺ) യെക്കുറിച്ച് അല്ലാഹു പറഞ്ഞത് കാണുക: "തീർച്ചയായും അദ്ദേഹം ഏറെ നന്ദിയുള്ള ഒരു അടിമയായിരുന്നു." (അൽ ഇസ്റാഅ്: 3) മുഹമ്മദ് നബി ﷺ യെക്കുറിച്ച് അല്ലാഹു പറയുന്നു: "തൻ്റെ അടിമക്ക് സത്യാസത്യ വിവേചനം (ഖുർആൻ) അവതരിപ്പിച്ചവനായ അല്ലാഹു അനുഗ്രഹസമ്പൂർണനാകുന്നു. അദ്ദേഹം ലോകരിലേക്ക് മുഴുവനുമുള്ള താക്കീതുകാരനാകാൻ വേണ്ടി." (അൽ ഫുർഖാൻ: 1)

ഇബ്റാഹീം, ഇസ്ഹാഖ്, യഅ്ഖൂബ് എന്നീ നബിമാരെക്കുറിച്ച് അല്ലാഹു പറയുന്നു: "നമ്മുടെ അടിമകളായ ഇബ്റാഹീം, ഇസ്ഹാഖ്, യഅ്ഖൂബ് എന്നിവരെ നീ സ്മരിക്കുക. അവർ (അല്ലാഹുവിനെ അനുസരിക്കുന്ന കാര്യങ്ങളിൽ) ശക്തിയും (അവൻ്റെ ദീനിനെക്കുറിച്ച്)) ഉൾക്കാഴ്ചയുമുള്ളവരായിരുന്നു. നാമവരെ കളങ്കമറ്റ ഒരൊറ്റ ലക്ഷ്യമുള്ളവരാക്കി.

പരലോകത്തെകുറിച്ചുള്ള ഓർമയത്രെ അത്. നിശ്ചയം, അവർ നമ്മുടെയരികിൽ സവിശേഷതയുള്ളവരും തെരഞ്ഞെടുക്കപ്പെട്ടവരും തന്നെയാകുന്നു." (സ്വാദ്: 45-47)

ഈസാ ബ്നു മർയമിനെക്കുറിച്ച് അല്ലാഹു പറഞ്ഞു: "നാം അനുഗ്രഹം ചൊരിഞ്ഞ ഒരു അടിമ തന്നെയാകുന്നു അദ്ദേഹം. ഇസ്റാഈൽ സന്തതികൾക്ക് നാം അദ്ദേഹത്തെ ഒരു ഗുണപാഠമാക്കിയിരിക്കുന്നു." (സുഖ്റുഫ്: 59)

റസൂലുകളിലുള്ള വിശ്വാസത്തിൽ ഉൾക്കൊള്ളുന്ന നാലു കാര്യങ്ങളുണ്ട്.

ഒന്ന്: അവർ അല്ലാഹുവിൻ്റെ യഥാർത്ഥ റസൂലുകളാണെന്ന് വിശ്വസിക്കുക. അവരിൽ ആരുടെയെങ്കിലും രിസാലത്തിനെ വല്ലവനും നിഷേധിച്ചാൽ മുഴുവൻ റസൂലുകളിലും അവൻ അവിശ്വസിച്ചിരിക്കുന്നു.അല്ലാഹു പറഞ്ഞത് കാണുക: "നൂഹിൻ്റെ ജനത (അല്ലാഹുവിൻ്റെ) ദൂതന്മാരെ നിഷേധിച്ചിരിക്കുന്നു." (ശുഅറാഅ്: 105) നൂഹ് നബിയെ അവർ നിഷേധിച്ച കാലത്ത് നൂഹല്ലാതെ മറ്റൊരു റസൂലും ലോകത്ത് കടന്നുവന്നിട്ടില്ല. എന്നിട്ടും ആ ജനത മുഴുവൻ റസൂലുകളെയും നിഷേധിച്ചിരിക്കുന്നു എന്നാണ് അല്ലാഹു പറഞ്ഞത്.അതിനാൽ, മുഹമ്മദ് നബി ﷺ യെ നിഷേധിക്കുകയും അവിടുത്തെ പിൻപറ്റാതിരിക്കുകയും ചെയ്ത നസ്വ്റാനികൾ മർയമിന്റെ പുത്രൻ ഈസാ നബി (عَلَيْهِ السَّلَامُ) യെയും നിഷേധിച്ചിരിക്കുന്നു. പ്രത്യേകിച്ച്, ഈസാ (عَلَيْهِ السَّلَامُ) മുഹമ്മദ് നബി ﷺ യെക്കുറിച്ച് സന്തോഷവാർത്ത അറിയിച്ചിട്ടുണ്ട്. അവരെ വഴികേടിൽ നിന്ന് രക്ഷപ്പെടുത്തുകയും സന്മാർഗത്തിലേക്ക് നയിക്കുകയും ചെയ്യുന്ന, അവരിലേക്കുള്ള റസൂലാണ് മുഹമ്മദ് ﷺ എന്നത് കൊണ്ടാണ് ഈസാ (عَلَيْهِ السَّلَامُ) ആ സന്തോഷവാർത്ത അവരെ

അറിയിച്ചത്. അല്ലെങ്കിൽ പിന്നെയതിന് എന്തർത്ഥമാണുള്ളത്?!

രണ്ട്: ആ റസൂലുകളിൽ നമുക്ക് പേരറിയാവുന്നവരെക്കുറിച്ച് അവരുടെ പേരുകൾ സഹിതം തന്നെ നാം വിശ്വസിക്കണം. ഉദാഹരണത്തിന് മുഹമ്മദ്, ഇബ്റാഹീം, മൂസാ, ഈസാ, നൂഹ് (عَلَيْهِمُ السَّلَامُ) എന്നിവർ അല്ലാഹുവിന്റെ റസൂലുകളാണെന്ന് നാം വിശ്വസിക്കുന്നു.ഈ അഞ്ചു നബിമാർ ഉലുൽ അസ്മ് എന്നറിയപ്പെടുന്ന റസൂലുകളാണ്. ഖുർആനിൽ രണ്ടിടങ്ങളിൽ അല്ലാഹു ഉലുൽ അസ്മിനെ ഒരുമിച്ചു പരാമർശിച്ചിരിക്കുന്നു. അല്ലാഹു പറഞ്ഞത് കാണുക:

﴿وَإِذْ أَخَذْنَا مِنَ ٱلنَّبِيِّـۧنَ مِيثَـٰقَهُمْ وَمِنكَ وَمِن نُّوحٍ وَإِبْرَٰهِيمَ وَمُوسَىٰ وَعِيسَى ٱبْنِ مَرْيَمَ ۖ وَأَخَذْنَا مِنْهُم مِّيثَـٰقًا غَلِيظًا﴾ [الأحزاب: ٧].

"നബിമാരിൽ നിന്ന് നാം അവരുടെ കരാർ വാങ്ങിയ സന്ദർഭം. താങ്കളിൽ നിന്നും നൂഹ്, ഇബ്റാഹീം, മർയമിന്റെ പുത്രൻ ഈസാ എന്നിവരോടും. അവരിൽ നിന്നെല്ലാം നാം ശക്തമായ കരാർ വാങ്ങുകയുണ്ടായി." (അൽ അഹ്സാബ്: 7).

وقوله: ﴿شَرَعَ لَكُم مِّنَ ٱلدِّينِ مَا وَصَّىٰ بِهِۦ نُوحًا وَٱلَّذِىٓ أَوْحَيْنَآ إِلَيْكَ وَمَا وَصَّيْنَا بِهِۦٓ إِبْرَٰهِيمَ وَمُوسَىٰ وَعِيسَىٰٓ ۖ أَنْ أَقِيمُوا۟ ٱلدِّينَ وَلَا تَتَفَرَّقُوا۟ فِيهِ ۚ كَبُرَ عَلَى ٱلْمُشْرِكِينَ مَا تَدْعُوهُمْ إِلَيْهِ ۚ ٱللَّهُ يَجْتَبِىٓ إِلَيْهِ مَن يَشَآءُ وَيَهْدِىٓ إِلَيْهِ مَن يُنِيبُ﴾ [الشورى: ١٣].

"നൂഹിന് നാം വസ്വിയ്യത് നൽകിയതും താങ്കൾക്ക് നാം ബോധനം നൽകിയതും ഇബ്റാഹീം, മൂസാ, ഈസാ എന്നിവർക്ക് നാം വസ്വിയ്യത് നൽകിയതുമായ ദീൻ നിങ്ങൾക്ക് അവൻ (അല്ലാഹു) മതമായി നിശ്ചയിച്ചു തന്നിരിക്കുന്നു. ദീൻ നിങ്ങൾ നിലനിർത്തണമെന്നും അതിൽ ഭിന്നിക്കരുതെന്നും. നിങ്ങൾ ക്ഷണിക്കുന്ന കാര്യമേതോ

അത് മുശ്രിക്കുകൾക്ക് പ്രയാസകരമായിരിക്കുന്നു. അല്ലാഹു അവനുദ്ദേശിക്കുന്നവരെ അവന്റെ പ്രത്യേകക്കാരാക്കുകയും അവനിലേക്ക് ഖേദിച്ചുമടങ്ങുന്നവരെ സന്മാർഗത്തിലാക്കുകയും ചെയ്യുന്നു." (ശൂറാ: 13).

എന്നാൽ നമുക്ക് പേരറിയാത്ത നബിമാരും റസൂലുകളുമുണ്ട്. അവരിൽ അങ്ങനെതന്നെ നാം വിശ്വസിക്കുന്നു. അല്ലാഹു പറഞ്ഞത് നോക്കൂ:

﴿وَلَقَدْ أَرْسَلْنَا رُسُلًا مِّن قَبْلِكَ مِنْهُم مَّن قَصَصْنَا عَلَيْكَ وَمِنْهُم مَّن لَّمْ نَقْصُصْ عَلَيْكَ﴾ [غافر: ٧٨].

"നിശ്ചയം, താങ്കൾക്ക് മുൻപ് നാം പല റസൂലുകളെയും നിയോഗിച്ചിട്ടുണ്ട്. അവരിൽ നാം താങ്കൾക്ക് ചരിത്രം വിവരിച്ചുതന്നവരുണ്ട്. ചരിത്രം വിവരിച്ചുതരാത്തവരുമുണ്ട്." (ഗാഫിർ: 78)

മൂന്ന്: അവരെക്കുറിച്ചു വന്നിട്ടുള്ള ശരിയായ വിവരങ്ങൾ വിശ്വസിക്കുക.

നാല്: അവരിൽ നിന്ന് നമ്മിലേക്ക് നിയോഗിക്കപ്പെട്ട റസൂലേതോ അവിടുന്ന് പഠിപ്പിച്ച ശരീഅത് അനുസരിച്ച് ജീവിക്കുക. അത് നബിമാരിൽ അന്തിമനും മുഴുലോകരിലേക്കും നിയോഗിക്കപ്പെട്ടവരുമായ മുഹമ്മദ് നബി ﷺ യാണ്. അല്ലാഹു പറഞ്ഞത് കാണുക:

﴿فَلَا وَرَبِّكَ لَا يُؤْمِنُونَ حَتَّىٰ يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ثُمَّ لَا يَجِدُوا فِي أَنفُسِهِمْ حَرَجًا مِّمَّا قَضَيْتَ وَيُسَلِّمُوا تَسْلِيمًا﴾ [النساء: ٦٥].

"അല്ല! നിൻ്റെ റബ്ബ് തന്നെ സത്യം! അവർ ഭിന്നതയിലായ കാര്യത്തിൽ നിന്നെ അവർ വിധികർത്താവാക്കുകയും, എന്നിട്ട് നീ വിധിച്ച കാര്യത്തിൽ അവർക്ക് യാതൊരു

മനഃപ്രയാസവും തോന്നാതിരിക്കുകയും, പരിപൂർണമായി അതിന് കീഴൊതുങ്ങുകയും ചെയ്യാത്തിടത്തോളം അവർ വിശ്വാസികളാവുകയില്ല." (അന്നിസാഅ്: 65)

റസൂലുകളിലുള്ള വിശ്വാസം കൊണ്ട് ലഭിക്കുന്ന ധാരാളം പ്രയോജനങ്ങളും ഗുണപാഠങ്ങളുമുണ്ട്. അതിൽ ചിലത് കാണുക:

ഒന്ന്: അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ചും അടിമകൾക്ക് അവൻ നൽകിയ പരിഗണനയെക്കുറിച്ചുമുള്ള അറിവ്. അല്ലാഹുവിന്റെ മാർഗത്തിലേക്ക് അവരെ നയിക്കാനും, എങ്ങനെ അല്ലാഹുവിനെ ആരാധിക്കണമെന്ന് പഠിപ്പിക്കാനും അവരിലേക്ക് ദൂതന്മാരെ അവൻ നിയോഗിച്ചിരിക്കുന്നു. കാരണം, മനുഷ്യബുദ്ധി കൊണ്ട് മാത്രം അവ മനസിലാക്കാൻ സാധ്യമല്ല.

രണ്ട്: ഈ മഹാ അനുഗ്രഹത്തിന് അല്ലാഹുവോട് നന്ദിയുള്ളവരാവുക.

മൂന്ന്: റസൂലുകളെ സ്നേഹിക്കുകയും ആദരിക്കുകയും അവർക്ക് യോജിച്ച രൂപത്തിൽ അവരെ പുകഴ്ത്തുകയും ചെയ്യുക. കാരണം അവർ അല്ലാഹുവിന്റെ ദൂതന്മാരാണ്. റബ്ബിനെ ഏറ്റവും നന്നായി ആരാധിക്കുകയും അവന്റെ സന്ദേശം ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുകയും അവന്റെ അടിമകളോട് ഗുണകാംക്ഷ പുലർത്തുകയും ചെയ്തവരാണവർ.

അവിശ്വസിച്ചവരായ ധിക്കാരികൾ റസൂലുകളെ നിഷേധിച്ചത്, മനുഷ്യരുടെ കൂട്ടത്തിൽ നിന്ന് അല്ലാഹുവിന്റെ ദൂതന്മാരുണ്ടാവുകയില്ല എന്ന് വാദിച്ചുകൊണ്ടായിരുന്നു. എന്നാൽ അല്ലാഹു ആ വാദം തകർത്തുകളഞ്ഞിരിക്കുന്നു. അവൻ പറഞ്ഞത് നോക്കൂ:

﴿وَمَا مَنَعَ ٱلنَّاسَ أَن يُؤْمِنُوٓاْ إِذْ جَآءَهُمُ ٱلْهُدَىٰٓ إِلَّآ أَن قَالُوٓاْ أَبَعَثَ ٱللَّهُ بَشَرًا رَّسُولًا ۝٩٤ قُل لَّوْ كَانَ فِي ٱلْأَرْضِ مَلَٰٓئِكَةٌ يَمْشُونَ مُطْمَئِنِّينَ لَنَزَّلْنَا عَلَيْهِم مِّنَ ٱلسَّمَآءِ مَلَكًا رَّسُولًا﴾ [الإسراء: ۝٩٤-95].

"ജനങ്ങളിലേക്ക് സന്മാർഗം വന്നെത്തിയപ്പോൾ അതിൽ വിശ്വസിക്കുന്നതിൽ നിന്ന് അവരെ തടഞ്ഞത് 'അല്ലാഹു റസൂലായി ഒരു മനുഷ്യനെ നിയോഗിക്കുകയോ' എന്ന അവരുടെ ചോദ്യം മാത്രമായിരുന്നു. പറയുക: ഭൂമിയിലൂടെ ശാന്തരായി നടക്കുന്നത് മലക്കുകളായിരുന്നുവെങ്കിൽ നാം അവരിലേക്ക് ആകാശത്തുനിന്നും ഒരു മലക്കിനെ റസൂലായി ഇറക്കിയേനെ." (അൽ ഇസ്റാഅ്: 94-95).

മനുഷ്യനായിരിക്കണം റസൂൽ എന്ന് സ്ഥാപിച്ചുകൊണ്ട് അല്ലാഹു അവരുടെ വാദത്തെ ഫലശൂന്യമാക്കിയിരിക്കുന്നു. കാരണം, റസൂൽ നിയോഗിക്കപ്പെടുന്നത് ഭൂമിയിലുള്ള മനുഷ്യരിലേക്കാണ്. ഭൂമിയിലുള്ളത് മലക്കുകളായിരുന്നെങ്കിൽ അല്ലാഹു അവരിലേക്ക് അവരെപ്പോലെയുള്ള മലക്കിനെ റസൂലായി നിയോഗിക്കുമായിരുന്നു.റസൂലുകളെ നിഷേധിച്ചവർ പറഞ്ഞതായി അല്ലാഹു അറിയിക്കുന്നു:{

﴿ إِنْ أَنتُمْ إِلَّا بَشَرٌ مِّثْلُنَا تُرِيدُونَ أَن تَصُدُّونَا عَمَّا كَانَ يَعْبُدُ ءَابَآؤُنَا فَأْتُونَا بِسُلْطَٰنٍ مُّبِينٍ ۝١٠ قَالَتْ لَهُمْ رُسُلُهُمْ إِن نَّحْنُ إِلَّا بَشَرٌ مِّثْلُكُمْ وَلَٰكِنَّ ٱللَّهَ يَمُنُّ عَلَىٰ مَن يَشَآءُ مِنْ عِبَادِهِۦ ۖ وَمَا كَانَ لَنَآ أَن نَّأْتِيَكُم بِسُلْطَٰنٍ إِلَّا بِإِذْنِ ٱللَّهِ ۚ﴾ [إبراهيم: ۝١٠-11].

"നിങ്ങൾ ഞങ്ങളെപ്പോലുള്ള മനുഷ്യർ മാത്രമാണ്. ഞങ്ങളുടെ പൂർവപിതാക്കൾ ആരാധിച്ചവയിൽ നിന്ന് ഞങ്ങളെ തടയാനാണ് നിങ്ങൾ ഉദ്ദേശിക്കുന്നത്. അതിനാൽ വ്യക്തമായ ഒരു തെളിവ് ഞങ്ങൾക്ക് കൊണ്ടുവന്നുതരിക. അവരുടെ റസൂലുകൾ അവരോട് പറഞ്ഞു: ഞങ്ങൾ

നിങ്ങളെപോലുള്ള മനുഷ്യർ തന്നെയാണ്. എന്നാൽ അവൻ്റെ അടിമകളിൽ അവനുദ്ദേശിക്കുന്നവർക്ക് അനുഗ്രഹം ചൊരിയുന്നു. അല്ലാഹുവിൻ്റെ അനുമതിയോടെയല്ലാതെ ഒരു തെളിവും കൊണ്ടുതരാൻ ഞങ്ങൾക്ക് സാധ്യമല്ല. (ഇബ്റാഹീം: 10-11).

## അന്ത്യനാളിലുള്ള വിശ്വാസം

വിചാരണ ചെയ്യാനും പ്രതിഫലം നൽകാനുമായി അല്ലാഹു മനുഷ്യരെ വീണ്ടും ജീവിപ്പിക്കുന്ന ദിവസമാണ് അന്ത്യനാൾ

ആ പേര് അതിന് നൽകപ്പെടാനുള്ള കാരണം അതിനുശേഷം മറ്റൊരു നാളില്ല എന്നതാണ്. സ്വർഗാവകാശികൾ സ്വർഗത്തിലും നരകാവകാശികൾ നരകത്തിലും സ്ഥിരവാസികളാകുന്ന ദിനമാണത്.

അന്ത്യനാളിലുള്ള വിശ്വാസത്തിൽ ഉൾക്കൊള്ളുന്ന മൂന്ന് കാര്യങ്ങളുണ്ട്.

ഒന്ന്: പുനരുത്ഥാനത്തിലുള്ള വിശ്വാസം: അഥവാ മരണപ്പെട്ടവരെ അല്ലാഹു വീണ്ടും ജീവിപ്പിക്കുന്നതാണ് എന്ന വിശ്വാസം. കാഹളത്തിൽ രണ്ടാമത് ഊതുമ്പോൾ മനുഷ്യരെല്ലാം സർവലോകരുടെയും റബ്ബായ അല്ലാഹുവിലേക്ക് ചെന്നു നിൽക്കുന്നതാണ്. അവരാരും അന്ന് ചെരിപ്പ് ധരിച്ചിട്ടുണ്ടാവുകയില്ല. നഗ്നപാദരായിരിക്കും. വസ്ത്രം ധരിച്ചിരിക്കുകയില്ല. മറിച്ച്, നഗ്നരായിരിക്കും. ചേലാകർമം ചെയ്യാത്ത നിലയിലുമായിരിക്കും. അല്ലാഹു പറയുന്നു:

﴿كَمَا بَدَأْنَآ أَوَّلَ خَلْقٍ نُّعِيدُهُۥ ۚ وَعْدًا عَلَيْنَآ ۚ إِنَّا كُنَّا فَـٰعِلِينَ ﴾ [الأنبياء: ١٠٤].

"ആദ്യം നാം സൃഷ്ടിപ്പ് ആരംഭിച്ചതു പോലെത്തന്നെ നാമത് ആവർത്തിക്കുന്നതാണ്. നാം നൽകിയ

വാഗ്ദാനമാകുന്നു അത്. നിശ്ചയം, നാം പ്രവർത്തിക്കുന്നവൻ തന്നെയാകുന്നു." (അൽ അൻബിയാഅ്: 104).

പുനരുത്ഥാനം യാഥാർഥ്യമാണ്. ഖുർആനും സുന്നത്തും മുസ്‌ലിംകളുടെ ഏകോപിച്ച അഭിപ്രായവും മുഖേന സ്ഥിരപ്പെട്ട കാര്യമാണത്.

അല്ലാഹു പറയുന്നു: "പിന്നീട് അതിനുശേഷം നിങ്ങൾ മരിക്കുന്നതാണ്. അതിനുശേഷം അന്ത്യനാളിൽ നിങ്ങൾ ഉയിർത്തെഴുന്നേല്പിക്കപ്പെടുന്നതുമാണ്." (അൽ മുഅ്മിനൂൻ: 15-16).

നബി ﷺ പറയുന്നു: അന്ത്യനാളിൽ ജനങ്ങൾ നഗ്നപാദരും വസ്ത്രമുടുക്കാത്തവരും ചേലാകർമം ചെയ്യപ്പെടാത്തവരുമായ നിലയിൽ ഉയിർത്തെഴുന്നേൽപിക്കപ്പെടുന്നതാണ്." (ബുഖാരി, മുസ്‌ലിം)

അത് സ്ഥിരപെട്ട യാഥാർഥ്യമാണെന്ന വിഷയത്തിൽ മുസ്‌ലിംകൾ മുഴുവൻ ഏകോപിച്ചിരിക്കുന്നു. അതുതന്നെയാണ് തികഞ്ഞ യുക്തിയും. അല്ലാഹു ഈ സൃഷ്ടികൾക്ക് മടങ്ങിപ്പോകാനുള്ള ഇടം നിശ്ചയിച്ചിരിക്കുന്നു. അല്ലാഹു അവൻ്റെ റസൂലുകൾ മുഖേന അവർക്ക് നിയമമാക്കിയ കാര്യമേതോ അതിൽ അവർ സ്വീകരിച്ച നിലപാടനുസരിച്ച് അവർക്ക് പ്രതിഫലം നൽകുന്നതാണ്. അല്ലാഹു പറയുന്നു:

﴿أَفَحَسِبۡتُمۡ أَنَّمَا خَلَقۡنَٰكُمۡ عَبَثٗا وَأَنَّكُمۡ إِلَيۡنَا لَا تُرۡجَعُونَ﴾ [المؤمنون: ١١٥].

"നിങ്ങൾ വിചാരിച്ചിരിക്കുകയാണോ; നാം നിങ്ങളെ വെറുതെ സൃഷ്ടിച്ചതാണെന്ന്? നമ്മിലേക്ക് നിങ്ങൾ തിരിച്ചുവരികയില്ലെന്ന്?" (അൽ മുഅ്മിനൂൻ: 115).

അല്ലാഹു അവൻ്റെ നബിയോട് പറഞ്ഞിരിക്കുന്നു:

﴿إِنَّ ٱلَّذِي فَرَضَ عَلَيۡكَ ٱلۡقُرۡءَانَ لَرَآدُّكَ إِلَىٰ مَعَادٖۚ﴾ [القصص: ٨٥].

"ഖുർആൻ താങ്കൾക്ക് (പ്രബോധന) ബാധ്യതയാക്കിയവനാരോ അവൻ താങ്കളെ ഒരു മടക്കസ്ഥലത്തേക്ക് തിരിച്ചുകൊണ്ടുപോകുന്നതാണ്." (അൽ ഖസ്വസ്വ്: 85)

രണ്ട്: വിചാരണയിലും പ്രതിഫലത്തിലുമുള്ള വിശ്വാസം. ഓരോ മനുഷ്യനും അവൻ്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിചാരണ ചെയ്യപ്പെടുന്നതും അതിനുള്ള പ്രതിഫലം നൽകപ്പെടുന്നതുമാണ്. ഖുർആനിലും സുന്നത്തിലും അതിന് തെളിവ് വന്നിരിക്കുന്നു. മുസ്‌ലിംകൾ മുഴുവൻ ഈ വിഷയത്തിൽ ഏകോപിച്ചിരിക്കുന്നു.

അല്ലാഹു പറയുന്നു: "തീർച്ചയായും നമ്മുടെ അരികിലേക്ക് തന്നെയാണ് അവരുടെ മടക്കം. അവരുടെ വിചാരണ നമ്മുടെ ബാധ്യത തന്നെയാകുന്നു." (അൽ ഗാശിയഃ:

وَقَالَ تَعَالَى: ﴿مَن جَآءَ بِٱلۡحَسَنَةِ فَلَهُۥ عَشۡرُ أَمۡثَالِهَاۖ وَمَن جَآءَ بِٱلسَّيِّئَةِ فَلَا يُجۡزَىٰٓ إِلَّا مِثۡلَهَا وَهُمۡ لَا يُظۡلَمُونَ﴾ [الأنعام: ١٦٠].

അല്ലാഹു തന്നെ പറയുന്നു: "ആരാണോ നന്മയുമായി വന്നത്; അവന് അതിൻ്റെ പത്തിരട്ടിയുണ്ടായിരിക്കും. ആരാണോ ഒരു തിന്മയുമായി വന്നത് തത്തുല്യമായ പ്രതിഫലമല്ലാതെ അവന് നൽകപ്പെടുകയില്ല. അവർ അനീതിക്ക് വിധേയരാവുകയില്ല." (അൽ അൻആം: 160).

وَقَالَ تَعَالَى: ﴿وَنَضَعُ ٱلۡمَوَٰزِينَ ٱلۡقِسۡطَ لِيَوۡمِ ٱلۡقِيَٰمَةِ فَلَا تُظۡلَمُ نَفۡسٞ شَيۡـٔٗاۖ وَإِن كَانَ مِثۡقَالَ حَبَّةٖ مِّنۡ خَرۡدَلٍ أَتَيۡنَا بِهَاۗ وَكَفَىٰ بِنَا حَٰسِبِينَ﴾ [الأنبياء: ٤٧].

"അന്ത്യനാളിലേക്കായി നീതിയുടെ തുലാസുകൾ നാം സ്ഥാപിക്കുന്നതാണ്. ഒരാളും അല്പം പോലും അനീതിക്ക്

വിധേയനാവുകയില്ല. ഒരു അണുമണിതൂക്കമേ ഉള്ളൂ എങ്കിൽ പോലും അതും നാം കൊണ്ടുവരുന്നതാണ്. വിചാരണ ചെയ്യാൻ നാം തന്നെ മതി." (അൽ അൻബിയാഅ്: 47).

ഇബ്നു ഉമർ (رَضِيَ اللَّهُ عَنْهُمَا) പറയുന്നു: നബി ﷺ പറഞ്ഞിരിക്കുന്നു: "അല്ലാഹു ഒരു മുഅ്മിനിനെ അടുപ്പിക്കുകയും തൻ്റെ മറ അവനുമേൽ ഏർപ്പെടുത്തുകയും ചെയ്യുന്നതാണ്. എന്നിട്ടവൻ ചോദിക്കും: 'ഇന്ന ഒരു തിന്മ നീ ഓർക്കുന്നുണ്ടോ? ഇന്ന ഒരു തിന്മ നീ ഓർക്കുന്നുണ്ടോ?' അയാൾ പറയും: ഉണ്ട് എൻ്റെ റബ്ബേ! അങ്ങനെ അവൻ്റെ തിന്മകളെല്ലാം അവനെക്കൊണ്ട് അല്ലാഹു സമ്മതിപ്പിക്കുകയും താൻ നശിച്ചതുതന്നെയെന്ന് അയാൾ മനസ്സിൽ വിചാരിക്കുകയും ചെയ്താൽ അല്ലാഹു പറയും: ഇഹലോകത്ത് ഞാനവ മറച്ചുവെക്കുകയുണ്ടായി. ഇന്നിതാ അതെല്ലാം ഞാൻ നിനക്ക് പൊറുത്തുതരുന്നു. അങ്ങനെ അവൻ്റെ നന്മയുടെ രേഖ അവന് നൽകപ്പെടും. എന്നാൽ കാഫിറുകളുടെയും മുനാഫിഖുകളുടെയും സ്ഥിതിയാകട്ടെ ഇങ്ങനെയാണ്: സൃഷ്ടികളെല്ലാം കേൾക്കുമാറ് വിളിച്ചുപറയപ്പെടും: ഇവരാകുന്നു തങ്ങളുടെ റബ്ബിന്റെ പേരിൽ കളവുപറഞ്ഞവർ. അക്രമികളുടെ മേൽ അല്ലാഹുവിന്റെ ശാപമുണ്ടാകട്ടെ."(ബുഖാരി, മുസ്‌ലിം)

നബി ﷺ പറഞ്ഞിരിക്കുന്നു: "ആരാണോ ഒരു നന്മ ചെയ്യാനുദ്ദേശിക്കുകയും അത് പ്രവർത്തിക്കുകയും ചെയ്തത്; അല്ലാഹു അവന്റെയരികിൽ പത്ത് നന്മകൾ മുതൽ എഴുനൂറ് ഇരട്ടിവരെയും അതിലുമധികം എത്രയോ ഇരട്ടിയായും രേഖപ്പെടുത്തുന്നതാണ്. ആരാണോ ഒരു തിന്മ ചെയ്യാനുദ്ദേശിക്കുകയും അത് പ്രവർത്തിക്കുകയും

ചെയ്തത്; അല്ലാഹു അത് ഒരു തിന്മയായി മാത്രം രേഖപ്പെടുത്തുന്നതാണ്."

പ്രവർത്തനങ്ങൾ വിചാരണ ചെയ്യപ്പെടുമെന്നും അവയ്ക്ക് പ്രതിഫലം നല്കപ്പെടുമെന്നുമുള്ള കാര്യത്തിൽ മുസ്‌ലിംകൾ ഏകോപിച്ചിരിക്കുന്നു. യുക്തിയുടെ താത്പര്യമതാണ്. അല്ലാഹു ഗ്രന്ഥങ്ങൾ അവതരിപ്പിക്കുകയും റസൂലുകളെ നിയോഗിക്കുകയും അവർ കൊണ്ടുവന്നത് സ്വീകരിക്കുക അടിമകളുടെ മേലുള്ള നിർബന്ധബാധ്യതയാക്കുകയും ചെയ്തിട്ടുണ്ട്. അവരെല്ലാം അതനുസരിച്ച് പ്രവർത്തിക്കൽ നിർബന്ധമാണ്. ആ ആദർശത്തിന്റെ വിരോധികളോട് യുദ്ധം ചെയ്യുക അടിമകൾക്ക് മേൽ അല്ലാഹു നിർബന്ധമാക്കിയിരിക്കുന്നു. അവരുടെ രക്തവും സമ്പത്തും അല്ലാഹു മുസ്‌ലിംകൾക്ക് അനുവദനീയമാക്കിയിരിക്കുന്നു. അവരുടെ സ്ത്രീകളെയും കുട്ടികളെയും അടിമകളാക്കി വെക്കുവാൻ അവൻ അനുവദിച്ചിരിക്കുന്നു.വിചാരണയും പ്രതിഫലവുമൊന്നും ഇല്ലെങ്കിൽ ഇപ്പറഞ്ഞതെല്ലാം വെറുതെയായിത്തീരും. അങ്ങനെ നിരർത്ഥകമായ കാര്യങ്ങൾ നിശ്ചയിക്കുക എന്നത് ഒരിക്കലും യുക്തിമാനായ അല്ലാഹുവിന് യോജിക്കുകയില്ല. അല്ലാഹു അക്കാര്യം സൂചിപ്പിച്ചത് കാണുക:

﴿فَلَنَسْـَٔلَنَّ ٱلَّذِينَ أُرْسِلَ إِلَيْهِمْ وَلَنَسْـَٔلَنَّ ٱلْمُرْسَلِينَ ۝٦ فَلَنَقُصَّنَّ عَلَيْهِم بِعِلْمٍۖ وَمَا كُنَّا غَآئِبِينَ﴾ [الأعراف: ٦-7].

"ആരിലേക്ക് നാം റസൂലുകളെ നിയോഗിച്ചുവോ അവരെയും റസൂലുകളെയും നാം ചോദ്യം ചെയ്യുക തന്നെ ചെയ്യുന്നതാണ്. അറിവിൻ്റെ അടിസ്ഥാനത്തിൽ നാം അവർക്ക് കഥ വിവരിച്ചുകൊടുക്കുക തന്നെചെയ്യും. നാം അസന്നിഹിതനായിട്ടേയില്ല തന്നെ." (അൽ അഅ്റാഫ്: 6-7).

മൂന്ന്: സ്വർഗനരകങ്ങളിലുള്ള വിശ്വാസം. സൃഷ്ടികളുടെ അന്തിമ സങ്കേതം അവിടെയാണ് എന്ന വിശ്വാസം.

അല്ലാഹു അവനെ സൂക്ഷിച്ചു ജീവിച്ച മുഅ്മിനുകൾക്ക് ഒരുക്കിവെച്ച അനുഗ്രഹങ്ങളുടെ ഗേഹമാണ് സ്വർഗം. വിശ്വസിക്കുക നിർബന്ധമായ കാര്യങ്ങളിലെല്ലാം വിശ്വസിക്കുകയും, അല്ലാഹുവിനോടും അവൻ്റെ റസൂലിനോടുമുള്ള അനുസരണയിൽ നിലകൊള്ളുകയും അല്ലാഹുവിനെ മാത്രം നിഷ്കളങ്കമായി ആരാധിക്കുകയും റസൂലിനെ പിൻപറ്റുകയും ചെയ്തവർക്കുള്ളതാണ് സ്വർഗം. അവിടെ എണ്ണമറ്റയിനം സുഖാനുഗ്രഹങ്ങളുണ്ട്. ഒരു കണ്ണും കണ്ടിട്ടില്ലാത്ത ഒരു കാതും കേട്ടിട്ടില്ലാത്ത ഒരു മനുഷ്യഹൃദയത്തിലും മിന്നിമറഞ്ഞിട്ടു പോലുമില്ലാത്ത അനുഗ്രഹങ്ങൾ... അല്ലാഹു പറയുന്നു:

﴿إِنَّ ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ أُوْلَٰٓئِكَ هُمۡ خَيۡرُ ٱلۡبَرِيَّةِ ۝٧ جَزَآؤُهُمۡ عِندَ رَبِّهِمۡ جَنَّٰتُ عَدۡنٖ تَجۡرِي مِن تَحۡتِهَا ٱلۡأَنۡهَٰرُ خَٰلِدِينَ فِيهَآ أَبَدٗاۖ رَّضِيَ ٱللَّهُ عَنۡهُمۡ وَرَضُواْ عَنۡهُۚ ذَٰلِكَ لِمَنۡ خَشِيَ رَبَّهُۥ﴾ [البينة: ٧-8].

"വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവരാണ് സൃഷ്ടികളിൽ ഏറ്റവും ഉത്തമർ. അവരുടെ റബ്ബിനരികിൽ അവർക്കുള്ള പ്രതിഫലം സ്ഥിരവാസത്തിനുള്ള സ്വർഗ്ഗത്തോപ്പുകളാകുന്നു. അതിനു താഴ്ഭാഗത്തു കൂടെ അരുവികളൊഴുകുന്നു. അവരവിടെ ശാശ്വതരായിരിക്കും. അല്ലാഹു അവരെ തൃപ്തിപ്പെട്ടിരിക്കുന്നു. അവർ അവനെയും തൃപ്തിപ്പെട്ടിരിക്കുന്നു. തൻ്റെ റബ്ബിനെ ഭയപ്പെട്ടവനുള്ളതാകുന്നു അത്." (അൽ ബയ്യിനഃ: 7-8).

وَقَالَ تَعَالَى: ﴿فَلَا تَعۡلَمُ نَفۡسٞ مَّآ أُخۡفِيَ لَهُم مِّن قُرَّةِ أَعۡيُنٖ جَزَآءَۢ بِمَا كَانُواْ يَعۡمَلُونَ﴾ [السجدة: ١٧].

അല്ലാഹു തന്നെ പറയുന്നു: "തങ്ങൾ പ്രവർത്തിച്ചിരുന്നതിന്റെ ഫലമായി കൺകുളിർമയേകുന്ന എന്തൊക്കെയാണ് മറച്ചുവെക്കപ്പെട്ടിരിക്കുന്നത് എന്ന് ഒരാൾക്കും തന്നെ അറിയില്ല." (സജ്ദ: 17).

നരകമാകട്ടെ ശിക്ഷയുടെ ലോകമാണ്. അല്ലാഹുവിനെ നിഷേധിക്കുകയും അവൻ്റെ റസൂലുകളെ ധിക്കരിക്കുകയും ചെയ്ത അവിശ്വാസികളാകുന്ന അക്രമികൾക്കായി അല്ലാഹു ഒരുക്കിവെച്ചതാണത്. സങ്കല്പിക്കാൻ പോലും സാധിക്കാത്ത പലതരം ശിക്ഷകളും ദണ്ഡനങ്ങളും അവിടെയുണ്ട്.

قَالَ اللَّهُ تَعَالَى: ﴿وَٱتَّقُواْ ٱلنَّارَ ٱلَّتِيٓ أُعِدَّتۡ لِلۡكَٰفِرِينَ﴾ [آل عمران: ١٣١].

അല്ലാഹു പറയുന്നു: "കാഫിറുകൾക്കായി ഒരുക്കിവെക്കപ്പെട്ട നരകത്തെ നിങ്ങൾ സൂക്ഷിച്ചുകൊള്ളുക" (ആലു ഇംറാൻ: 131).

وَقَالَ تَعَالَى: ﴿وَقُلِ ٱلۡحَقُّ مِن رَّبِّكُمۡۖ فَمَن شَآءَ فَلۡيُؤۡمِن وَمَن شَآءَ فَلۡيَكۡفُرۡۚ إِنَّآ أَعۡتَدۡنَا لِلظَّٰلِمِينَ نَارًا أَحَاطَ بِهِمۡ سُرَادِقُهَاۚ وَإِن يَسۡتَغِيثُواْ يُغَاثُواْ بِمَآءٍ كَٱلۡمُهۡلِ يَشۡوِي ٱلۡوُجُوهَۚ بِئۡسَ ٱلشَّرَابُ وَسَآءَتۡ مُرۡتَفَقًا﴾ [الكهف: ٢٩].

അല്ലാഹു പറയുന്നു: "പറയുക: സത്യം നിങ്ങളുടെ റബ്ബിൽ നിന്നുള്ളതാകുന്നു. അതിനാൽ ഉദ്ദേശിക്കുന്നവർ വിശ്വസിക്കട്ടെ! ഉദ്ദേശിക്കുന്നവർ അവിശ്വസിക്കട്ടെ! അക്രമികൾക്ക് നാം നരകം ഒരുക്കിവെച്ചിരിക്കുന്നു. അതിൻ്റെ ചുമരുകൾ അവരെ വലയം ചെയ്യുന്നതാണ്. അവർ (കുടിക്കാൻ) വെള്ളത്തിനാവശ്യപ്പെട്ടാൽ ഉരുകിയ ലോഹം പോലുള്ള വെള്ളമാണ് അവർക്ക് നൽകപ്പെടുക. അത് മുഖങ്ങൾ കരിച്ചുകളയും. എത്ര മോശമായ പാനീയം! എത്ര ചീത്തയായ വാസസ്ഥലം!" (അൽ കഹ്ഫ്: 29).

وَقَالَ تَعَالَى: ﴿إِنَّ ٱللَّهَ لَعَنَ ٱلۡكَٰفِرِينَ وَأَعَدَّ لَهُمۡ سَعِيرًا ۝٦٤ خَٰلِدِينَ فِيهَآ أَبَدٗاۖ لَّا يَجِدُونَ وَلِيّٗا وَلَا نَصِيرٗا ۝٦٥ يَوۡمَ تُقَلَّبُ وُجُوهُهُمۡ فِي ٱلنَّارِ يَقُولُونَ يَٰلَيۡتَنَآ أَطَعۡنَا ٱللَّهَ وَأَطَعۡنَا ٱلرَّسُولَا۠﴾

[الأحزاب: ٦٤-66].

അല്ലാഹു പറയുന്നു: "അല്ലാഹു അവിശ്വാസികളെ ശപിക്കുകയും അവർക്ക് നരകം ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. അവരവിടെ എല്ലാ കാലവും ശാശ്വതരായി കഴിച്ചുകൂട്ടും. ഒരു രക്ഷാധികാരിയെയോ സഹായിയെയോ അവർക്ക് കാണാൻ കഴിയില്ല. അവരുടെ മുഖങ്ങൾ നരകത്തിൽ കീഴ്മേൽ മറിയുന്ന ദിവസം അവർ പറയും: ഞങ്ങൾ അല്ലാഹുവിനെയും റസൂലിനെയും അനുസരിച്ചിരുന്നെങ്കിൽ..." (അൽ അഹ്സാബ്: 64-66).

അന്ത്യദിനത്തിലുള്ള വിശ്വാസം മുഖേന ലഭിക്കുന്ന ധാരാളം പ്രയോജനങ്ങളും പാഠങ്ങളുമുണ്ട്: അവയിൽ ചിലത് കാണുക:

ഒന്ന്: നന്മകൾ ചെയ്യാനുള്ള ആഗ്രഹവും അതിനുള്ള അധ്വാനവും. അന്ത്യദിനത്തിലെ പ്രതിഫലം കാംക്ഷിച്ചു കൊണ്ടാണത്.

രണ്ട്: തിന്മകൾ ചെയ്യാനോ അത് തൃപ്തിപ്പെടാനോ ഉള്ള ഭയം. പരലോകശിക്ഷ പേടിച്ചു കൊണ്ടാണത്.

മൂന്ന്: പരലോകത്തെ അനുഗ്രഹങ്ങളും അവിടെ ലഭിക്കുന്ന പ്രതിഫലവും സംബന്ധിച്ചുള്ള പ്രതീക്ഷ ഇഹലോകത്ത് സംഭവിക്കുന്ന നഷ്ടങ്ങളിൽ ഒരു മുഅ്മിനിന് ആശ്വാസമേകുന്നു.

അവിശ്വാസികൾ മരണശേഷമുള്ള പുനരുത്ഥാനത്തെ നിഷേധിക്കുന്നു. അത് സാധ്യമല്ലെന്നാണ് അവർ ജൽപിക്കുന്നത്.

ഈ ജൽപനം തീർത്തും അബദ്ധമാണ്. മതപ്രമാണങ്ങളും പഞ്ചേന്ദ്രിയങ്ങളും ബുദ്ധിയും ഈ വാദം അബദ്ധജടിലമാണെന്ന് തെളിയിക്കുന്നു.

മതപ്രമാണങ്ങളുടെ കാര്യം സുവ്യക്തമാണ്. അല്ലാഹു പറയുന്നു: "അവിശ്വാസികൾ ജൽപിച്ചു: അവർ ഉയിർത്തെഴുനേൽപ്പിക്കപ്പെടുകയില്ലെന്ന്. പറയുക: അല്ല! എൻ്റെ റബ്ബ് തന്നെ സത്യം; നിങ്ങൾ ഉയിർത്തെഴുനേൽപ്പിക്കപ്പെടുന്നതാണ്. പിന്നെ നിങ്ങൾ പ്രവർത്തിച്ചിരുന്നതിനെപ്പറ്റി നിങ്ങൾക്ക് വിവരമറിയിക്കപ്പെടുകയും ചെയ്യുന്നതാണ്. അത് അല്ലാഹുവിന് എളുപ്പമുള്ളതാകുന്നു." (തഗാബുൻ: 7) വേദഗ്രന്ഥങ്ങൾ മുഴുവൻ ഇക്കാര്യം ഏകസ്വരത്തിൽ പറയുന്നു.

പഞ്ചേന്ദ്രിയങ്ങൾ മുഖേനയും ഇക്കാര്യം സുവ്യക്തമായി തെളിഞ്ഞിരിക്കുന്നു. അടിമകൾക്ക് ഇഹലോകത്തുതന്നെ മരണമടഞ്ഞവരെ അല്ലാഹു ജീവിപ്പിച്ചു കാണിച്ചുകൊടുത്തിട്ടുണ്ട്. സൂറത്തുൽ ബഖറയിൽ അത്തരത്തിലുള്ള അഞ്ച് സംഭവങ്ങളുണ്ട്.

ഒന്ന്: മൂസാ നബിയുടെ ജനതയുടെ സംഭവം. അവർ അവിടുത്തോട് പറഞ്ഞു: "അല്ലാഹുവിനെ കണ്ണുകൾ കൊണ്ട് കാണാതെ ഞങ്ങൾ ഒരിക്കലും നിന്നിൽ വിശ്വസിക്കുകയില്ല." (അൽ ബഖറഃ: 55) അപ്പോൾ അല്ലാഹു അവരെ മരിപ്പിക്കുകയുണ്ടായി. ശേഷം അല്ലാഹു അവരെ ജീവിപ്പിച്ചു.അക്കാര്യം ഇസ്റാഈൽ സന്തതികളെ അഭിസംബോധന ചെയ്തു കൊണ്ട് അല്ലാഹു ഇങ്ങനെ ഓർമപ്പെടുത്തുന്നു:

﴿وَإِذْ قُلْتُمْ يَـٰمُوسَىٰ لَن نُّؤْمِنَ لَكَ حَتَّىٰ نَرَى ٱللَّهَ جَهْرَةً فَأَخَذَتْكُمُ ٱلصَّـٰعِقَةُ وَأَنتُمْ تَنظُرُونَ ۝٥٥ ثُمَّ بَعَثْنَـٰكُم مِّنۢ بَعْدِ مَوْتِكُمْ لَعَلَّكُمْ تَشْكُرُونَ﴾ [البقرة: ٥٥-56].

"നിങ്ങൾ പറഞ്ഞ സന്ദർഭം: ഹേ മൂസാ! അല്ലാഹുവിനെ കണ്ണുകൾ കൊണ്ട് കാണാതെ ഞങ്ങൾ ഒരിക്കലും നിന്നിൽ വിശ്വസിക്കുകയില്ല. അപ്പോൾ വിനാശകരമായ ശിക്ഷ നിങ്ങൾ നോക്കിനിൽക്കെ നിങ്ങളെ പിടികൂടി. പിന്നീട് നിങ്ങളുടെ മരണശേഷം നാം നിങ്ങളെ വീണ്ടും ജീവിപ്പിച്ചു. നിങ്ങൾ നന്ദിയുള്ളവരാകാൻ വേണ്ടി." (അൽ ബഖറഃ: 55-56).

രണ്ട്: ഇസ്രാഈല്യരിൽ നിന്ന് കൊല്ലപ്പെട്ടയാളുടെ സംഭവം. അവർ അയാളുടെ കാര്യത്തിൽ തർക്കത്തിലായിത്തീർന്നു. അങ്ങനെ അല്ലാഹു അവരോട് ഒരു പശുവിനെ അറുക്കാൻ കൽപിച്ചു. അതിൻ്റെ ശരീരഭാഗം കൊണ്ട് കൊല്ലപ്പെട്ടയാളുടെ ദേഹത്ത് അടിക്കാൻ ആജ്ഞയുണ്ടായി. അയാൾ അതോടെ എഴുന്നേറ്റുവരികയും തൻ്റെ ഘാതകൻ ആരാണെന്ന് അവരെ അറിയിക്കുകയും ചെയ്തു. അതേക്കുറിച്ച് അല്ലാഹു പറയുന്നു:

﴿وَإِذْ قَتَلْتُمْ نَفْسًا فَٱدَّٰرَٰٔتُمْ فِيهَا ۖ وَٱللَّهُ مُخْرِجٌ مَّا كُنتُمْ تَكْتُمُونَ ﴿٧٢﴾ فَقُلْنَا ٱضْرِبُوهُ
بِبَعْضِهَا ۚ كَذَٰلِكَ يُحْىِ ٱللَّهُ ٱلْمَوْتَىٰ وَيُرِيكُمْ ءَايَٰتِهِۦ لَعَلَّكُمْ تَعْقِلُونَ﴾ [البقرة: ٧٢-73].

"നിങ്ങൾ ഒരാളെ കൊലപ്പെടുത്തിയ സന്ദർഭം. അക്കാര്യത്തിൽ നിങ്ങൾ തർക്കത്തിലേർപ്പെട്ടു. നിങ്ങൾ മറച്ചുവെക്കുന്നതെന്തോ അല്ലാഹു അത് പുറത്തുകൊണ്ടുവരുന്നതാണ്. നാം പറഞ്ഞു: അതിൻ്റെ ഭാഗങ്ങളിലൊന്ന് കൊണ്ട് നിങ്ങൾ അയാളെ അടിക്കുക. അപ്രകാരമാണ് അല്ലാഹു മരിച്ചവരെ ജീവിപ്പിക്കുന്നത്. നിങ്ങൾ ഗ്രഹിക്കുന്നതിനായി അല്ലാഹു അവൻ്റെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് കാണിച്ചുതരികയും ചെയ്യുന്നു." (അൽ ബഖറഃ: 72-73).

മൂന്ന്: ആയിരക്കണക്കിനാളുകൾ മരണഭയത്താൽ തങ്ങളുടെ നാടുവിട്ടോടിയ സംഭവം. എന്നാൽ അല്ലാഹു

അവരെ മരിപ്പിക്കുകയും വീണ്ടും ജീവിപ്പിക്കുകയും ചെയ്തു. അല്ലാഹു പറയുന്നു:

﴿أَلَمْ تَرَ إِلَى ٱلَّذِينَ خَرَجُواْ مِن دِيَٰرِهِمْ وَهُمْ أُلُوفٌ حَذَرَ ٱلْمَوْتِ فَقَالَ لَهُمُ ٱللَّهُ مُوتُواْ ثُمَّ أَحْيَٰهُمْۚ إِنَّ ٱللَّهَ لَذُو فَضْلٍ عَلَى ٱلنَّاسِ وَلَٰكِنَّ أَكْثَرَ ٱلنَّاسِ لَا يَشْكُرُونَ﴾ [البقرة: ٢٤٣].

"മരണഭയത്താൽ തങ്ങളുടെ നാടുകളിൽ നിന്ന് പുറത്തുപോയവരെ നീ കണ്ടില്ലേ? അവർ ആയിരങ്ങളുണ്ടായിരുന്നു. എന്നാൽ അല്ലാഹു അവരോട് പറഞ്ഞു: നിങ്ങൾ മരിച്ചുകൊള്ളുക. ശേഷം അല്ലാഹു അവരെ ജീവിപ്പിച്ചു. അല്ലാഹു മനുഷ്യരോട് ഔദാര്യമുള്ളവനാകുന്നു. എന്നാൽ മനുഷ്യരിൽ അധികപേരും നന്ദികാണിക്കുന്നില്ല." (അൽ ബഖറഃ: 243).

നാല്: ഒരു ജീവനറ്റ നാട്ടിലൂടെ കടന്നുപോയ വ്യക്തിയുടെ കഥ! എങ്ങനെയാണ് അതിനെ അല്ലാഹു വീണ്ടും ജീവിപ്പിക്കുകയെന്ന് അദ്ദേഹം ആശ്ചര്യപ്പെട്ടു. അല്ലാഹു അദ്ദേഹത്തെ നൂറുവർഷത്തേക്ക് മരിപ്പിക്കുകയും ശേഷം ജീവൻ നൽകുകയും ചെയ്തു. അല്ലാഹു ആ സംഭവം വിവരിക്കുന്നത് കാണുക:

﴿ أَوْ كَٱلَّذِى مَرَّ عَلَىٰ قَرْيَةٍ وَهِىَ خَاوِيَةٌ عَلَىٰ عُرُوشِهَا قَالَ أَنَّىٰ يُحْىِۦ هَٰذِهِ ٱللَّهُ بَعْدَ مَوْتِهَاۖ فَأَمَاتَهُ ٱللَّهُ مِاْئَةَ عَامٍ ثُمَّ بَعَثَهُۥۖ قَالَ كَمْ لَبِثْتَۖ قَالَ لَبِثْتُ يَوْمًا أَوْ بَعْضَ يَوْمٍۖ قَالَ بَل لَّبِثْتَ مِاْئَةَ عَامٍ فَٱنظُرْ إِلَىٰ طَعَامِكَ وَشَرَابِكَ لَمْ يَتَسَنَّهْۖ وَٱنظُرْ إِلَىٰ حِمَارِكَ وَلِنَجْعَلَكَ ءَايَةً لِّلنَّاسِۖ وَٱنظُرْ إِلَى ٱلْعِظَامِ كَيْفَ نُنشِزُهَا ثُمَّ نَكْسُوهَا لَحْمًاۚ فَلَمَّا تَبَيَّنَ لَهُۥ قَالَ أَعْلَمُ أَنَّ ٱللَّهَ عَلَىٰ كُلِّ شَىْءٍ قَدِيرٌ﴾ [البقرة: ٢٥٩].

"അല്ലെങ്കിൽ, മേൽക്കൂരയോടെ തകർന്നടിഞ്ഞു കിടക്കുന്ന ഒരു പട്ടണത്തിലൂടെ കടന്നുപോയ ആളെപ്പോലെ! അദ്ദേഹം പറഞ്ഞു: എങ്ങനെയാണ് നിർജീവമായിരുന്നതിന് ശേഷം ഇതിനെ അല്ലാഹു ജീവിപ്പിക്കുക! അപ്പോൾ അല്ലാഹു അദ്ദേഹത്തെ നൂറുവർഷം മരിപ്പിച്ചു. എന്നിട്ട്

ഉയിർത്തെഴുന്നേല്പിച്ചു. അല്ലാഹു ചോദിച്ചു: 'നീ എത്രനാൾ (ജീവനില്ലാതെ) കഴിച്ചുകൂട്ടി?' അദ്ദേഹം പറഞ്ഞു: 'ഒരു ദിവസമോ അല്ലെങ്കിൽ ഒരു ദിവസത്തിലെ അൽപഭാഗമോ ആണ് ഞാൻ കഴിച്ചുകൂട്ടിയത്.' അവൻ പറഞ്ഞു: 'അല്ല! നീ നൂറുവർഷം കഴിച്ചുകൂട്ടിയിരിക്കുന്നു. നിൻ്റെ ഭക്ഷണത്തിലേക്കും പാനീയത്തിലേക്കും നീ നോക്കുക! അത് കേടുവന്നിട്ടില്ല. നിൻ്റെ കഴുതയെ നീ നോക്കുക. നിന്നെ നാം ജനങ്ങൾക്ക് ഒരു ദൃഷ്ടാന്തമാക്കുവാൻ വേണ്ടിയാണിത്. എല്ലുകളിലേക്ക് നീ നോക്കുക! എങ്ങനെയാണ് നാമതിനെ വേർതിരിക്കുകയും കൂട്ടിച്ചേർക്കുകയും ചെയ്യുന്നത് എന്നും എന്നിട്ട് അതിനെ മാംസം കൊണ്ട് പൊതിയുന്നതെന്നും!' കാര്യം വ്യക്തമായപ്പോൾ അദ്ദേഹം പറഞ്ഞു: അല്ലാഹു ഏതുകാര്യത്തിനും കഴിവുള്ളവനാണ് എന്ന് ഞാൻ മനസിലാക്കുന്നു." (അൽ ബഖറഃ: 259).

അഞ്ച്: അല്ലാഹുവിന്റെ ഖലീലായ ഇബ്റാഹീം നബിയുടെ ഒരു സംഭവം! അവിടുന്ന് അല്ലാഹുവിനോട് ഒരിക്കൽ ചോദിച്ചു; എങ്ങനെയാണ് അവൻ മരിച്ചവരെ ജീവിപ്പിക്കുകയെന്ന്. അപ്പോൾ അല്ലാഹു അദ്ദേഹത്തോട് നാല് പക്ഷികളെ അറുക്കാൻ കൽപിച്ചു. എന്നിട്ട് അവയെ പലതായി വേർതിരിക്കാനും അതെല്ലാം ചുറ്റുമുള്ള പർവതങ്ങളിൽ കൊണ്ടുവെക്കാനും ശേഷം അവയെ വിളിക്കാനും പറഞ്ഞു. അവയെല്ലാമതാ പരസ്പരം കൂടിച്ചേരുകയും ഇബ്റാഹീം നബിയുടെ അരികിലേക്ക് കുതിച്ചുവരികയും ചെയ്യുന്നു. ഈ സംഭവം അല്ലാഹു ഇങ്ങനെ വിവരിച്ചിരിക്കുന്നു:

﴿وَإِذْ قَالَ إِبْرَٰهِـۧمُ رَبِّ أَرِنِى كَيْفَ تُحْىِ ٱلْمَوْتَىٰ ۖ قَالَ أَوَلَمْ تُؤْمِن ۖ قَالَ بَلَىٰ وَلَـٰكِن لِّيَطْمَئِنَّ قَلْبِى ۖ قَالَ فَخُذْ أَرْبَعَةً مِّنَ ٱلطَّيْرِ فَصُرْهُنَّ إِلَيْكَ ثُمَّ ٱجْعَلْ عَلَىٰ كُلِّ جَبَلٍ مِّنْهُنَّ جُزْءًا ثُمَّ ٱدْعُهُنَّ يَأْتِينَكَ سَعْيًا ۚ وَٱعْلَمْ أَنَّ ٱللَّهَ عَزِيزٌ حَكِيمٌ﴾ [البقرة: ٢٦٠].

"ഇബ്റാഹീം പറഞ്ഞ സന്ദർഭം! എൻ്റെ റബ്ബേ! എങ്ങനെയാണ് നീ മരണപ്പെട്ടവരെ ജീവിപ്പിക്കുക. അല്ലാഹു ചോദിച്ചു: നീ വിശ്വസിച്ചിട്ടില്ലേ? അദ്ദേഹം പറഞ്ഞു: ഉണ്ട്! പക്ഷെ എൻ്റെ ഹൃദയത്തിന് ശാന്തി ലഭിക്കാൻ വേണ്ടിയാണ്. അവൻ പറഞ്ഞു: എങ്കിൽ നീ നാല് പക്ഷികളെ പിടിക്കുക. അവയെ നിന്നിലേക്ക് ചേർത്തുപിടിക്കുകയും (അറുത്ത് കഷണങ്ങളാക്കി) ഓരോ പർവതത്തിലും അവയുടെ ഒരു ഭാഗം കൊണ്ടുവെക്കുകയും ചെയ്യുക. എന്നിട്ടവയെ വിളിക്കുക; നിൻ്റെ അരികിലേക്ക് അവ കുതിച്ചുവരുന്നതാണ്. നീയറിയുക; അല്ലാഹു മഹാ പ്രതാപിയും യുക്തിമാനുമാകുന്നു." (അൽ ബഖറഃ: 260).

ഇതെല്ലാം ജനങ്ങൾ അനുഭവിച്ചറിഞ്ഞ യാഥാർഥ്യങ്ങളാണ്. മരിച്ചവരെ ജീവിപ്പിക്കുകയെന്ന കാര്യം സംഭവ്യമായ ഒന്നാണെന്ന് ഇതിലൂടെ തെളിയുന്നു.ഈസാ നബിയുടെ പ്രവാചകത്വത്തിന് തെളിവായി അദ്ദേഹം മരിച്ചവരെ ജീവിപ്പിക്കുകയും ഖബ്റുകളിൽ നിന്ന് അവരെ പുറത്തേക്ക് കൊണ്ടുവരികയും ചെയ്യുന്ന സംഭവങ്ങൾ അല്ലാഹു നിശ്ചയിച്ച കാര്യം നേരത്തെ സൂചിപ്പിച്ചിട്ടുണ്ട്. അല്ലാഹുവിൻ്റെ അനുമതിയോടെ മാത്രമാണ് അതെല്ലാം സംഭവിച്ചത്.

മരണാനന്തര ജീവിതമുണ്ടെന്ന സത്യം മനുഷ്യബുദ്ധിയും അറിയിക്കുന്നു. അത് രണ്ട് രൂപത്തിലാണ്.

ഒന്ന്: അല്ലാഹുവാണ് ആകാശഭൂമികളെയും അവയിലുള്ളവയെയും ആദ്യം സൃഷ്ടിച്ചവൻ. സൃഷ്ടികർമം ആരംഭിക്കാൻ കഴിവുള്ളവനാരോ അവന് അത് ആവർത്തിക്കാൻ യാതൊരു ബുദ്ധിമുട്ടുമില്ല. അല്ലാഹു പറയുന്നു:

﴿وَهُوَ ٱلَّذِى يَبۡدَؤُا۟ ٱلۡخَلۡقَ ثُمَّ يُعِيدُهُۥ وَهُوَ أَهۡوَنُ عَلَيۡهِۚ﴾ [الروم: ٢٧].

"അവനാകുന്നു സൃഷ്ടിപ്പ് ആരംഭിക്കുന്നവനും പിന്നീട് അത് ആവർത്തിക്കുന്നവനും. അത് അവന് ഏറ്റവും നിസാരമാകുന്നു." (അർറൂം: 27).

وَقَالَ تَعَالَى: ﴿كَمَا بَدَأْنَآ أَوَّلَ خَلْقٍ نُّعِيدُهُۥ ۚ وَعْدًا عَلَيْنَآ ۚ إِنَّا كُنَّا فَٰعِلِينَ ﴾ [الأنبياء: ١٠٤].

അല്ലാഹു പറയുന്നു: "ആദ്യത്തെ സൃഷ്ടിപ്പ് നാം ആരംഭിച്ചതുപോലെ അത് നാം ആവർത്തിക്കുന്നതാണ്. നാം ഏറ്റിട്ടുള്ള വാഗ്ദാനമാകുന്നു അത്. നാം പ്രവർത്തിക്കുന്നവൻ തന്നെയാകുന്നു." (അൽ അൻബിയാഅ്: 104).

എല്ലുകൾ നുരുമ്പിപ്പോയതിനു ശേഷം അതിന് ജീവൻ നൽകുന്നവനാര് എന്ന് നിഷേധഭാവത്തിൽ ചോദിച്ചവന് ഇങ്ങനെ മറുപടി നൽകാൻ അല്ലാഹു കൽപിക്കുന്നു:

﴿قُلْ يُحْيِيهَا ٱلَّذِىٓ أَنشَأَهَآ أَوَّلَ مَرَّةٍ ۖ وَهُوَ بِكُلِّ خَلْقٍ عَلِيمٌ﴾ [يس: ٧٩].

"പറയുക: ആദ്യം അതിനെ വളർത്തിക്കൊണ്ടുവന്നവനാരോ അവൻ തന്നെ അതിനെ ജീവിപ്പിക്കുന്നതാണ്. അവൻ എല്ലാ സൃഷ്ടികളെയും ഏറ്റവും നന്നായി അറിയുന്നവനാകുന്നു." (യാസീൻ: 79).

രണ്ട്: ഭൂമി വരണ്ടുണങ്ങി നിർജീവമായ നിലയിൽ നാം കാണുന്നു. പച്ചനിറമുള്ള ഒരു മരം പോലും അതിലില്ലാത്ത അവസ്ഥയിലതാ മഴ പെയ്യുന്നു! അതോടെ ഭൂമി ഇളകുകയും അത് ഹരിതാഭവും സജീവവുമായിത്തീരുന്നു. കൗതുകമുണർത്തുന്ന വിവിധതരം സസ്യലതാദികൾ അതിൽ മുളച്ചുപൊങ്ങുന്നു. നിർജീവമായതിനു ശേഷം അതിനെ ജീവിപ്പിക്കാൻ കഴിവുള്ളവനാരോ അവൻ മരിച്ചു മണ്ണറഞ്ഞവരെ ജീവിപ്പിക്കാൻ കഴിവുള്ളവൻ തന്നെയാണ്. അല്ലാഹു പറയുന്നു:

﴿وَمِنْ ءَايَٰتِهِۦٓ أَنَّكَ تَرَى ٱلْأَرْضَ خَٰشِعَةً فَإِذَآ أَنزَلْنَا عَلَيْهَا ٱلْمَآءَ ٱهْتَزَّتْ وَرَبَتْ ۚ إِنَّ ٱلَّذِىٓ أَحْيَاهَا لَمُحْىِ ٱلْمَوْتَىٰٓ ۚ إِنَّهُۥ عَلَىٰ كُلِّ شَىْءٍ قَدِيرٌ﴾ [فصلت: ٣٩].

"അവൻ്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാകുന്നു ഭൂമിയെ വരണ്ടുണങ്ങിയ നിലയിൽ നീ കാണുന്നു എന്നത്. അങ്ങനെ അതിനുമേൽ നാം മഴ വർഷിപ്പിച്ചാലതാ അത് ഇളകുകയും ഉയർന്നു പൊങ്ങുകയും ചെയ്യുന്നു. നിശ്ചയം, അതിനെ ജീവിപ്പിച്ചവനാരോ അവൻ മരിച്ചവരെ ജീവിപ്പിക്കുക തന്നെ ചെയ്യും. തീർച്ചയായും അവൻ ഏതു കാര്യത്തിനും കഴിവുള്ളവനാകുന്നു." (ഫുസ്സ്വിലത്: 39).

وَقَالَ تَعَالَى: ﴿وَنَزَّلْنَا مِنَ ٱلسَّمَآءِ مَآءً مُّبَٰرَكًا فَأَنۢبَتْنَا بِهِۦ جَنَّٰتٍ وَحَبَّ ٱلْحَصِيدِ ۝٩ وَٱلنَّخْلَ بَاسِقَٰتٍ لَّهَا طَلْعٌ نَّضِيدٌ ۝١٠ رِّزْقًا لِّلْعِبَادِ ۖ وَأَحْيَيْنَا بِهِۦ بَلْدَةً مَّيْتًا ۚ كَذَٰلِكَ ٱلْخُرُوجُ﴾ [ق: ٩-11].

അല്ലാഹു പറയുന്നു: "നാം മുകളിൽ നിന്ന് അനുഗ്രഹീതമായ വെള്ളം വർഷിച്ചിരിക്കുന്നു. അത് മുഖേന തോട്ടങ്ങളും കൊയ്തെടുക്കുന്ന ധാന്യങ്ങളും നാം മുളപ്പിക്കുകയുണ്ടായി. അടുക്കടുക്കായി കുലകളുള്ള ഉയരമുള്ള ഈന്തപ്പനകളും. നമ്മുടെ അടിമകൾക്ക് ഉപജീവനമായിക്കൊണ്ടുള്ളതാണ് അതെല്ലാം. നിർജീവമായ നാടിനെ അതുമുഖേന നാം ജീവനുള്ളതാക്കുകയും ചെയ്തു. അതുപോലെതന്നെയാണ് (ഖബ്റുകളിൽ നിന്നുള്ള) പുറപ്പാട്." (ഖാഫ്: 9-11).

മരണശേഷം സംഭവിക്കാനിരിക്കുന്ന കാര്യങ്ങളിലുള്ള വിശ്വാസം പരലോകവിശ്വാസത്തിന്റെ കൂടെയുള്ളതാണ്. അവയിൽ പ്രധാനപ്പെട്ടവ ഇങ്ങനെയാണ്:

1) ഖബ്റിലെ പരീക്ഷണം. മരിച്ചയാൾ ഖബറടക്കപ്പെട്ട ശേഷം തൻ്റെ റബ്ബിനെക്കുറിച്ചും ദീനിനെക്കുറിച്ചും നബിയെക്കുറിച്ചും ഖബ്റിൽ ചോദ്യം ചെയ്യപ്പെടുന്നതാണ്. അവിടെ വിശ്വാസികളെ അല്ലാഹു സ്ഥിരതയാർന്ന വാക്കുകൾ മുഖേന ഉറപ്പിച്ചുനിർത്തുന്നതാണ്. അവരിലുൾപ്പെടുന്നവർ പറയും: എൻ്റെ റബ്ബ്

അല്ലാഹുവാണ്. എൻ്റെ ദീൻ ഇസ്‌ലാമാണ്. എൻ്റെ നബി മുഹമ്മദ് നബി ﷺ യാണ്.

ويضلّ الله الظَّالمين فيقول الكافر: هاه، هاه، لا أدري، ويقول المنافق أو المرتاب: لا أدري سمعت النَّاس يقولون شيئًا فقلته.

എന്നാൽ അക്രമികളെ അല്ലാഹു വഴിതെറ്റിക്കും. കാഫിറായവൻ ഈ ചോദ്യങ്ങൾ കേട്ടാൽ പറയും: ഹാഹ്! ഹാഹ്! എനിക്കറിയില്ല. മുനാഫിഖുകളും വിശ്വാസത്തിൽ സംശയങ്ങളുമായി ജീവിച്ചവരും പറയും: എനിക്കറിയില്ല. ആളുകൾ എന്തോ പറയുന്നത് കേട്ടപ്പോൾ ഞാനും അതുപോലെ പറഞ്ഞു.

2) ഖബ്റിലെ രക്ഷാ-ശിക്ഷകൾ. കാഫിറുകളും മുനാഫിഖുകളുമാകുന്ന അക്രമികൾക്ക് ഖബ്റിൽ ശിക്ഷയുണ്ടാകും. അല്ലാഹു പറയുന്നു:

﴿وَلَوْ تَرَىٰٓ إِذِ ٱلظَّٰلِمُونَ فِى غَمَرَٰتِ ٱلْمَوْتِ وَٱلْمَلَٰٓئِكَةُ بَاسِطُوٓا۟ أَيْدِيهِمْ أَخْرِجُوٓا۟ أَنفُسَكُمُ ۖ ٱلْيَوْمَ تُجْزَوْنَ عَذَابَ ٱلْهُونِ بِمَا كُنتُمْ تَقُولُونَ عَلَى ٱللَّهِ غَيْرَ ٱلْحَقِّ وَكُنتُمْ عَنْ ءَايَٰتِهِۦ تَسْتَكْبِرُونَ﴾ [الأنعام: ٩٣].

"അക്രമികൾ മരണവെപ്രാളത്തിലാകുന്ന രംഗം നീ കണ്ടിരുന്നെങ്കിൽ! മലക്കുകൾ അവരുടെ കൈകൾ നീട്ടി (അവരോട് പറയും) നിങ്ങളുടെ ആത്മാവിനെ പുറത്തേക്ക് വിടുക. ഇന്ന് അപമാനകരമായ ശിക്ഷ നിങ്ങൾക്ക് പ്രതിഫലം ലഭിക്കുന്നതാണ്. അല്ലാഹുവിൻ്റെ പേരിൽ നിങ്ങൾ വാസ്തവവിരുദ്ധമായത് പറഞ്ഞുകൊണ്ടിരുന്നതിനാലും അവൻ്റെ ദൃഷ്ടാന്തങ്ങളോട് നിങ്ങൾ അഹങ്കാരം നടിച്ചിരുന്നതിനാലുമാണ് അത്." (അൽ അൻആം: 93).

അല്ലാഹു ഫിർഔനിന്റെ ആളുകളെക്കുറിച്ച് പറയുന്നു: "നരകത്തിനു മുന്നിൽ രാവിലെയും വൈകുന്നേരവും അവർ

പ്രദർശിപ്പിക്കപ്പെടുന്നതാണ്. അന്ത്യസമയം നിലവിൽ വരുന്ന നാളിൽ (അല്ലാഹു കൽപിക്കും) ഫിർഔനിന്റെ ആളുകളെ നിങ്ങൾ ഏറ്റവും കടുത്ത ശിക്ഷയിൽ പ്രവേശിപ്പിച്ചുകൊള്ളുക." (ഗാഫിർ: 46).

സ്വഹീഹു മുസ്ലിമിൽ വന്നിട്ടുള്ള സൈദ് ബ്നു ഥാബിത് (رَضِيَٱللَّهُعَنْهُ) ഉദ്ധരിക്കുന്ന ഒരു ഹദീഥ് ഇപ്രകാരമാണ്: നബി ﷺ പറഞ്ഞു: "നിങ്ങൾ ഖബറടക്കാതിരിക്കുക ഇല്ലായിരുന്നുവെങ്കിൽ ഞാൻ കേൾക്കുന്ന ഖബ്ർ ശിക്ഷയുടെ ശബ്ദം നിങ്ങളെയും കേൾപ്പിക്കാൻ ഞാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുമായിരുന്നു." പിന്നീട് അവിടുന്ന് ﷺ ഞങ്ങൾക്കുനേരെ മുഖം തിരിച്ചുകൊണ്ടു പറഞ്ഞു: "നരക ശിക്ഷയിൽ നിന്ന് നിങ്ങൾ അല്ലാഹുവിനോട് അഭയം തേടിക്കൊള്ളുക." ഞങ്ങൾ പറഞ്ഞു: നരക ശിക്ഷയിൽ നിന്ന് അല്ലാഹുവിൽ ഞങ്ങൾ അഭയം തേടുന്നു. അവിടുന്ന് ﷺ പറഞ്ഞു: "ഖബ്ർ ശിക്ഷയിൽ നിന്ന് നിങ്ങൾ അല്ലാഹുവിനോട് അഭയം തേടിക്കൊള്ളുക." ഞങ്ങൾ പറഞ്ഞു: ഖബ്ർ ശിക്ഷയിൽ നിന്ന് അല്ലാഹുവിൽ ഞങ്ങൾ അഭയം തേടുന്നു. അവിടുന്ന് ﷺ പറഞ്ഞു: ഫിത്ന(കുഴപ്പങ്ങൾ)കളിൽ നിന്ന് നിങ്ങൾ അല്ലാഹുവിനോട് അഭയം തേടിക്കൊള്ളുക. അതിൽ ഗോപ്യമായതിൽ നിന്നും പ്രകടമായതിൽ നിന്നും." ഞങ്ങൾ പറഞ്ഞു: ഫിത്നകളിൽ നിന്ന് അല്ലാഹുവിൽ ഞങ്ങൾ അഭയം തേടുന്നു. അതിൽ ഗോപ്യമായതിൽ നിന്നും പ്രകടമായതിൽ നിന്നും. അവിടുന്ന് ﷺ പറഞ്ഞു: "ദജ്ജാലിന്റെ ഫിത്നയിൽ നിന്ന് നിങ്ങൾ അല്ലാഹുവിനോട് അഭയം തേടിക്കൊള്ളുക." ഞങ്ങൾ പറഞ്ഞു: "ദജ്ജാലിന്റെ ഫിത്നയിൽ നിന്ന് അല്ലാഹുവിൽ ഞങ്ങൾ അഭയം തേടുന്നു."

ഖബ്റിലെ അനുഗ്രഹങ്ങളാകട്ടെ സത്യസന്ധരായ വിശ്വാസികൾക്കുള്ളതാണ്. അല്ലാഹു പറയുന്നു: "നിശ്ചയം, ഞങ്ങളുടെ റബ്ബ് അല്ലാഹുവാണെന്ന് പറയുകയും നേരെ ചൊവ്വെ സ്ഥിരതയോടെ നിലകൊള്ളുകയും ചെയ്തവരാരോ മലക്കുകൾ അവർക്കരികിലേക്ക് ഇറങ്ങിവരുന്നതാണ്. (അവർ പറയും:) നിങ്ങൾ പേടിക്കേണ്ടതില്ല. ദുഃഖിക്കേണ്ടതുമില്ല. നിങ്ങൾക്ക് വാഗ്ദാനം നൽകപ്പെട്ട സ്വർഗത്താൽ സന്തോഷിച്ചുകൊള്ളുക." (ഫുസ്സ്വിലത്: 30).

അല്ലാഹു പറയുന്നു: "(ആത്മാവ്) തൊണ്ടക്കുഴിയിലെത്തിയാൽ. അന്നേരം നിങ്ങൾ നോക്കിക്കൊണ്ടിരിക്കും. നാമാണ് അവനോട് നിങ്ങളെക്കാൾ അടുത്തുള്ളവൻ. എന്നാൽ നിങ്ങൾ കാണുകയില്ല. നിങ്ങൾ വിചാരണക്ക് വിധേയരാവുകയില്ല എന്നാണെങ്കിൽ ആ ആത്മാവിനെ നിങ്ങൾ (ശരീരത്തിലേക്ക് തന്നെ) തിരിച്ചുകൊണ്ടുപോവുക! നിങ്ങൾ സത്യസന്ധരാണെങ്കിൽ. എന്നാൽ അവൻ (അല്ലാഹുവിന്റെ) സാമീപ്യം നേടിയവരുടെ കൂട്ടത്തിലാണെങ്കിൽ ആശ്വാസവും വിശിഷ്ടമായ ഉപജീവനവും സുഖങ്ങളുടെ സ്വർഗവുമാണ് (അവനുണ്ടാവുക)." (അൽ വാഖിഅഃ: 83-89).

ബറാഅ് ബ്നു ആസിബ് (رَضِيَ اللَّهُ عَنْهُ) ഉദ്ധരിച്ച ഹദീഥിൽ ഖബ്റിൽ വെച്ച് ഒരു മുഅ്മിൻ മലക്കുകളുടെ ചോദ്യത്തിന് ഉത്തരം നൽകിയാൽ ഇങ്ങനെ സംഭവിക്കുമെന്ന് നബി ﷺ പറഞ്ഞിരിക്കുന്നു: "അപ്പോൾ ആകാശത്തുനിന്നും ഇങ്ങനെ വിളിച്ചുപറയുന്നതാണ്: "എൻ്റെ അടിമ സത്യമാണ് പറഞ്ഞത്. അതുകൊണ്ട് അവനു നിങ്ങൾ സ്വർഗത്തിൽ നിന്നുള്ള വിരിപ്പ് വിരിച്ചുകൊടുക്കുക. സ്വർഗത്തിൽ നിന്നുള്ള വസ്ത്രം അവനെ ധരിപ്പിക്കുക. സ്വർഗത്തിലേക്ക് ഒരു കവാടം അവന് തുറന്നുവെക്കുക. നബി ﷺ പറയുന്നു:

അങ്ങനെ സ്വർഗത്തിന്റെ പരിമളവും നന്മകളും അവിടേക്കെത്തുന്നതാണ്. അവൻ്റെ ഖബ്ർ കണ്ണെത്താദൂരം വിശാലമാക്കപ്പെടുന്നതാണ്." (അഹ്മദ്, അബൂദാവൂദ്)

ചില പിഴച്ച കക്ഷികൾ ഈ വിഷയത്തിൽ വഴിതെറ്റുകയും ഖബ്റിലെ രക്ഷാ-ശിക്ഷകളെ നിഷേധിക്കുകയും അത് സംഭവ്യമല്ലെന്ന് പറയുകയും ചെയ്തിട്ടുണ്ട്. ഖബ്ർ തുറന്നുനോക്കിയാൽ മയ്യിത്തിന് ഒന്നും സംഭവിക്കുന്നതായി കാണുന്നില്ല എന്നാണ് അവർ പറയുന്നത്. ഖബ്ർ ഇടുങ്ങിയതായോ വിശാലത കൈവരിച്ചതായോ കാണുന്നില്ലത്രെ!

ഇത് തീർത്തും വ്യർത്ഥമായ വാദമാണ്. മതപ്രമാണങ്ങളും മനുഷ്യബുദ്ധിയും പഞ്ചേന്ദ്രിയങ്ങളും ഇത് തെറ്റാണെന്ന് തെളിയിക്കുന്നു.

മതപ്രമാണങ്ങളിൽ ഖബ്റിലെ രക്ഷാശിക്ഷകൾ ഉണ്ടെന്ന് സ്ഥിരീകരിക്കുന്ന അനേകം തെളിവുകളുണ്ട്. അവ നേരത്തെ സൂചിപ്പിച്ചുകഴിഞ്ഞു.

സ്വഹീഹുൽ ബുഖാരിയിൽ ഇബ്നു അബ്ബാസി (رَضِيَ ٱللَّهُ عَنْهُمَا) ൽ നിന്ന് ഉദ്ധരിക്കപ്പെട്ടിട്ടുള്ള ഒരു ഹദീഥ് ഇങ്ങനെയാണ്: "നബി ﷺ ഒരിക്കൽ മദീനയിലെ ഒരു തോട്ടത്തിലൂടെ കടന്നുപോയി. അപ്പോൾ അവിടുന്ന് ﷺ ഖബ്റുകളിൽ ശിക്ഷിക്കപ്പെടുന്ന രണ്ടുപേരുടെ ശബ്ദം കേട്ടു." നബി ﷺ പറഞ്ഞു: അവരിലൊരാൾ മൂത്രമൊഴിച്ചാൽ ശുചി വരുത്തുമായിരുന്നില്ല. രണ്ടാമത്തെയാൾ ഏഷണിയുമായി നടക്കുമായിരുന്നു."

പഞ്ചേന്ദ്രിയങ്ങൾ മുഖേന മനസ്സിലാക്കാവുന്ന തെളിവ് ഇങ്ങനെയാണ്: മനുഷ്യൻ ഉറങ്ങുമ്പോൾ അവൻ സ്വപ്നം കാണുന്നു. താൻ അതിവിശാലവും മനോഹരവുമായ ഒരു

സ്ഥലത്ത് ആസ്വദിച്ചു കഴിയുന്നതായി അവനതാ കാണുകയാണ്. അല്ലെങ്കിൽ ഇടുങ്ങിയ ഒരു സ്ഥലത്ത് ഒറ്റപ്പെടുകയും വേദനയനുഭവിക്കുകയും ചെയ്യുന്നതായും അവൻ കണ്ടേക്കാം. കണ്ട കാഴ്ച കൊണ്ട് അവൻ ഞെട്ടിയുണരുകവരെ ഉണ്ടാകാറുണ്ട്.യഥാർത്ഥത്തിൽ തൻ്റെ മുറിയിലെ വിരിപ്പിൽ തന്നെയാണ് അവനുള്ളത്. ഉറക്കമാകട്ടെ മരണത്തിൻ്റെ കൂടെപ്പിറപ്പാണ്. അതുകൊണ്ടാണ് അല്ലാഹു ഉറക്കത്തെ വഫാത്ത് എന്ന് പേരുവിളിച്ചത്. അല്ലാഹു പറഞ്ഞത് കാണുക:

﴿ٱللَّهُ يَتَوَفَّى ٱلۡأَنفُسَ حِينَ مَوۡتِهَا وَٱلَّتِي لَمۡ تَمُتۡ فِي مَنَامِهَاۖ فَيُمۡسِكُ ٱلَّتِي قَضَىٰ عَلَيۡهَا ٱلۡمَوۡتَ وَيُرۡسِلُ ٱلۡأُخۡرَىٰٓ إِلَىٰٓ أَجَلٖ مُّسَمًّىۚ﴾ [الزمر: ٤٢].

"അല്ലാഹു ആത്മാവുകളെ അവയുടെ മരണവേളയിലും മരണപ്പെട്ടിട്ടില്ലാത്തവയെ അവയുടെ ഉറക്കവേളയിലും ഏറ്റെടുക്കുന്നു. എന്നിട്ട് അല്ലാഹു മരണം വിധിച്ചവയെ അവൻ പിടിച്ചുവെക്കുകയും അല്ലാത്തവയെ ഒരു നിശ്ചിത അവധിവരെ അവൻ വിട്ടയക്കുകയും ചെയ്യുന്നു " (സുമർ: 42).

മനുഷ്യബുദ്ധി മുഖേനയും ഖബ്റിലെ രക്ഷാശിക്ഷകൾ യാഥാർഥ്യമാണെന്ന് മനസിലാക്കാം. നോക്കൂ! ഉറക്കത്തിൽ മനുഷ്യൻ യാഥാർഥ്യത്തോട് പൂർണമായും യോജിക്കുന്ന സ്വപ്നങ്ങൾ കാണാറുണ്ട്. ചിലപ്പോൾ ആളുകൾ നബി ﷺ യെ അവിടുത്തെ യഥാർത്ഥ സവിശേഷതകളോടെത്തന്നെ സ്വപ്നം കാണും! ആ രൂപത്തിൽ നബി ﷺ യെ സ്വപ്നത്തിൽ കണ്ടവർ യഥാർത്ഥത്തിൽ നബി ﷺ യെത്തന്നെയാണ് കണ്ടത്. എന്നാൽ കണ്ടയാൾ തൻ്റെ മുറിയിലും കിടക്കയിലുമാണുള്ളത്. കണ്ട കാഴ്ച അയാളിൽ നിന്ന് എത്രയോ ദൂരെമാറിയാണുള്ളത്.ഇഹലോകത്ത് ഇത് സാധ്യമാണെങ്കിൽ പരലോകത്തും അത് സാധ്യമാണ്.

എന്നാൽ ഖബ്ർ തുറന്നുനോക്കിയാൽ മയ്യിത്തിന് ഒന്നും സംഭവിച്ചതായി കാണുകയില്ലെന്നും ഖബ്ർ ഇടുങ്ങുകയോ വിശാലമാവുകയോ ചെയ്യാതെ തൽസ്ഥിതിയിൽ തന്നെയാണ് ഉണ്ടാവുകയെന്നുമുള്ള അവരുടെ വാദത്തിനുള്ള മറുപടി പല നിലക്ക് പറയാം.

ഒന്ന്: ഇതുപോലുള്ള അർത്ഥമില്ലാത്ത ആശയക്കുഴപ്പങ്ങൾ കൊണ്ട് മതപ്രമാണങ്ങളിൽ വന്ന കാര്യങ്ങളെ നിഷേധിച്ചുകൂടാ! ശറഇൽ വന്ന കാര്യങ്ങളെക്കുറിച്ച് ഇത്തരക്കാർ ഒന്ന് ഉറ്റാലോചിച്ചിരുന്നെങ്കിൽ ഈ ദുർവാദങ്ങൾ എത്രമാത്രം വ്യർത്ഥമാണെന്ന കാര്യം അവർക്ക് ബോധ്യപ്പെട്ടേനെ! ഒരു അറബി കവിതയിൽ വന്നിട്ടുള്ളതുപോലെ:

നേരായ വാക്കിൽ കുറ്റം കാണുന്ന എത്രയെത്ര പേരുണ്ട്!

പ്രശ്നം യഥാർത്ഥത്തിൽ അവൻ്റെ കേടു വന്ന ഗ്രാഹ്യശേഷിയിലത്രേ!

രണ്ട്: ബർസഖിലെ സ്ഥിതിവിശേഷങ്ങൾ പഞ്ചേന്ദ്രിയങ്ങൾ കൊണ്ട് കാണാൻ സാധിക്കാത്ത അദൃശ്യകാര്യങ്ങളാണ്. അതെല്ലാം നേർക്കുനേരെ കാണാൻ സാധിച്ചാൽ പിന്നെ ഈമാനിന് എന്ത് പ്രസക്തിയാണുള്ളത്. അദൃശ്യകാര്യങ്ങളിൽ വിശ്വസിക്കുക എന്ന കാര്യത്തിന്റെ സ്ഥിതിയെന്താകും? അവയിൽ വിശ്വസിക്കുന്നവരും അവിശ്വസിക്കുന്നവരും പിന്നെ ഒരുപോലെയാവുകയില്ലേ?!

മൂന്ന്: ഖബ്റിലെ രക്ഷാശിക്ഷകളും അതിൻ്റെ ഇടുക്കവും വിശാലതയുമെല്ലാം അനുഭവിക്കുക ഖബ്റാളി ഒറ്റയ്ക്കാണ്. മറ്റുള്ളവരല്ല! ഉറങ്ങുന്നയാൾ താനൊരു ഇടുങ്ങിയ സ്ഥലത്ത് ഒറ്റപ്പെട്ട് കഴിയുന്നതോ അല്ലെങ്കിൽ വിശാലമായ ഒരിടത്ത് സുഖസൗകര്യങ്ങൾ അനുഭവിക്കുന്നതോ കാണുന്നത് പോലെയാണിത്. മറ്റുള്ളവരാരും അത് കാണുകയോ അനുഭവിക്കുകയോ

ചെയ്യുന്നില്ല.നബി ﷺ സ്വഹാബിമാരുടെ കൂടെയിരിക്കെ അവിടുത്തേക്ക് അല്ലാഹുവിന്റെ വഹ്‌യ് വരാറുണ്ട്. നബി ﷺ അത് കേൾക്കുന്നു. എന്നാൽ അടുത്തുള്ള സ്വഹാബികൾ അത് കേൾക്കുന്നില്ല. ചില സന്ദർഭങ്ങളിലതാ മലക്ക് മനുഷ്യവേഷത്തിൽ വരികയും നബിയോട് സംസാരിക്കുകയും ചെയ്യുന്നു. സ്വഹാബികൾ മലക്കിനെ കാണുകയോ സംസാരം കേൾക്കുകയോ ചെയ്യുന്നില്ല.

നാല്: സൃഷ്ടികളുടെ കാഴ്ചക്കും കേൾവിക്കുമെല്ലാം അല്ലാഹു പരിധി നിശ്ചയിച്ചിട്ടുണ്ട്. ഉള്ളതെല്ലാം അവർക്ക് കാണാൻ സാധിക്കുകയില്ല. ഏഴ് ആകാശങ്ങളും ഭൂമിയും അവയിലുള്ളതുമെല്ലാം അല്ലാഹുവിൻ്റെ പരിശുദ്ധിയെ പ്രകീർത്തിക്കുകയും അവനെ സ്തുതിക്കുകയും ചെയ്യുന്നു. ആ സ്തുതികീർത്തനം ആലങ്കാരികമല്ല! യാഥാർഥ്യം തന്നെയാണ്. അല്ലാഹു അവൻ്റെ പടപ്പുകളിൽ അവനുദ്ദേശിക്കുന്നവർക്ക് ചിലപ്പോൾ അത് കേൾപ്പിച്ചുകൊടുക്കാറുണ്ട്.എന്നാൽ നാമത് കേൾക്കുന്നില്ല. അല്ലാഹു അതെക്കുറിച്ചാണ് ഇങ്ങനെ പറഞ്ഞത്:

﴿تُسَبِّحُ لَهُ ٱلسَّمَٰوَٰتُ ٱلسَّبۡعُ وَٱلۡأَرۡضُ وَمَن فِيهِنَّۚ وَإِن مِّن شَيۡءٍ إِلَّا يُسَبِّحُ بِحَمۡدِهِۦ وَلَٰكِن لَّا تَفۡقَهُونَ تَسۡبِيحَهُمۡۚ﴾ [الإسراء: ٤٤].

"ഏഴ് ആകാശങ്ങളും ഭൂമിയും അവയിലുള്ളതുമെല്ലാം അവൻ്റെ പരിശുദ്ധിയെ പ്രകീർത്തിക്കുന്നു. അവനെ സ്തുതിക്കുകയും അതോടൊപ്പം അവൻ്റെ പരിശുദ്ധിയെ പ്രകീർത്തിക്കുകയും ചെയ്യാത്ത യാതൊന്നും തന്നെയില്ല. എന്നാൽ നിങ്ങൾക്ക് അവയുടെ തസ്ബീഹ് മനസിലാവുകയില്ല" (അൽ ഇസ്റാഅ്: 44).

ഇതുപോലെത്തന്നെയാണ് ജിന്ന്-പിശാചുക്കളുടെ സ്ഥിതിയും. അവർ ഭൂമിയിൽ അതിവേഗം സഞ്ചരിക്കുകയും

പോവുകയും വരികയും ഒക്കെ ചെയ്യുന്നുണ്ട്. ജിന്നുകൾ നബി ﷺ യുടെ അരികിൽ വരികയും അവിടുത്തെ ഖുർആൻ പാരായണം ശ്രദ്ധാപൂർവം ശ്രവിക്കുകയും അവരുടെ ജനതയിലേക്ക് താക്കീതുകാരായി മടങ്ങിപ്പോവുകയും ചെയ്ത സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ നമുക്ക് അവരെ കാണുക സാധ്യമല്ലാത്ത രൂപത്തിൽ അവർക്കും നമുക്കുമിടയിൽ മറയിടപ്പെട്ടിരിക്കുന്നു. അല്ലാഹു പറഞ്ഞത് കാണുക:

﴿يَٰبَنِيٓ ءَادَمَ لَا يَفۡتِنَنَّكُمُ ٱلشَّيۡطَٰنُ كَمَآ أَخۡرَجَ أَبَوَيۡكُم مِّنَ ٱلۡجَنَّةِ يَنزِعُ عَنۡهُمَا لِبَاسَهُمَا لِيُرِيَهُمَا سَوۡءَٰتِهِمَآۚ إِنَّهُۥ يَرَىٰكُمۡ هُوَ وَقَبِيلُهُۥ مِنۡ حَيۡثُ لَا تَرَوۡنَهُمۡۗ إِنَّا جَعَلۡنَا ٱلشَّيَٰطِينَ أَوۡلِيَآءَ لِلَّذِينَ لَا يُؤۡمِنُونَ﴾ [الأعراف: ٢٧].

"ഓ ആദമിന്റെ മക്കളേ! നിങ്ങളുടെ മാതാപിതാക്കളെ സ്വർഗത്തിൽ നിന്ന് പുറത്താക്കിയത് പോലെ പിശാച് നിങ്ങളെ കുഴപ്പത്തിലാക്കാതിരിക്കട്ടെ. അവൻ അവരിരുവരുടെയും വസ്ത്രങ്ങൾ അവരിൽ നിന്ന് ഊരിമാറ്റിക്കൊണ്ടിരുന്നു. അവരുടെ നഗ്നഭാഗങ്ങൾ അവരെ കാണിക്കാൻ വേണ്ടി. നിശ്ചയം, അവനും അവന്റെ കൂട്ടാളികളും നിങ്ങളെ കണ്ടുകൊണ്ടിരിക്കുന്നു; നിങ്ങൾക്ക് അവരെ കാണാൻ സാധിക്കാത്ത രൂപത്തിൽ. തീർച്ചയായും, വിശ്വസിക്കാത്തവർക്ക് പിശാചുക്കളെ നാം മിത്രങ്ങളായി നിശ്ചയിച്ചിരിക്കുന്നു." (അൽ അഅ്റാഫ്: 27).

അപ്പോൾ പ്രപഞ്ചത്തിലുള്ള എല്ലാത്തിനെയും സൃഷ്ടികൾക്ക് കാണാൻ സാധിക്കുന്നില്ല എന്നത് വ്യക്തമാണ്. എങ്കിൽ ഉണ്ടെന്ന് സ്ഥിരപ്പെട്ട അദൃശ്യകാര്യങ്ങളെ കാണാൻ സാധിക്കുന്നില്ല എന്നപേരിൽ നിഷേധിക്കാൻ പാടില്ലതന്നെ.

# ഖദറിലുള്ള വിശ്വാസം

അല്ലാഹു പ്രപഞ്ചത്തിന് കണക്കാക്കിയ വിധിയെയാണ് ഖദർ എന്ന പദം കൊണ്ട് വിവക്ഷിക്കപ്പെടുന്നത്. അല്ലാഹു മുൻപേ അറിഞ്ഞതും അവൻ്റെ ഹിക്മതിന് (യുക്തിക്ക്) യോജിച്ച രൂപത്തിലുമാണ് ഖദർ മുഴുവനും.

ഖദറിലുള്ള വിശ്വാസത്തിൽ നാല് കാര്യങ്ങൾ ഉൾക്കൊള്ളുന്നു:

ഒന്ന്: അല്ലാഹു എല്ലാ കാര്യങ്ങളും അറിഞ്ഞിട്ടുണ്ടെന്ന വിശ്വാസം. കാര്യങ്ങളെല്ലാം പൊതുവായും സൂക്ഷ്മമായും അല്ലാഹു അറിഞ്ഞിരിക്കുന്നു. അവയുടെയെല്ലാം തുടക്കവും ഒടുക്കവും അല്ലാഹുവിനറിയാം. അവൻ്റെ അറിവിന് ആരംഭമോ അവസാനമോ ഇല്ല. അല്ലാഹുവിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടതും സൃഷ്ടികളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടതും ഇപ്രകാരം തന്നെ അവനറിയാം.

രണ്ട്: അല്ലാഹു അതെല്ലാം ലൗഹുൽ മഹ്ഫൂദിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന വിശ്വാസം. ഈ രണ്ടുകാര്യങ്ങൾ അല്ലാഹു പറയുന്നത് കാണുക:

﴿أَلَمۡ تَعۡلَمۡ أَنَّ ٱللَّهَ يَعۡلَمُ مَا فِي ٱلسَّمَآءِ وَٱلۡأَرۡضِۚ إِنَّ ذَٰلِكَ فِي كِتَٰبٍۚ إِنَّ ذَٰلِكَ عَلَى ٱللَّهِ يَسِيرٞ﴾ [الحج: ٧٠].

"നീയറിഞ്ഞിട്ടില്ലേ അല്ലാഹു ആകാശഭൂമികളിലുള്ളതെല്ലാം അറിയുന്നുവെന്ന്? തീർച്ചയായും അതെല്ലാം ഒരു രേഖയിലുണ്ട്. തീർച്ചയായും അല്ലാഹുവിന് അത് എളുപ്പമാകുന്നു." (അൽ ഹജ്ജ്: 70).

സ്വഹീഹു മുസ്‌ലിമിൽ വന്നിട്ടുള്ള ഒരു ഹദീഥ് ഇപ്രകാരമാണ്. അബ്ദുല്ലാഹിബ്നു അംറ് ബ്നിൽ ആസ്വ് പറയുന്നു: അല്ലാഹുവിന്റെ റസൂൽ ﷺ പറയുന്നതായി ഞാൻ

കേട്ടിരിക്കുന്നു: "അല്ലാഹു സൃഷ്ടികളുടെ വിധിനിർണയം, ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിക്കുന്നതിന് അൻപതിനായിരം വർഷങ്ങൾക്ക് മുൻപേ രേഖപ്പെടുത്തിയിരിക്കുന്നു."

മൂന്ന്: ഏത് കാര്യവും സംഭവിക്കുക അല്ലാഹു ഉദ്ദേശിച്ചാൽ മാത്രമാണ് എന്ന വിശ്വാസം. അവന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടതായാലും, അതല്ല, സൃഷ്ടികളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടതായാലും അതെല്ലാം സംഭവിക്കുക അല്ലാഹുവിന്റെ ഉദ്ദേശമനുസരിച്ച് മാത്രമാണ്. അല്ലാഹു അവൻ്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യം പറഞ്ഞത് ശ്രദ്ധിക്കുക:

﴿وَرَبُّكَ يَخۡلُقُ مَا يَشَآءُ وَيَخۡتَارُۗ﴾ [القصص: ٦٨].

"നിൻ്റെ റബ്ബ് അവനുദ്ദേശിക്കുന്നത് സൃഷ്ടിക്കുകയും തെരഞ്ഞെടുക്കുകയും ചെയ്യുന്നു." (അൽ ഖസ്വസ്വ്: 68).

وَقَالَ: ﴿وَيَفۡعَلُ ٱللَّهُ مَا يَشَآءُ﴾ [إبراهيم: ٢٧].

അല്ലാഹു തന്നെ പറഞ്ഞിരിക്കുന്നു: "അവൻ അവനുദ്ദേശിക്കുന്നത് പ്രവർത്തിക്കുന്നു." (ഇബ്റാഹീം:27).

وَقَالَ: ﴿هُوَ ٱلَّذِي يُصَوِّرُكُمۡ فِي ٱلۡأَرۡحَامِ كَيۡفَ يَشَآءُۚ﴾ [آل عمران: ٦].

وَقَالَ تَعَالَى فيما يتعلّق بفعل المخلوقين:

അല്ലാഹു പറയുന്നു: "അവനാണ് ഗർഭാശയങ്ങളിൽ അവനുദ്ദേശിക്കുന്നതുപോലെ നിങ്ങളെ രൂപപ്പെടുത്തുന്നവൻ." (ആലു ഇംറാൻ: 6).

പടപ്പുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് അല്ലാഹു പറയുന്നു:

﴿وَلَوۡ شَآءَ ٱللَّهُ لَسَلَّطَهُمۡ عَلَيۡكُمۡ فَلَقَٰتَلُوكُمۡۚ﴾ [النساء: ٩٠].

"അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവരെയവൻ നിങ്ങൾക്കെതിരിൽ തിരിച്ചുവിടുകയും അവർ നിങ്ങളോട് യുദ്ധം നടത്തുകയും ചെയ്യുമായിരുന്നു." (അന്നിസാഅ്: 90).

وَقَالَ: ﴿وَلَوْ شَآءَ رَبُّكَ مَا فَعَلُوهُ ۖ فَذَرْهُمْ وَمَا يَفْتَرُونَ ﴾ [الأنعام: ١١٢].

അല്ലാഹു പറയുന്നു: "അവനുദ്ദേശിച്ചിരുന്നുവെങ്കിൽ അവരത് ചെയ്യുമായിരുന്നില്ല. അതിനാൽ അവരെയും അവർ കെട്ടിച്ചമക്കുന്നതിനെയും നീ വിട്ടേക്കുക." (അൽ അൻആം: 112).

നാല്: സകല സൃഷ്ടികളും അവയുടെ അസ്തിത്വവും വിശേഷണങ്ങളും ചലനങ്ങളുമെല്ലാം അല്ലാഹുവിന്റെ സൃഷ്ടികളാണ് എന്ന വിശ്വാസം. റബ്ബ് പറയുന്നു:

﴿ٱللَّهُ خَـٰلِقُ كُلِّ شَىْءٍ ۖ وَهُوَ عَلَىٰ كُلِّ شَىْءٍ وَكِيلٌ﴾ [الزمر: ٦٢].

"അല്ലാഹു സകല വസ്തുക്കളുടെയും സ്രഷ്ടാവാകുന്നു. എല്ലാ വസ്തുക്കളുടെയും കാര്യമേറ്റെടുത്തവനും അവനാകുന്നു." (സുമർ: 62)

وَقَالَ سبحانه: ﴿وَخَلَقَ كُلَّ شَىْءٍ فَقَدَّرَهُۥ تَقْدِيرًا﴾ [الفرقان: ٢].

അല്ലാഹു തന്നെ പറയുന്നു: "അവൻ എല്ലാ വസ്തുക്കളെയും സൃഷ്ടിക്കുകയും അനുയോജ്യമായ രൂപത്തിൽ അവയുടെ വിധിനിർണയം നടത്തുകയും ചെയ്തിരിക്കുന്നു." (അൽ ഫുർഖാൻ: 2).

ഇബ്റാഹീം നബി (عَلَيْهِ ٱلصَّلَاةُ وَٱلسَّلَامُ) അവിടുത്തെ ജനതയോട് പറഞ്ഞതായി അല്ലാഹു ഓർമപ്പെടുത്തുന്നു:

﴿وَٱللَّهُ خَلَقَكُمْ وَمَا تَعْمَلُونَ﴾ [الصافات: ٩٦].

"നിങ്ങളെയും നിങ്ങളുടെ പ്രവർത്തനങ്ങളെയും സൃഷ്ടിച്ചത് അല്ലാഹുവാകുന്നു." (സ്വാഫ്ഫാത്ത്: 96).

മനുഷ്യന് അവൻ്റെ പ്രവർത്തനങ്ങൾ തെരഞ്ഞെടുക്കാനുള്ള ശേഷിയും ചെയ്യാനുള്ള ശക്തിയുമുണ്ട്. ഖദറിലുള്ള വിശ്വാസം ഇതിന് ഒരുനിലക്കും എതിരല്ല. കാരണം, മതപ്രമാണങ്ങളും അനുഭവ യാഥാർഥ്യങ്ങളും ഇക്കാര്യം സ്ഥിരീകരിക്കുന്നു.

ശർഇൽ ഇക്കാര്യം വന്നിട്ടുള്ളത് കാണുക: അല്ലാഹു മനുഷ്യന്റെ ഉദ്ദേശശക്തിയെക്കുറിച്ച് പറയുന്നു:

﴿فَمَن شَآءَ ٱتَّخَذَ إِلَىٰ رَبِّهِۦ مَـَٔابًا ﴾ [النبأ: ٣٩].

"ആരാണോ ഉദ്ദേശിക്കുന്നത് അവൻ തൻ്റെ റബ്ബിലേക്ക് മടങ്ങാനുള്ള മാർഗം സ്വീകരിച്ചുകൊള്ളുക." (നബഅ്: 39).

وَقَالَ: ﴿فَأْتُواْ حَرْثَكُمْ أَنَّىٰ شِئْتُمْۖ ﴾ [البقرة: ٢٢٣].

അല്ലാഹു പറയുന്നു: "നിങ്ങൾ ഉദ്ദേശിക്കുന്നത് പോലെ നിങ്ങളുടെ കൃഷിയിടത്തെ സമീപിച്ചുകൊള്ളുക." (അൽ ബഖറഃ: 223).

وَقَالَ فِي القدرة: ﴿فَٱتَّقُواْ ٱللَّهَ مَا ٱسْتَطَعْتُمْ وَٱسْمَعُواْ وَأَطِيعُواْ﴾ [التغابن: ١٦].

മനുഷ്യന് അവൻ്റെ ശക്തിയുണ്ടെന്ന് സ്ഥിരീകരിച്ചുകൊണ്ട് അല്ലാഹു പറയുന്നു: "നിങ്ങൾക്ക് സാധിക്കുന്നത്ര അല്ലാഹുവിനെ സൂക്ഷിക്കുകയും കേൾക്കുകയും അനുസരിക്കുകയും ചെയ്യുക." (തഗാബുൻ: 16).

وَقَالَ: ﴿لَا يُكَلِّفُ ٱللَّهُ نَفْسًا إِلَّا وُسْعَهَاۚ لَهَا مَا كَسَبَتْ وَعَلَيْهَا مَا ٱكْتَسَبَتْۗ﴾ [البقرة: ٢٨٦].

അല്ലാഹു പറയുന്നു: "ഒരാൾക്കും അയാളുടെ കഴിവിൽ പെട്ടതല്ലാതെ അല്ലാഹു ബാധ്യത ഏൽപിക്കുകയില്ല. ഓരോരുത്തരും പ്രവർത്തിച്ചത് (നന്മ) അവർക്കനുകൂലമായി ഉണ്ടാകും. ഓരോരുത്തരും പ്രവർത്തിച്ചത് (തിന്മ) അവർക്കെതിരായും ഉണ്ടാകും." (അൽ ബഖറഃ: 286).

ഇത് അനുഭവയാഥാർഥ്യം കൂടിയാണ്. കാരണം ഓരോ മനുഷ്യനും അവന് തന്റേതായ ഉദ്ദേശ്യവും കഴിവുമുണ്ടെന്ന കാര്യം അറിയാം. ഈ രണ്ട് കാര്യങ്ങൾ മുഖേനയാണ് മനുഷ്യൻ കാര്യങ്ങൾ ചെയ്യുന്നതും ചെയ്യാതെ വിടുന്നതും. അവൻ ഇച്ഛിച്ചു കൊണ്ട് പ്രവർത്തിക്കുന്ന പ്രവർത്തനങ്ങളും ഇച്ഛിക്കാതെ ചെയ്യുന്ന കാര്യങ്ങളും അവൻ വേർതിരിച്ചു മനസിലാക്കുന്നു. ഉദാഹരണത്തിന് അവൻ നടക്കുന്നത് അവനിച്ഛിച്ചതു കൊണ്ടാണ്. അവൻ വിറക്കുന്നത് അവൻ ഉദ്ദേശിച്ചിട്ടല്ല. എന്നാൽ അല്ലാഹുവിൻ്റെ ഉദ്ദേശ്യവും അവൻ്റെ ശക്തിയും മുഖേന മാത്രമാണ് മനുഷ്യന്റെ ഉദ്ദേശവും ശക്തിയും ഉണ്ടാവുക. അല്ലാഹു പറയുന്നു:

﴿لِمَن شَآءَ مِنكُمۡ أَن يَسۡتَقِيمَ ٢٨ وَمَا تَشَآءُونَ إِلَّآ أَن يَشَآءَ ٱللَّهُ رَبُّ ٱلۡعَٰلَمِينَ﴾

[التكوير: ٢٨-29].

"നിങ്ങളിലാരാണോ നേരെ ചൊവ്വെ നിലകൊള്ളാൻ ഉദ്ദേശിച്ചത്; അവർക്ക്. സർവലോകരക്ഷിതാവായ അല്ലാഹു ഉദ്ദേശിച്ചാലല്ലാതെ നിങ്ങൾ ഉദ്ദേശിക്കുകയില്ല." (തക്‌വീർ: 28-29).

കാരണം പ്രപഞ്ചം മുഴുവൻ അല്ലാഹുവിൻ്റെ സാമ്രാജ്യമാണ്. അവൻ്റെ സാമ്രാജ്യത്തിൽ അവനറിയാതെയോ ഉദ്ദേശിക്കാതെയോ യാതൊന്നും സംഭവിക്കുകയില്ല.

ഖദറിലുള്ള വിശ്വാസം നിർബന്ധമായ കർമങ്ങൾ ചെയ്യാതിരിക്കാനോ തിന്മകൾ പ്രവർത്തിക്കാനോ ഒരാൾക്കും ന്യായമല്ല. അങ്ങനെ ആരെങ്കിലും ന്യായം പിടിച്ചാൽ പല കാരണങ്ങളാൽ അത് വ്യർത്ഥമാണ്.

ഒന്ന്: അല്ലാഹു പറഞ്ഞിരിക്കുന്നു: (അല്ലാഹുവിൽ) പങ്കുചേർത്തവർ പറയും: അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ

ഞങ്ങളോ ഞങ്ങളുടെ പൂർവപിതാക്കളോ അവനിൽ പങ്കുചേർക്കുമായിരുന്നില്ല. യാതൊന്നും തന്നെ ഞങ്ങൾ നിഷിദ്ധമാക്കുമായിരുന്നുമില്ല. അങ്ങനെത്തന്നെയാണ് അവർക്ക് മുമ്പുള്ളവരും നമ്മുടെ ശിക്ഷ രുചിക്കുംവരെ നിഷേധത്തിൽ തുടർന്നത്. ചോദിക്കുക: നിങ്ങളുടെ പക്കൽ വല്ല വിജ്ഞാനവുമുണ്ടോ ഞങ്ങൾക്ക് വെളിപ്പെടുത്തിത്തരാൻ? നിങ്ങൾ പിൻപറ്റുന്നത് ഊഹം മാത്രമാണ്. നിങ്ങൾ കളവ് കെട്ടിച്ചമക്കുക മാത്രമാണ് ചെയ്യുന്നത്." (അൽ അൻആം: 148)ഖദറിൽ അവർക്ക് വല്ല ന്യായവുമുണ്ടായിരുന്നെങ്കിൽ അല്ലാഹുവിന്റെ ശിക്ഷ അവർ രുചിക്കേണ്ടിവരികയില്ലായിരുന്നു.

രണ്ട്: അല്ലാഹു പറയുന്നു: സന്തോഷവാർത്ത അറിയിക്കുന്നവരും താക്കീത് നൽകുന്നവരുമായിക്കൊണ്ട് നിശ്ചയിക്കപ്പെട്ട റസൂലുകൾ. ആ റസൂലുകൾ നിയോഗിക്കപ്പെട്ട ശേഷം മനുഷ്യർക്ക് അല്ലാഹുവിനെതിരിൽ യാതൊരു ന്യായവുമില്ലാതിരിക്കാൻ വേണ്ടി. അല്ലാഹു മഹാപ്രതാപിയും യുക്തിമാനുമാകുന്നു." (അന്നിസാഅ്: 165)അല്ലാഹുവിനെ ധിക്കരിച്ചവർക്ക് ഖദർ ന്യായമായിരുന്നുവെങ്കിൽ റസൂലുകൾ നിയോഗിക്കപ്പെട്ടത് കൊണ്ട് അത് ഇല്ലാതാകുമായിരുന്നില്ല. കാരണം, അവർ നിയോഗിക്കപ്പെട്ടതിന് ശേഷം സംഭവിക്കുന്ന അവരുടെ നിഷേധവും അല്ലാഹുവിന്റെ ഖദർ അനുസരിച്ചുതന്നെയാകുന്നു.

മൂന്ന്: ഇമാം ബുഖാരിയും മുസ്‌ലിമും അലിയ്യു ബ്നു അബീ ത്വാലിബി (رَضِيَ اللَّهُ عَنْهُ) ൽ നിന്ന് ഉദ്ദരിക്കുന്നു: നബി ﷺ പറഞ്ഞു: "അല്ലാഹു സ്വർഗത്തിലെ ഇരിപ്പിടമോ നരകത്തിലെ ഇരിപ്പിടമോ രേഖപ്പെടുത്താത്ത ഒരാളും നിങ്ങളുടെ കൂട്ടത്തിലില്ല." ഒരാൾ അപ്പോൾ ചോദിച്ചു:

എങ്കിൽ ആ വിധിയെ അവലംബിച്ചു ഞങ്ങൾക്ക് ഒന്നും ചെയ്യാതിരുന്നുകൂടെ, അല്ലാഹുവിൻ്റെ റസൂലേ? അവിടുന്ന് പറഞ്ഞു: "പാടില്ല! നിങ്ങൾ പ്രവർത്തിക്കുക. ഓരോരുത്തരും എളുപ്പം നൽകപ്പെട്ടവരാകുന്നു." എന്നിട്ട് അവിടുന്ന് പാരായണം ചെയ്തു: "ആരാണോ നൽകുകയും (അല്ലാഹുവിനെ) സൂക്ഷിക്കുകയും ചെയ്തത്..." (ലൈൽ: 5)സ്വഹീഹു ഇപ്രകാരമാണ് വന്നിട്ടുള്ളത്: "ഓരോരുത്തരും അവർ എവിടേക്ക് വേണ്ടി സൃഷ്ടിക്കപ്പെട്ടുവോ അതിലേക്ക് എളുപ്പം നൽകപ്പെട്ടവരാകുന്നു." ഇവിടെ നബി ﷺ കർമം ചെയ്യാനാണ് കൽപിച്ചത്. ഖദറിൽ കടിച്ചുതൂങ്ങുന്നത് അവിടുന്ന് വിലക്കിയിരിക്കുന്നു.

നാല്: അല്ലാഹു അവൻ്റെ അടിമകളോട് പലതും കൽപിക്കുകയും വിലക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹു ഒരിക്കലും അടിമകളെ അവർക്ക് സാധിക്കാത്തത് ബാധ്യതയായി ഏൽപിക്കുകയില്ല. അല്ലാഹു പറയുന്നു:

﴿فَٱتَّقُواْ ٱللَّهَ مَا ٱسۡتَطَعۡتُمۡ وَٱسۡمَعُواْ وَأَطِيعُواْ﴾ [التغابن: ١٦].

"നിങ്ങൾക്ക് സാധിക്കുന്നത്ര അല്ലാഹുവിനെ സൂക്ഷിക്കുകയും കേൾക്കുകയും അനുസരിക്കുകയും ചെയ്യുക." (തഗാബുൻ: 16)

وَقَالَ: ﴿لَا يُكَلِّفُ ٱللَّهُ نَفۡسًا إِلَّا وُسۡعَهَاۚ﴾ [البقرة: ٢٨٦].

"ഒരാൾക്കും അയാളുടെ കഴിവിൽ പെട്ടതല്ലാതെ അല്ലാഹു ബാധ്യത ഏൽപിക്കുകയില്ല." (അൽ ബഖറഃ: 286).

മനുഷ്യൻ യാതൊരു ഇച്ഛാശക്തിയുമില്ലാതെ നിർബന്ധപൂർവം പ്രവർത്തിപ്പിക്കപ്പെടുന്നവനായിരുന്നുവെങ്കിൽ അല്ലാഹു അവന് ഒരിക്കലും ഒഴിവാകാൻ സാധിക്കാത്ത ബാധ്യത ഏൽപിച്ചുവെന്ന് വരും. അതൊരിക്കലും ശരിയല്ല.

അതുകൊണ്ടാണ് അറിയാതെയോ മറന്നുകൊണ്ടോ നിർബന്ധിക്കപ്പെട്ടോ തിന്മകൾ പ്രവർത്തിച്ചവർക്ക് മേൽ കുറ്റമില്ലാത്തത്. കാരണം അത്തരം സന്ദർഭങ്ങളിൽ തിന്മ ചെയ്തവർക്ക് ഒഴിവുകഴിവുണ്ട്.

അഞ്ച്: അല്ലാഹുവിന്റെ വിധിയെന്നത് മറച്ചുവെക്കപ്പെട്ട രഹസ്യമാണ്. സംഭവിച്ച ശേഷമല്ലാതെ വിധിയെന്തായിരുന്നുവെന്ന് അറിയാൻ ആർക്കും സാധ്യമല്ല. എന്നാൽ ഒരു പ്രവർത്തി ചെയ്യാനുള്ള മനുഷ്യന്റെ തീരുമാനം പ്രവർത്തിക്കു മുൻപേ ഉള്ളതാണ്. അല്ലാഹുവിന്റെ ഖദർ എന്താണെന്നറിഞ്ഞ് അതിൻ്റെ അടിസ്ഥാനത്തിലല്ല മനുഷ്യൻ പ്രവർത്തിക്കുന്നത്. പിന്നെങ്ങനെ ഖദർ തന്റെ ചെയ്തികൾക്കുള്ള ന്യായമായി പറയാൻ മനുഷ്യന് സാധിക്കും? തനിക്കറിയാത്ത കാര്യമാണോ അവൻ ന്യായമായി പറയുക?!

ആറ്: മനുഷ്യൻ അവൻ്റെ ഭൗതികമായ കാര്യങ്ങളിൽ തനിക്കിഷ്ടമുള്ളത് നേടിയെടുക്കാൻ അതീവതാത്പര്യത്തോടെ പ്രയത്നിക്കുന്നത് നാം കാണുന്നു. അത് കിട്ടുന്നത് വരെ അവൻ പണിയെടുക്കുന്നു. ഇഷ്ടമുള്ളത് വിട്ട് ഇഷ്ടമില്ലാത്തതിന്റെ പിന്നാലെ അവൻ പോകുന്നില്ല. ഇക്കാര്യത്തിൽ ആരും ഖദറിന്റെ ന്യായം പറയാറില്ല. ഉപകാരമുള്ള കാര്യം ഉപേക്ഷിച്ചുപോവുകയും ഉപദ്രവകരമായത് സ്വീകരിക്കുകയും ചെയ്തുകൊണ്ട് അതെല്ലാം വിധിയാണെന്ന് എന്തുകൊണ്ട് പറയുന്നില്ല. മതപരമായ കാര്യത്തിൽ മാത്രം എന്തുകൊണ്ട് ഈ ന്യായം പറയുന്നു.?!

വിഷയം വ്യക്തമാകാൻ ഒരു ഉദാഹരണം കാണുക:

മനുഷ്യന്റെ മുന്നിൽ രണ്ട് വഴികളുണ്ട്. ഒന്ന്: തീർത്തും കലാപകലുഷിതമായ ഒരു നാട്ടിലേക്കുള്ള മാർഗമാണ്. കൊലപാതകങ്ങളും കവർച്ചയും അഭിമാനക്ഷതങ്ങളും

ഭയപ്പാടുകളും പട്ടിണിയുമെല്ലാം നിറഞ്ഞ ഒരു രാജ്യം. രണ്ട്: സമാധാനവും സുഭിക്ഷതയും നിറഞ്ഞ വ്യവസ്ഥാപിതമായ ഒരു നാട്ടിലേക്കുള്ള പാത. രക്തവും സമ്പത്തും അഭിമാനവുമെല്ലാം ആ രാജ്യത്ത് സുരക്ഷിതമാണ്. ഏത് വഴിയായിരിക്കും അയാൾ സ്വീകരിക്കുക?

നിർഭയത്വം നിറഞ്ഞ വ്യവസ്ഥാപിതമായ നാട്ടിലേക്കുള്ള രണ്ടാമത്തെ മാർഗം മാത്രമെ അയാൾ സ്വീകരിക്കുകയുള്ളൂ. വിധിയാണെന്ന ന്യായം പറഞ്ഞുകൊണ്ട് കലാപങ്ങളുടെയും ഭയപ്പാടിന്റെയും നാട്ടിലേക്ക് ബുദ്ധിയുള്ള ഒരാളും പോവുകയില്ല.പരലോകത്തിന്റെ കാര്യം വരുമ്പോൾ എന്തുകൊണ്ടാണ് ഖദറിന്റെ ന്യായം പറഞ്ഞുകൊണ്ട് സ്വർഗവഴി ഉപേക്ഷിച്ച് നരകത്തിലേക്കുള്ള മാർഗം സ്വീകരിക്കുന്നത്.

മറ്റൊരു ഉദാഹരണം കാണുക: രോഗികൾ അവർക്കിഷ്ടമില്ലാഞ്ഞിട്ടു കൂടി കയ്പേറിയ മരുന്നുകൾ കഴിക്കുന്നത് കാണാം. അവർക്കിഷ്ടമുള്ള ഭക്ഷ്യപദാർത്ഥങ്ങൾ പലതും ഉപേക്ഷിക്കുന്നതും കാണാം. ശമനവും സുരക്ഷയും മുൻനിർത്തിയാണിതെല്ലാം. വിധിയാണെന്ന് പറഞ്ഞ് മരുന്ന് ഉപേക്ഷിക്കാനോ ഉപദ്രവകരമായ ഭക്ഷണങ്ങൾ കഴിക്കാനോ സാധ്യമല്ല.പിന്നെന്തുകൊണ്ടാണ് മനുഷ്യൻ അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും കൽപനകളും വിലക്കുകളും ഉപേക്ഷിക്കുകയും അതിന് വിധിയുടെ ന്യായം പറയുകയും ചെയ്യുന്നത്?

ഏഴ്: ഇങ്ങനെ വാജിബുകൾ ഉപേക്ഷിക്കാനും ഹറാമുകൾ പ്രവർത്തിക്കാനും ഖദറിന്റെ ന്യായം പറയുന്നവരെ ആരെങ്കിലും ഉപദ്രവിച്ചുവെന്ന് സങ്കൽപിക്കുക. അവരുടെ സമ്പത്ത് കവർന്നെടുക്കുകയോ അഭിമാനം വ്രണപ്പെടുത്തുകയോ മറ്റെന്തെകിലും

പവിത്രതകൾ ലംഘിക്കുകയോ ചെയ്തുവെന്ന് കരുതുക. എന്നിട്ട് അക്രമി പറയുകയാണ്: ഇതൊക്കെ അല്ലാഹുവിന്റെ വിധിയാണ്. അതുകൊണ്ട് ഇതിനൊന്നും എന്നെ ഒന്നും പറയരുത്. ഇങ്ങനെയൊരു ന്യായം അയാൾ പറഞ്ഞാൽ ഒരിക്കലും അവനത് സ്വീകരിക്കുകയില്ല.മറ്റുള്ളവർ അവനോട് അതിക്രമം പ്രവർത്തിക്കുകയും അതിന് ഖദറിനെ കൂട്ടുപിടിക്കുകയും ചെയ്താൽ അവനത് സ്വീകരിക്കുന്നില്ല. പിന്നെങ്ങനെയാണ് അല്ലാഹുവിനോടുള്ള ബാധ്യതകളിൽ അതിക്രമം പ്രവർത്തിക്കുന്നതിന് ഖദറിനെ കൂട്ടുപിടിക്കാൻ അവന് സാധിക്കുക?!

ഉമർ ബ്നുൽ ഖത്താബി (رَضِيَ ٱللَّهُ عَنْهُ) ന്റെ കാലത്ത് നടന്നതായി പറയപ്പെട്ട ഒരു സംഭവം ഇങ്ങനെയാണ്: ഒരു കള്ളനെ ഉമറിനരികിൽ കൊണ്ടുവന്നു. ഉമർ അയാളുടെ കൈ ഛേദിക്കാൻ ഉത്തരവിട്ടു. അപ്പോൾ കള്ളൻ പറയുകയാണ്: അമീറുൽ മുഅ്മിനീൻ! അരുത്! അല്ലാഹുവിന്റെ വിധി കൊണ്ട് മാത്രമാണ് ഞാൻ മോഷ്ടിച്ചത്. അപ്പോൾ ഉമർ അയാളോട് പറഞ്ഞു: ഞാൻ കൈ മുറിക്കുന്നതും അല്ലാഹുവിന്റെ വിധികൊണ്ട് തന്നെയാണ്.

ഖദറിലുള്ള വിശ്വാസം മുഖേന ലഭിക്കുന്ന ധാരാളം പ്രയോജനങ്ങളും ഗുണപാഠങ്ങളുമുണ്ട്. അവയിൽ ചിലത് കാണുക:

ഒന്ന്: ഏത് ലക്ഷ്യത്തിനു വേണ്ടിയുള്ള കാരണങ്ങൾ പ്രവർത്തിക്കുമ്പോഴും അല്ലാഹുവിനെ അവലംബിക്കുക. അല്ലാതെ കേവല കാരണങ്ങളിൽ അല്ല അവലംബമർപ്പിക്കേണ്ടത്. കാരണം, എല്ലാം അല്ലാഹുവിന്റെ വിധിയനുസരിച്ച് മാത്രമേ സംഭവിക്കുകയുള്ളൂ.

രണ്ട്: ലക്ഷ്യങ്ങൾ നിറവേറുമ്പോൾ സ്വന്തത്തെക്കുറിച്ച് താൻ കേമനാണെന്ന ചിന്ത ഉണ്ടാകാതിരിക്കുക. കാരണം,

ലക്ഷ്യങ്ങൾ നിറവേറുകയെന്നത് അല്ലാഹുവിന്റെ അനുഗ്രഹമാണ്, അവനാണ് നന്മയുടെയും വിജയത്തിന്റെയും വഴികൾ ഒരുക്കിത്തന്നത്. അവനവന്റെ സാമർഥ്യത്തിൽ മതിമറന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്തിന് നന്ദി കാണിക്കാൻ മറന്നുപോകുന്നതാണ്.

രണ്ട്: തന്റെ എല്ലാകാര്യങ്ങളിലും സംഭവിക്കുന്നത് അല്ലാഹുവിന്റെ വിധി മാത്രമാണെന്ന വിശ്വാസം കൊണ്ട് ശാന്തിയും സമാധാനവും ലഭിക്കും. പ്രിയങ്കരമായവ വല്ലതും നഷ്ടപ്പെട്ടാലോ അനിഷ്ടകരമായത് സംഭവിച്ചാലോ ഖദറിൽ വിശ്വസിക്കുന്നവൻ വെപ്രാളപ്പെടുകയില്ല. കാരണം അതെല്ലാം ആകാശഭൂമികളുടെ ഉടമസ്ഥനായ അല്ലാഹുവിന്റെ വിധിയിൽ സംഭവിച്ചതാണ്. അത് സംഭവിക്കാതെ യാതൊരു തരവുമില്ല. അല്ലാഹു അതേക്കുറിച്ച് പറഞ്ഞത് കാണുക:

﴿مَآ أَصَابَ مِن مُّصِيبَةٍ فِي ٱلْأَرْضِ وَلَا فِيٓ أَنفُسِكُمْ إِلَّا فِي كِتَٰبٍ مِّن قَبْلِ أَن نَّبْرَأَهَآۚ إِنَّ ذَٰلِكَ عَلَى ٱللَّهِ يَسِيرٌ ۝٢٢ لِّكَيْلَا تَأْسَوْاْ عَلَىٰ مَا فَاتَكُمْ وَلَا تَفْرَحُواْ بِمَآ ءَاتَىٰكُمْۗ وَٱللَّهُ لَا يُحِبُّ كُلَّ مُخْتَالٍ فَخُورٍ﴾ [الحديد: ٢٢-23].

"ഭൂമിയിലോ നിങ്ങളുടെ സ്വദേഹങ്ങളിലോ യാതൊരു ഉപദ്രവവും ബാധിക്കുന്നില്ല; അത് സൃഷ്ടിക്കുന്നതിന് മുൻപ് ഒരു ഗ്രന്ഥത്തിൽ നാമത് രേഖപ്പെടുത്തിയിട്ടല്ലാതെ. തീർച്ചയായും അല്ലാഹുവിന് അത് എളുപ്പമുള്ളതാകുന്നു. നിങ്ങൾക്ക് നഷ്ടപ്പെട്ടതിൽ നിങ്ങൾ ദുഃഖിക്കാതിരിക്കാനും അവൻ നിങ്ങൾക്ക് നൽകിയതിൽ നിങ്ങൾ ആഹ്ളാദിക്കാതിരിക്കാനും വേണ്ടിയാണത്. അഹങ്കാരിയും പൊങ്ങച്ചക്കാരനുമായ ഒരാളെയും അല്ലാഹു ഇഷ്ടപ്പെടുകയില്ല." (അൽ ഹദീദ്: 22-23).

നബി ﷺ പറയുന്നു: "മുഅ്മിനിന്റെ കാര്യം അത്ഭുതകരമാണ്. അവന്റെ ഏതു കാര്യവും അവന്

നന്മയാണ്. മുഅ്മിനിനല്ലാതെ മറ്റൊരാൾക്കും അങ്ങനെയുണ്ടാവുകയില്ല. അവന് സന്തോഷമേകുന്ന ഒരു കാര്യം ബാധിച്ചാൽ അവൻ (അല്ലാഹുവിന്) നന്ദി കാണിക്കുന്നു. അങ്ങനെ അത് അവന് നന്മയായിത്തീരുന്നു. അവന് പ്രയാസകരമായ ഒരു കാര്യം ബാധിച്ചാൽ അവൻ ക്ഷമിക്കുന്നു. അങ്ങനെ അതും അവന് നന്മയായിത്തീരുന്നു."

ഖദറിന്റെ വിഷയത്തിൽ വഴിപിഴച്ച രണ്ടു കക്ഷികളുണ്ട്.

ഒന്ന്: ജബരിയ്യത്ത് എന്നറിയപ്പെടുന്ന കക്ഷിയാണ്. ഇവർ പറഞ്ഞു: മനുഷ്യൻ അവന്റെ പ്രവർത്തനങ്ങൾക്ക് നിർബന്ധിക്കപ്പെടുന്നവനാണ്. അവന് അതിൽ സ്വന്തമായ എന്തെങ്കിലും തീരുമാനമോ ശേഷിയോ ഇല്ലതന്നെ!

രണ്ട്: ഖദരിയ്യത് എന്നറിയപ്പെടുന്ന കക്ഷി. മനുഷ്യൻ തീർത്തും സ്വതന്ത്രമായ ഉദ്ദേശവും ശേഷിയും ഉള്ളവനാണ് എന്നതാണ് ഇവരുടെ വാദം. അല്ലാഹുവിന്റെ ഉദ്ദേശ്യത്തിനോ ശക്തിക്കോ അതിൽ യാതൊരു സ്വാധീനവുമില്ല!

ജബരിയ്യത് എന്ന ആദ്യം സൂചിപ്പിച്ച കക്ഷിക്കുള്ള മറുപടി മതപ്രമാണങ്ങൾ കൊണ്ടും അനുഭവയാഥാർഥ്യങ്ങൾ കൊണ്ടും പറയാൻ സാധിക്കും.

മതപ്രമാണങ്ങൾ നോക്കുക! അല്ലാഹു മനുഷ്യന് അവന്റേതായ ഉദ്ദേശ്യവും തീരുമാനവും ഉണ്ടെന്ന് സ്ഥിരീകരിക്കുകയും പ്രവർത്തനങ്ങളെ മനുഷ്യനിലേക്ക് ചേർത്തിപ്പറയുകയും ചെയ്തിരിക്കുന്നു. അല്ലാഹു പറയുന്നു:

﴿مِنكُم مَّن يُرِيدُ ٱلدُّنْيَا وَمِنكُم مَّن يُرِيدُ ٱلْأَخِرَةَ﴾ [آل عمران: ١٥٢].

"നിങ്ങളിൽ ഇഹലോകം ഉദ്ദേശിക്കുന്നവരുണ്ട്. പരലോകം ഉദ്ദേശിക്കുന്നവരും നിങ്ങളിലുണ്ട്." (ആലു ഇംറാൻ: 152).

وَقَالَ تَعَالَى: ﴿وَقُلِ ٱلْحَقُّ مِن رَّبِّكُمْۖ فَمَن شَآءَ فَلْيُؤْمِن وَمَن شَآءَ فَلْيَكْفُرْۚ إِنَّآ أَعْتَدْنَا لِلظَّٰلِمِينَ نَارًا أَحَاطَ بِهِمْ سُرَادِقُهَاۚ﴾ الآية [الكهف: ٢٩].

അല്ലാഹു പറയുന്നു: "പറയുക: സത്യം നിങ്ങളുടെ റബ്ബിന്റെ പക്കൽ നിന്നുള്ളതാകുന്നു. അതിനാൽ ഉദ്ദേശിക്കുന്നവർ വിശ്വസിക്കട്ടെ! ഉദ്ദേശിക്കുന്നവർ അവിശ്വസിക്കട്ടെ! അക്രമികൾക്ക് നാം നരകം ഒരുക്കിവെച്ചിരിക്കുന്നു. അതിന്റെ ചുമരുകൾ അവരെ വലയം ചെയ്യുന്നതാണ്." (അൽ കഹ്ഫ്: 29).

وَقَالَ تَعَالَى: ﴿مَّنْ عَمِلَ صَٰلِحًا فَلِنَفْسِهِۦۖ وَمَنْ أَسَآءَ فَعَلَيْهَاۗ وَمَا رَبُّكَ بِظَلَّٰمٍ لِّلْعَبِيدِ﴾ [فصلت: ٤٦].

അല്ലാഹു പറയുന്നു: "ഒരു സൽകർമ്മം ആര് പ്രവർത്തിച്ചോ അത് അവനു വേണ്ടിത്തന്നെയാണ്. ഒരു ദുഷ്കർമം ആര് ചെയ്തുവോ അത് അവനുതന്നെ എതിരാണ്. നിന്റെ റബ്ബ് അടിമകളോട് അക്രമം പ്രവർത്തിക്കുന്നവനല്ല." (ഫുസ്സ്വിലത്: 46).

അനുഭവയാഥാർഥ്യങ്ങൾ ചിന്തിക്കുക: മനുഷ്യൻ താനുദ്ദേശിച്ചുകൊണ്ട് ചെയ്യുന്ന പ്രവർത്തനങ്ങളെയും തന്റെ ഉദ്ദേശമില്ലാതെ സംഭവിക്കുന്ന പ്രവർത്തനങ്ങളെയും തമ്മിൽ വ്യക്തമായി വേർതിരിക്കുന്നു. അവൻ അന്നപാനീയങ്ങൾ കഴിക്കുന്നതും വാങ്ങുന്നതും വിൽക്കുന്നതുമൊക്കെ തൻ്റെ ഉദ്ദേശ്യമനുസരിച്ചാണ്. എന്നാൽ പനി പിടിച്ച് വിറക്കുന്നതും മുകളിൽ നിന്ന് താഴേക്ക് പതിക്കുന്നതുമൊക്കെ അവൻ്റെ ഉദ്ദേശമോ തീരുമാനമോ ഇല്ലാതെയാണ്.

രണ്ടാമത്തെ കക്ഷിയായ ഖദരിയ്യത്തിനുള്ള മറുപടി ശറഅ് മുഖേനയും ബുദ്ധി മുഖേനയും നൽകാൻ കഴിയും.

ശറഇലെ തെളിവുകൾ കാണുക: അല്ലാഹുവാണ് സകലത്തിന്റെയും സ്രഷ്ടാവ്. എല്ലാം സംഭവിച്ചിട്ടുള്ളത് അവൻ്റെ ഉദ്ദേശ്യമനുസരിച്ച് മാത്രമാണ്. അടിമകളുടെ പ്രവർത്തനങ്ങൾ സംഭവിക്കുന്നതും അല്ലാഹുവിന്റെ ഉദ്ദേശ്യമനുസരിച്ചാണ് എന്ന കാര്യം അല്ലാഹു വ്യക്തമായി വിവരിച്ചിട്ടുണ്ട്. അല്ലാഹു പറയുന്നു:

﴿وَلَوْ شَآءَ ٱللَّهُ مَا ٱقْتَتَلَ ٱلَّذِينَ مِنۢ بَعْدِهِم مِّنۢ بَعْدِ مَا جَآءَتْهُمُ ٱلْبَيِّنَٰتُ وَلَٰكِنِ ٱخْتَلَفُوا۟ فَمِنْهُم مَّنْ ءَامَنَ وَمِنْهُم مَّن كَفَرَ ۚ وَلَوْ شَآءَ ٱللَّهُ مَا ٱقْتَتَلُوا۟ وَلَٰكِنَّ ٱللَّهَ يَفْعَلُ مَا يُرِيدُ﴾ [البقرة: ٢٥٣].

"അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവർക്കു ശേഷമുള്ളവർ വ്യക്തമായ പ്രമാണങ്ങൾ അവർക്ക് വന്നുകിട്ടിയതിന് ശേഷം പോരടിക്കുമായിരുന്നില്ല. എന്നാൽ അവർ ഭിന്നിച്ചുപോവുകയുണ്ടായി. അങ്ങനെ അവരിൽ വിശ്വസിച്ചവരുണ്ട്. അവിശ്വസിച്ചവരും അവരിലുണ്ട്. അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവർ പോരടിക്കുമായിരുന്നില്ല. എന്നാൽ അല്ലാഹു അവനുദ്ദേശിക്കുന്നത് പ്രവർത്തിക്കുന്നു." (അൽ ബഖറഃ: 253).

وَقَالَ تَعَالَى: ﴿وَلَوْ شِئْنَا لَءَاتَيْنَا كُلَّ نَفْسٍ هُدَىٰهَا وَلَٰكِنْ حَقَّ ٱلْقَوْلُ مِنِّى لَأَمْلَأَنَّ جَهَنَّمَ مِنَ ٱلْجِنَّةِ وَٱلنَّاسِ أَجْمَعِينَ﴾ [السجدة: ١٣].

അല്ലാഹു പറയുന്നു: "നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഓരോരുത്തർക്കും അവരുടെ സന്മാർഗം നാം നൽകുമായിരുന്നു. എന്നാൽ മനുഷ്യരെയും ജിന്നുകളെയും കൊണ്ട് നരകം നിറക്കുമെന്ന വാക്ക് നമ്മിൽ നിന്ന് സത്യമായി വന്നിരിക്കുന്നു." (സജ്ദ: 13).

ഇനി ബുദ്ധി ഉപയോഗിച്ച് ആലോചിക്കുക. പ്രപഞ്ചമൊന്നാകെ അല്ലാഹുവിന്റെ സാമ്രാജ്യമാണ്.

മനുഷ്യൻ ആ പ്രപഞ്ചത്തിന്റെ ഭാഗമാണ്. അവൻ അല്ലാഹുവിന്റെ അടിമയാണ്. അടിമക്ക് ഉടമസ്ഥന്റെ സാമ്രാജ്യത്തിൽ അവൻ്റെ അനുമതിയും ഉദ്ദേശ്യവും കൂടാതെ യാതൊന്നും ചെയ്യുക സാധ്യമല്ല.

## ഇസ്‌ലാമിക വിശ്വാസത്തിന്റെ ലക്ഷ്യങ്ങൾ

എന്തൊക്കെയാണ് ഒരു കാര്യം മുഖേന ഉദ്ദേശിക്കപ്പെടുന്നത് എന്നതാണ് ലക്ഷ്യം എന്ന പദം മുഖേന ഉദ്ദേശിക്കപ്പെടുന്നത്.

ഇസ്‌ലാമിക വിശ്വാസത്തിന്റെ ലക്ഷ്യങ്ങൾ എന്നാൽ അതിന്റെ ഉന്നതമായ ഉദ്ദേശ്യങ്ങളാണ്. അവ മുറുകെപ്പിടിച്ചാൽ ലഭിക്കുന്ന ശ്രേഷ്ഠമായ ഫലങ്ങളാണ്. അവ ഒട്ടനേകമുണ്ട്. അതിൽ ചിലത് കാണുക:

ഒന്ന്: നിയ്യത്തും (ഉദ്ദേശ്യം) ഇബാദത്തും (ആരാധന) കളങ്കരഹിതമായി അല്ലാഹുവിന് മാത്രമാക്കുക. കാരണം അവനാണ് സ്രഷ്ടാവ്. അവന് യാതൊരു പങ്കുകാരുമില്ല. അതുകൊണ്ട് അവനെ മാത്രമേ ആരാധിക്കാവൂ. അവന്റെ പ്രീതി മാത്രമേ ലക്ഷ്യമാക്കാവൂ.

രണ്ട്: ഹൃദയത്തിൽ യഥാർത്ഥ വിശ്വാസമില്ലെങ്കിൽ ബുദ്ധിയും ചിന്തയും ചെന്നുപതിക്കുന്ന കലുഷിതമായ അവസ്ഥയിൽ നിന്ന് അവക്ക് മോചനം ലഭിക്കുന്നു. കാരണം ശരിയായ വിശ്വാസമില്ലാത്ത ഹൃദയം ഒന്നുകിൽ ഒരു വിശ്വാസവും പിൻപറ്റാതെ കേവല ഭൗതികതയുടെ അടിമയായിത്തീരും. അല്ലെങ്കിൽ പിഴച്ച വിശ്വാസങ്ങളിലും കെട്ടുകഥകളിലും അഭിരമിക്കുന്ന അവസ്ഥയിലെത്തിച്ചേരും.

മൂന്ന്: മനസും ചിന്തയുമെല്ലാം ആശ്വാസമടയും. മനസ്സിൽ പിന്നെ വേവലാതിയില്ല. അന്ധാളിച്ചുപോയ ചിന്തയുമില്ല. കാരണം ഇസ്‌ലാമിക വിശ്വാസം മനുഷ്യനെ അവൻ്റെ

റബ്ബുമായി ബന്ധിപ്പിക്കുന്നു. രക്ഷിതാവും നിയന്താവും വിധികർത്താവും നിയമനിർമാതാവുമായി അല്ലാഹുവിനെ അവൻ തൃപ്തിപ്പെട്ടിരിക്കുന്നു. അല്ലാഹുവിന്റെ വിധിയിൽ അവൻ ശാന്തിയടയുന്നു. അവന്റെ ഹൃദയം ഇസ്‌ലാം ഉൾക്കൊള്ളാൻ വിശാലമായിരിക്കുന്നു. അതല്ലാത്ത മറ്റൊന്ന് അവൻ തേടിപ്പോവുകയേയില്ല.

നാല്: അല്ലാഹുവിനെ ആരാധിക്കുന്ന വിഷയത്തിലും സഹജീവികളുമായി ഇടപെടുന്ന വിഷയത്തിലും ലക്ഷ്യമോ മാർഗമോ തെറ്റിപ്പോവുകയില്ല. കാരണം, റസൂലുകളിലുള്ള വിശ്വാസം ഇസ്‌ലാമിക വിശ്വാസത്തിന്റെ അടിത്തറകളിലൊന്നാണ്. അവരുടെ മാർഗം പിൻപറ്റിയവന്റെ ലക്ഷ്യമോ മാർഗമോ ഒരിക്കലും പിഴക്കുകയില്ല.

അഞ്ച്: നിശ്ചയ ധാർഢ്യവും തികഞ്ഞ പ്രയത്നവും. ഒരു സൽപ്രവർത്തനം ചെയ്യാനുള്ള ഒരു അവസരവും മുഅ്മിനുകൾ പാഴാക്കിക്കളയുകയില്ല. കാരണം അല്ലാഹുവിന്റെ പ്രതിഫലം അവർ പ്രതീക്ഷിക്കുന്നു. തിന്മയുടെ വഴികൾ കണ്ടാൽ അല്ലാഹുവിന്റെ ശിക്ഷയെ ഭയപ്പെട്ടുകൊണ്ട് അവർ അതിൽ നിന്ന് ബഹുദൂരം മാറിപ്പോവാതിരിക്കുകയില്ല. കാരണം, ഈ വിശ്വാസസംഹിതയുടെ അടിത്തറകളിലൊന്ന് അന്ത്യനാളിലുള്ള വിശ്വാസമാണ്. പരലോകത്തിലും അവിടെ ലഭിക്കുന്ന രക്ഷാശിക്ഷകളിലും മുസ്‌ലിംകൾ അടിയുറച്ച് വിശ്വസിക്കുന്നു.

അല്ലാഹു പറയുന്നു: "ഓരോരുത്തർക്കും അവർ പ്രവർത്തിച്ചതനുസരിച്ച് പലപല പദവികളുണ്ട്. നിൻ്റെ റബ്ബ് അവർ ചെയ്തുകൊണ്ടിരിക്കുന്നതിനെക്കുറിച്ച് അശ്രദ്ധനല്ല." (അൽ അൻആം: 132)ഇക്കാര്യം നബി ﷺ

പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. അവിടുന്ന് പറഞ്ഞിരിക്കുന്നു: "ശക്തനായ വിശ്വാസിയാണ് ദുർബലനായ വിശ്വാസിയെക്കാൾ നല്ലതും അല്ലാഹുവിന് കൂടുതൽ ഇഷ്ടമുള്ളവനും. എല്ലാ വിശ്വാസിയിലും നന്മയുണ്ട്. നിനക്ക് ഉപകാരപ്രദമായ കാര്യങ്ങൾ നീ താല്പര്യപൂർവം പ്രവർത്തിക്കുക. അല്ലാഹുവിനോട് സഹായം തേടുകയും ചെയ്യുക. നീ കഴിവുകേട് കാണിക്കരുത്. നിനക്ക് വല്ലമോശമായ കാര്യവും ബാധിച്ചാൽ നീ ഇങ്ങനെ പറയരുത്: ഞാൻ അങ്ങനെ ചെയ്തിരുന്നെങ്കിൽ ഇങ്ങനെ ആകുമായിരുന്നു. മറിച്ച് നീ ഇങ്ങനെ പറയുക: അല്ലാഹു വിധിച്ചതാണിത്, അല്ലാഹു അവനുദ്ദേശിച്ചത് പ്രവർത്തിക്കുന്നു. കാരണം 'എങ്കിൽ' എന്ന വാക്ക് പിശാചിന്റെ പ്രവർത്തനത്തിനുള്ള വാതിൽ തുറക്കുന്നു."(മുസ്‌ലിം)

ആറ്: ദീൻ ഉറപ്പിക്കുന്നതിനും അതിൻറെ അടിത്തറകൾ ഭദ്രമാക്കുന്നതിനുമായി എല്ലാ വിധത്തിലും അധ്വാനിക്കുന്നവരും ആ വഴിയിൽ ബാധിക്കുന്ന പ്രയാസങ്ങളെ തൃണവൽഗണിക്കുന്നവരുമായ ശക്തമായ ഒരു ഉമ്മത്തിനെ രൂപപ്പെടുത്തുന്നു. അല്ലാഹു പറയുന്നത് നോക്കുക:

﴿إِنَّمَا ٱلْمُؤْمِنُونَ ٱلَّذِينَ ءَامَنُوا۟ بِٱللَّهِ وَرَسُولِهِۦ ثُمَّ لَمْ يَرْتَابُوا۟ وَجَٰهَدُوا۟ بِأَمْوَٰلِهِمْ وَأَنفُسِهِمْ فِى سَبِيلِ ٱللَّهِ ۚ أُو۟لَٰٓئِكَ هُمُ ٱلصَّٰدِقُونَ﴾ [الحجرات: ١٥].

"അല്ലാഹുവിലും അവൻ്റെ റസൂലിലും വിശ്വസിക്കുകയും പിന്നെ സംശയിക്കാതിരിക്കുകയും സമ്പത്ത് കൊണ്ടും സ്വദേഹങ്ങൾ കൊണ്ടും അല്ലാഹുവിന്റെ മാർഗത്തിൽ പോരാടുകയും ചെയ്തവരാരോ അവർ മാത്രമാണ് മുഅ്മിനുകൾ. അവർ തന്നെയാണ് സത്യസന്ധരും." (അൽ ഹുജുറാത്: 15).

ഏഴ്: വ്യക്തികളും സമൂഹങ്ങളും നന്മകളിലേക്ക് പരിവർത്തിക്കപ്പെട്ടുകൊണ്ട് ഇഹപര സൗഭാഗ്യം നേടിയെടുക്കുക. അങ്ങനെ ഉന്നതമായ പ്രതിഫലങ്ങളും അനുഗ്രഹങ്ങളും കരസ്ഥമാക്കുക. അല്ലാഹു അക്കാര്യം വിവരിക്കുന്നത് നോക്കൂ:

﴿مَنْ عَمِلَ صَٰلِحًا مِّن ذَكَرٍ أَوْ أُنثَىٰ وَهُوَ مُؤْمِنٌ فَلَنُحْيِيَنَّهُۥ حَيَوٰةً طَيِّبَةً ۖ وَلَنَجْزِيَنَّهُمْ أَجْرَهُم بِأَحْسَنِ مَا كَانُوا۟ يَعْمَلُونَ﴾ [النحل: ٩٧].

"പുരുഷനോ സ്ത്രീയോ ആകട്ടെ; ആരാണോ വിശ്വാസിയായിക്കൊണ്ട് സൽപ്രവർത്തനങ്ങൾ പ്രവർത്തിക്കുന്നത് അവർക്ക് വിശിഷ്ടമായ ഒരു ജീവിതം നാം നൽകുന്നതാണ്. അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിൽ ഏറ്റവും നല്ലതിന് അവരുടെ പ്രതിഫലം നാം നൽകുകയും ചെയ്യുന്നതാണ്." (അന്നഹ്ൽ: 97)

ഇസ്ലാമിക വിശ്വാസത്തിന്റെ ലക്ഷ്യങ്ങളിൽ ചിലതാണ് ഇവിടെ നാം വിവരിച്ചത്. അല്ലാഹു നമുക്കും എല്ലാ മുസ്ലിംകൾക്കും അവ പൂർത്തീകരിച്ചുനൽകുമാറാകട്ടെ. അവൻ അത്യുദാരനാകുന്നു. സർവലോകരക്ഷിതാവായ അല്ലാഹുവിനാകുന്നു എല്ലാ സ്തുതികളും.

മുഹമ്മദ് നബിക്കും കുടുംബത്തിനും അനുചരന്മാർക്കും അല്ലാഹു സ്വലാത്തും സലാമും വർഷിക്കുമാറാകട്ടെ.

ഈ ഗ്രന്ഥം ഇവിടെ പൂർത്തിയാകുന്നു.

മുഹമ്മദ് സ്വാലിഹ് അൽ ഉസൈമീൻ

ഇസ്‌ലാമിക വിശ്വാസ സംഗ്രഹം.................................................1
ആമുഖം..............................................................................2
ഇസ്‌ലാം.............................................................................4
അർകാനുൽ ഇസ്‌ലാം..........................................................10
ഇസ്‌ലാമിക വിശ്വാസത്തിന്റെ അടിത്തറകൾ.........................15
അല്ലാഹുവിലുള്ള വിശ്വാസം................................................16
മലക്കുകളിലുള്ള വിശ്വാസം................................................37
അല്ലാഹുവിൻ്റെ കിതാബുകളിലുള്ള വിശ്വാസം.................43
റസൂലുകളിലുള്ള വിശ്വാസം ...............................................46
അന്ത്യനാളിലുള്ള വിശ്വാസം...............................................55
ഖദറിലുള്ള വിശ്വാസം .......................................................78
ഇസ്‌ലാമിക വിശ്വാസത്തിന്റെ ലക്ഷ്യങ്ങൾ............................92